Activa ക്രിയാപദങ്ങളുടെ ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ, Ego amo virtutem, ഞാൻ പുണ്യത്തെ സ്നേഹിക്കുന്നു. സ്നേഹിക്കുന്നത എന്ന ഒരു പ്രവൃത്തി ചെയ്യുന്നു പുണ്യം എന്നു വിഷയത്തിലുള്ളു കടക്കുന്നു. അതിൻവണ്ണംതന്നെ Ego scribo epistolam ഞാൻ കത്തു എഴുതുന്നു. എഴുതുന്നത എന്ന ഒരു പ്രവൃത്തി എഴുത്തിലുള്ളു കടക്കുയും ചെയ്യുന്നു എന്നതിനെകൊണ്ടു ഒരു രണ്ടു ക്രിയാപദങ്ങളും ഇതുപോലെയുള്ള ശേഷമാകയും Verba activa ആകുന്നു ഇങ്ങനെയുള്ള ക്രിയാപദങ്ങളിൽ ഉണ്ടാകുന്ന പ്രവൃത്തി എടുക്കുന്നു എന്ന കൃത്യം ക്രിയാപദത്തിന്റെ വിഷയം "Objectum verbi" എന്ന വിളിക്കപ്പെടുന്നു.

ചോ: "Verbum Passivum" എന്ന പറയുന്നത എന്താകുന്നു?

ഉ: മെലെഴുതിയ activil നിന്നു ഉൽഭവിക്കുന്നുയെങ്കിലും ചെയ്വെ മറിച്ചുള്ള അർത്ഥമായിരിക്കുന്ന ഒരു വക ക്രിയാപദമാകുന്നു. അതായത മറ്റൊരുത്തനാൽ ചെയ്യപ്പെട്ട പ്രവൃത്തി അനുഭവിക്കുന്നു vel പാടുപെടുന്നു എന്ന കാണിക്കുന്ന Verbaകൾ അത്രെ passiva verba. ഉദാ: Abel occisus fuit a Caino ആബൽ കയിനാൽ കൊല്ലപ്പെട്ടു,

ചോ: Activa Verbaകളുടെ കലാശം എങ്ങനെ?

ഉ: കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ ഒന്നാമത്തെ persona "o" ആയിട്ടും Infinitivus എന്നു പറയുന്ന വിധം "re" ആയിട്ടും അവസാനിക്കുന്നു.

ഉദ: Ego Amo ഞാൻ സ്നേഹിക്കു. Amare സ്നേഹിക്കുന്നത, Ego lego ഞാൻ വായിക്കുന്നു legere വായിക്കുന്നത ശെരിയും.

ചോ; എന്നാൽ Passiva Verba കളുടെ കലാശം എങ്ങനെ?

ഉ: കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ ഒന്നാമത്തെ persona "or" ആയിട്ടു, അർത്തിയില്ലാത്ത വിധം എന്നു പറയുന്ന Infinitivo വിധത്തിൽ "i" ആയിട്ടും അവസാനിക്കയും ചെയ്യുന്നു,

ഉദ: Amor ഞാൻ സ്നേഹിക്കപ്പെടുന്നു. Amari സ്നേഹിക്കപ്പെടുന്നത legor ഞാൻ വായിക്കപ്പെടുന്നു. legi വായിക്കപ്പെടുന്നത.

ചോ: ലത്തീൻഭാഷയിൽ Verba Neutra എന്ന പറയുന്ന ക്രിയാപദങ്ങൾ ഏവകളാകുന്നു?

ഉ: ഒന്നാകിൽ പ്രവൃത്തിയൊന്നും കൃത്തെയാതൊരു വസ്തുവിന്റെ അവസ്ഥ vel സ്ഥിതിപ്രകാരം മാത്രം കാണിക്കുന്നു, അല്ലെങ്കിൽ പ്രവൃത്തി കാണിക്കുന്നുവെങ്കിലും അതു മറ്റൊരാൾ വിഷത്തിലുള്ളു കടക്കാതെ പ്രവൃത്തിക്കുന്നവനിൽ തന്നെ തികയപ്പെട്ടുകയും ചെയ്യുന്നു എന്നു വരുമ്പോഴുക്കയും ആ ക്രിയാപദങ്ങൾ Verba neutra യാകുന്നുവെന്നു ഒർത്തുകൊൾക. ഉദ: Ego sedeo ഞാനിരിക്കുന്നു- Ego jaceo ഞാൻ കിടക്കുന്നു. Ego morior ഞാൻ മരിക്കുന്നു. ഒരു ക്രിയാപദങ്ങൾ മൂന്നാം പ്രവൃത്തിയൊന്നും കാണിക്കുന്നില്ല പിന്നെയും എന്റെ അവസ്ഥപ്രകാരം മാത്രം കാട്ടുകയും ചെയ്യുന്നു. എന്നതിനെകൊണ്ടു ഒരു ക്രിയാപദങ്ങളും ഇപ്പോലെയുള്ളതും Verba neutra കളാകുന്നു. എന്നാൽ ഞാൻ പൊകുന്നു. Ego eo ഞാൻ വരുന്നു. Ego venio ഞാൻ ഉലാത്തുന്നു. Ego deambulo. ഞാനൊടുന്നു Ego curro. ഒരു ക്രിയാപദങ്ങൾ ഞാൻ ചെയ്യുന്ന ഒരൊരു പ്രവൃത്തികളെ കാട്ടുന്നുവെങ്കിലും ആ പ്രവൃത്തികൾ മറ്റൊരുവിഷയത്തിലുള്ളു കടക്കാതെ എന്നിൽതന്നെ തികയപ്പെട്ടുകയും ചെയ്യുന്നു എന്നതിനെകൊണ്ടു ഒരു ക്രിയാപദങ്ങളും ഇപ്പോലെയുള്ള ശേഷമാകയും Neutra ക്രിയാപദങ്ങൾ, vel Verba intransitiva എന്ന വിളിക്കപ്പെടുകയും ചെയ്യുന്നു.

ചോ: ഒരു ക്രിയാപദം Verbum activum, vel Verbum neutrum ആകുന്നു എന്ന എഴുത്തിൽ അറിയുന്നതിന്നു ഉപായമെന്ത?

ഉ: അതിന്റെ ശേഷം "ഒരു വസ്തുവിനെ" എന്ന മൊഴി ആ ക്രിയാപദത്തിന്റെ വിഷയമായിട്ടു കൃത്തമെങ്കിൽ Verbum activum ആകുന്നുവെന്നു നിശ്ചയിച്ചുകൊൾക. കൂടുവാൻ വഹിയാതെയുള്ളവരികിൽ Verbum neutrum ആകുന്നുവെന്നു ഉറെക്കു.

ഉദ : ഒരു വസ്തുവിനെ ഞാൻസ്നേഹിക്കുന്നു, vel വായിക്കുന്നു, vel കൊടുക്കുന്നു &c. ego amo, vel, lego, vel, audio unam rem. ഒരു വസ്തുവിനെ ഞാൻ ചെയ്യുന്നു ego facio unam rem, ഈരണ്ടും ക്രിയാപദങ്ങളും ഇഷ്ടപ്രകാരമുള്ള വാചകമായിട്ടു ചെപ്പുവാൻ പാടുള്ളതൊക്കയും Verba activa കളാകുന്നു.

ഒരു വസ്തുവിനെ ഞാൻപോകുന്നു, ഒരു വസ്തുവിനെ ഞാൻ വരുന്നു, ego eo unam rem, ego venio unam rem, എന്നിങ്ങനെ പറഞ്ഞാൽ ചിരിപ്പിക്കും, തിരികയുമില്ല ഈ രണ്ടും ഇഷ്ടപ്രകാരമുള്ളതൊക്കയും neutra verba കളാകുന്നുവെന്നു തിരിച്ചറിയുകയും ആം.

വിശേഷിച്ചു Neutra verba കളുടെ മേൽ അറിയേണ്ടുന്നതായത, Neutra ക്രിയാപദങ്ങൾ ചിലതൊക്കയും activa ക്രിയാപദങ്ങളെ പോലെയും ചിലത passiva ക്രിയാപദങ്ങളെ പോലെയും അവസാനിക്കയും ചെയ്യുന്നു. ഉദ : cado ഞാൻ വീഴുന്നു, tu cadis നീ വീഴുന്നു. ille cadit അവൻ വീഴുന്നു. cadere വീഴുന്നത, ഇത neutrum verbum ആയിരുന്നാലും activa ക്രിയാപദങ്ങളുടെ മൂന്നാമത്തെ രൂപം ആകുന്ന lego ഞാൻ വായിക്കുന്നു legis നീ വായിക്കുന്നു. legit അവൻ വായിക്കുന്നു. legere വായിക്കുന്നത എന്നതു പോലെ രൂപഭേദപ്പെട്ടുതന്നെ അണ്ടതാകുന്നു.

അതിൻവണ്ണം തന്നെ മെലെഴുതിയ neutrum verbum. Morior ഞാൻ മരിക്കുന്നു. tu morèris നീ മരിക്കുന്നു. mori മരിക്കുന്നത, എന്നത passiva ക്രിയാപദങ്ങളുടെ മൂന്നാമത്തെരൂപമാകുന്ന legor, legeris, legi പോലെ രൂപഭേദംവരുത്തുവാനുള്ളതാകുന്നു.

ചോ : Verba Deponentia എന്നു പറയുന്നത എന്താകുന്നു ?

ഉ : Verbum passivum പോലെ or ആയിട്ട അവസാനിക്കുന്നതായിരുന്നാലും Verbi activi യുടെ അർത്ഥവും ശക്തിയുമുള്ളതായിരിക്കുന്ന ഒരു വക ക്രിയാപദങ്ങൾ അതു Verba deponentia എന്നു പറയുന്നത. പൂർവ്വ കാലത്തിൽ ഒരു വക ക്രിയാപദങ്ങൾക്ക activum, passivum ആയിട്ടുള്ള അർത്ഥങ്ങളായിരുന്നു. എന്നാൽ passivum അർത്ഥം കാലക്രമംകൊണ്ടു ഇടകലർന്നതിനാൽ ഇടുകുന്ന എന്ന അർത്ഥമായിരിക്കുന്ന deponens എന്ന ഒരു പുതിയ ഒരു വക ക്രിയാപദങ്ങൾക്ക ഉണ്ടാകയും ചെയ്തു.

ചോ : ക്രിയാപദങ്ങളിൽ എന്തെല്ലാം സൂക്ഷിപ്പാനുണ്ട ?

ഉ : അനുകൂലങ്ങൾ അതായത, ആളുകൾ, ഉ : എണ്ണങ്ങൾ vel വചനങ്ങൾ, ന. കാലങ്ങൾ, ര : വിധങ്ങൾ ൪ : രൂപഭേദങ്ങൾ. ലത്തീൻ പുസ്തകത്തിൽ ഫ. Personæ, ഉ: Numeri, ന. Tempora, ര. Modi, ൪. Conjugationes.

ചോ : ക്രിയാപദങ്ങളുടെ ആളുകൾ എന്നു പറഞ്ഞത എന്താകുന്നു ?

ഉ : ഞാൻ, നീ, അവൻ എന്ന pronomina കൾ കുറിക്കുന്ന ഒന്നാം, രണ്ടാം, മൂന്നാം persona ഏകവചനത്തിലും, നാം, നിങ്ങൾ, അവർ &c. എന്ന pronomina കൾ കാട്ടുന്ന ഒന്നാം, രണ്ടാം, മൂന്നാം persona ബഹുവചനത്തിലും ഉണ്ടായിരിക്കുന്നുവെന്നും അതത persona യുടെ അവസ്ഥയ്ക്കു തക്കതിൻവണ്ണം ക്രിയാപദങ്ങളിൽ അതതു മൊഴിയുണ്ടെന്നും അറിയേണ്ടതാകുന്നുവെന്നിത മേൽ പറഞ്ഞതിന്റെ സാരമാകുന്നു. ഉദ : Ego amo, ഞാൻ സ്നേഹിക്കുന്നു. ഇത ഏകവചനത്തിന്റെ ഒന്നാമത്തെ pesona, Tu amas നീ സ്നേഹിക്കുന്നു, ഇത രണ്ടാമത്തെ persona. Ille amat അവൻ സ്നേഹിക്കുന്നു, ഇത മൂന്നാമത്തെ persona. അതിൻവണ്ണംതന്നെ ബഹുവചനത്തിൽ Nos amamus നാമും vel നാം സ്നേഹിക്കുന്നു ഇത ബഹുവചനത്തിന്റെ ഒന്നാമത്തെ persona. Vos amatis നിങ്ങൾ സ്നേഹിക്കുന്നു ഇത രണ്ടാമത്തെ persona. Illi amat അവർ സ്നേഹിക്കുന്നു ഇത മൂന്നാമത്തെ persona.

ചോ : ക്രിയാപദങ്ങളുടെ എണ്ണങ്ങൾ vel വചനങ്ങൾ എന്നു പറഞ്ഞതെന്താകുന്നു.

ഉ : ക്രിയപദം ഒരാളിനെ എങ്കിലും ഒരു ഏകവസ്തുവിനെയെങ്കിലും vel ഒരു കൂട്ടം ഏകവസ്തുവായിട്ടെങ്കിലും കാട്ടുമ്പോൾ അതിന്നടുത്ത വചനമുണ്ടെന്നും പല ആളുകളെയെങ്കിലും, പല വസ്തുക്കളെയെങ്കിലും കാട്ടുമ്പോൾ അതിന്നടുത്ത വചനമുണ്ടെന്നും അറി

യിപ്പാൻ വെണ്ടിയത്രെ പറഞ്ഞത. അതായത ഏകവചനവും ബഹുവചനവും ലത്തീൻ ഭാഷയിൽ Numerus Singularis, et Numerus pluralis, ഇങ്ങനെ രണ്ട വചനം. ഉദ : ego amo, tu amas, ille amat. Numerus Singularis vel ഏകവചനമാകുന്നു, അതെന്തെ ഞാൻ, നീ, അവൻ ഒരെ persona യാകുന്നു. Nos amamus, Vos amatis, Illi amant ബഹുവചനമാകുന്നു. അതെന്തെ നാം, നിങ്ങൾ, അവര പല ആളുകളെ കാട്ടുന്നു എന്നതുപോലെ മറ്റു വസ്തുക്കളെ കുറിച്ച പറഞ്ഞു കൊൾക.

ചൊ : ക്രിയാപദങ്ങളുടെ കാലങ്ങൾ എന്നപറഞ്ഞത എത്രയാകുന്നു ?

ഉ : അഞ്ചാകുന്നു. ഒരു സംഗതിയുടെ സംഭവം അഞ്ചവിധമായിട്ട അറിയിക്കുകുന്നതുകൊണ്ടത്രെ അഞ്ച കാലങ്ങൾ ക്രിയാപദങ്ങൾക്ക ഉണ്ടാകുന്നത. അതായത ഒരം നില്ക്കുന്ന കാലത്തിൽ ഉള്ളതായിട്ട ആയത Tempus præsens നില്ക്കുന്ന കാലം. ര. സംഗതി കഴിഞ്ഞതായിട്ട കാട്ടിയാലും വെറിട്ടൊരു സംഗതിയുടെ നേരത്ത മുഴുവനും കഴിഞ്ഞിട്ടില്ലാഞ്ഞു പിന്നെയും ചെയ്യപ്പെട്ടിരുന്ന vel നടന്നിരുന്നുയെന്ന പറയുന്ന കാലം അതായത Præteritum imperfectum ആയത മലയാളയിൽ കഴിഞ്ഞ നടക്കുന്ന കാലം എന്നപെരുപറകയും ആം, ഉദ : Ego scribo ഞാനെഴുന്നു എന്ന പറഞ്ഞാൽ ഒരം തൽകാലത്തിൽ ചെയ്യുന്ന പ്രവൃത്തിയാകുന്നുവെന്ന അറിയിക്കുന്നതിനാൽ നില്ക്കുന്ന കാലമാകുന്നുവെന്ന ഉടനെ തിരികയുംചെയ്യും.

എന്നാൽ Ego scribebam ഞാൻ എഴുതുകയായിരുന്നു എന്ന പറഞ്ഞാൽ കഴിഞ്ഞ ഒരു സംഗതിയെകുറിച്ച പറയുന്നുവെങ്കിലും ആ പ്രവൃത്തി, അതായത എഴുത്ത കഴിഞ്ഞിട്ടില്ലാഞ്ഞുവെന്ന തിരികയും ചെയ്യുന്നതിനാൽകൊണ്ട കഴിഞ്ഞനടക്കുന്ന കാലം എന്നുള്ള പേര ശരിയായിരിക്കുന്നു.

നാമത്തെ കാലം Præteritum perfectum എന്ന ലത്തീൻപെച്ചിൽ പറയുന്ന കാവില്ലാത്ത കഴിഞ്ഞകാലം. പറയുന്ന സംഗതി മുഴുവനും കഴിഞ്ഞുവെന്ന തിരിച്ച കാണിക്കയും ചെയ്യുന്നതാകുന്നു. ഉദ : Ego scripsi ഞാൻ എഴുതി. Ille heri venit അവൻ ഇന്നലെ വന്നു. നീ കഴിഞ്ഞ ആണ്ടിൽ പോയി Tu anno præterito ivisti &c.

രാമത്തെ കാലം Præteritum plusquam perfectum എന്ന ലത്തീൻ പെച്ചിൽ പറയുന്നതമലയാളയിൽ കഴിഞ്ഞ മറ്റൊന്നിന മുമ്പിൽ കഴിഞ്ഞകാലം എന്ന പാകയും ആം. ഉദ : നീ വരുന്നതിന മുമ്പിൽ, ഞാൻ ഇതു ചെയ്തുണ്ടായിരുന്നു antequam tu venires, ego hoc feceram &c.

മൂന്നാമത്തെ കാലമാകുന്ന Tempus futurum എന്നത ഒരു സംഗതി വരുവാനിരിക്കുന്നുവെന്ന കാണിക്കയും ചെയ്യുന്നു. ഉദ : ഞാൻ സ്നേഹിക്കും ego amabo. ഞാൻ നാളെപോകും ego cras ibo &c.

എന്നാൽ വ്യാകരണങ്ങളിൽ രണ്ടാമത്തെ ഒരു വരും കാലം കാണ്മാനുണ്ട ആയത. Futurum Subjunctivi, vel Futurum præteritum എന്നവിളിച്ചുവരുന്നു. ഇതിനാൽ കാട്ടപ്പെട്ടുന്ന സംഗതി വരുവാനിരിക്കുന്നതാകുന്നുവെങ്കിലും വെറിട്ടൊരു കായ്യം ചെയ്യുവീരുന്നതിന മുമ്പിൽ അതു കഴിഞ്ഞിരിക്കും എന്ന കാട്ടുകയും ചെയ്യുന്നു. ഉദ. നീ വരുന്നതിന മുമ്പിൽ ഞാൻ ഇതു ചെയ്തിരിക്കും antequam venias, vel veneris, ego hoc fecero.

ചൊ : ക്രിയാപദങ്ങളുടെ വിധങ്ങൾ എത്രയാകുന്നു ?

ഉ : നാല. അതായത Modus Indicativus, കാട്ടുന്ന വിധം. ര, Modus Imperativus കല്പിക്കുന്ന വിധം. മൂ, Modus Subjunctivus ആഗ്രഹം, അനുവാദം, മറ്റും കാട്ടുന്ന വിധം. ഭ, Modus Infinitivus, vel Infinitus അവതിയില്ലാത്ത വിധം.

ചൊ : ക്രിയാപദങ്ങളുടെ പ്രയോഗത്തിൽ ഒരം നാല്വവിധങ്ങൾകൊണ്ട എന്തൊരു ആവശ്യം ?

ഉ : യാതൊരു കായ്യം പറയുമ്പോൾ അതിനെ കാട്ടുന്ന ക്രിയാപദം പലവിധമാ

യിട്ട കാട്ടുമെന്നതിനെകൊണ്ട അ വിധത്തെളെക്കയും, കാട്ടുവാൻ ഒരു വിധത്തിലും അവശ്യമില്ലാതായിരിക്കുന്ന അതെങ്ങനെയെന്നാൽ ഒരു സംഗതിയെ നിശ്ചയമില്ലാതായിട്ട കാട്ടുന്നതിന്ന Modus Indicativus വെണ്ടിയിരിക്കുന്ന. ഉദ: Ego amo ഞാൻ സ്നേഹിക്കുന്നു, ego amavi ഞാൻ സ്നേഹിച്ചു. ego amabo ഞാൻ സ്നേഹിക്കും. &c.

എന്നാൽ ക്രിയാപദം ചിലപ്പോൾ കല്പിക്കുന്നതായിട്ട പ്രയോഗിക്കേണ്ടതാകയാൽ ഇതിന്ന Modus Imperativus അതായത കല്പിക്കുന്ന വിധം വെണ്ടിയിരിക്കുന്നു. ഉദ: Ama vel amato tu നീ സ്നേഹിക്ക, amate vel amatote vos നിങ്ങൾ സ്നേഹിപ്പിൻ.

അതിൻവണ്ണംതന്നെ അപേക്ഷയായിട്ടും, അനുവാദമായിട്ടും, ആഗ്രഹമായിട്ടും, വശമായിട്ടും യാതൊന്നു കാട്ടണമെങ്കിൽ ക്രിയാപദത്തിന്റെ ഒരു വിശേഷ വിധം വെണ്ടിയിരിക്കുന്നു. ആയത Subjunctivus modus, vel modus potentialis, vel Optativus modus എന്ന വിളിക്കപ്പെടുന്നു. ഇത മലയാഴ്മ പെട്ടിൽഇല്ലയെന്നു പറയാം ഇതു ചെതുവായിട്ട ക്രിയാപദങ്ങളുടെ രൂപങ്ങളിൽ ഒരു വിധത്തിന്റെ കാലങ്ങളിൽ മലയാഴ്മ അർത്ഥം കാണിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ സൂക്ഷ്മമുള്ള പ്രയോഗം ഉദാഹരണങ്ങളാലും അഭ്യാസം കൊണ്ടും ഗ്രഹിക്കേണ്ടതാകുന്നുവെന്ന ഒർത്തുകൊൾക. ഇതിന്നുദാത്ത ചില ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ, ego amem ഞാൻ സ്നേഹിക്കട്ടെ, ego amarem സ്നേഹിക്കുമായിരുന്നു, ut amem സ്നേഹിക്കുന്നതിന്ന, si amarem നാൻ സ്നേഹിച്ചിരുന്നാൽ, quamvis amem, ഞാൻ സ്നേഹിച്ചാലും, utinam amem, സ്നേഹിച്ചാൽ കൊള്ളായിരുന്നു. ഒരു വിധത്തിന്റെ കഴിഞ്ഞകാലം amaverim ഞാൻ സ്നേഹിച്ചിരിക്കട്ടെ എന്നാകുന്നു. Si amaverim ഞാൻ സ്നേഹിച്ചുയെങ്കിൽ, utinam amaverim ഞാൻ സ്നേഹിച്ചിരുന്നെങ്കിൽ കൊള്ളായിരുന്നു. ഇതിന്റെ plusquam perfectum, amavissem ഞാൻ സ്നേഹിച്ചിട്ടുണ്ടായിരിക്കട്ടെ, vel സ്നേഹിച്ചെന്ന എന്നാകുന്നു. ഉദ: Si ille amavisset Deum non ivisset ad infernum അവൻസൎവ്വേശ്വരനെ സ്നേഹിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ നരകത്തിൽ പൊകാഞ്ഞുനെ. &c.

കടശി ഒരു സംഗതി ആജ്ഞാവചനവും കൂടാതെ ആകുമാനമായിട്ട കാട്ടുന്നതെങ്കിൽ ക്രിയാപദത്തിന്റെ ഒരു വിശേഷ വിധം വെണ്ടിയിരിക്കുന്നു ഒരു വിധം അതെ Infinitivus അതായത അനുതിയില്ലാത്തെ വിധം എന്നുപറയുന്നത. ഉദ: Amare സ്നേഹിക്കുന്നത, സ്നേഹിക്കയിരുന്നത, സ്നേഹിപ്പാൻ, സ്നേഹിക്കുന്നുയെന്ന ഇതിനൊട്ട ഏതാനും എങ്കിലും ഏതുവചനത്തിലുള്ള ആൾ എങ്കിലും ചെൎക്കാം. Amare Deum vita beata സൎവ്വേശ്വരനെ സ്നേഹിക്കുന്നത ഭാഗ്യപ്പെട്ട ജീവിതം, me amare ഞാൻ സ്നേഹിക്കുന്നുയെന്ന. te amare നീ സ്നേഹിക്കുന്നുയെന്ന, Nos amare നാം സ്നേഹിക്കുന്നുയെന്ന, illos amare അവരെ സ്നേഹിക്കുന്നുയെന്ന, കഴിഞ്ഞകാലത്തോട്ടും കഴിഞ്ഞ മറെറാന്നിന്നുമ്പിൽ കഴിഞ്ഞതിനൊട്ട ചെൎന്നതായിട്ട ഒരുമൈഴിയുമുണ്ട. അതായത amavisse സ്നേഹിച്ചുയെന്ന, സ്നേഹിച്ചിട്ടുണ്ടായിരുന്നുയെന്ന. &c.

ചൊ: ക്രിയാപദങ്ങളുടെ Conjugationes ഏന്നു പറഞ്ഞത എന്താകുന്നു ?

ഉ: മെലെഴുതിയതിൻവണ്ണം പല ആളുകളായിട്ടും, വചനങ്ങളായിട്ടും വിധങ്ങളായിട്ടും കാലങ്ങളായിട്ടും ഒരു ക്രിയാപദം തിരിച്ചു കാട്ടുന്നതത്രെ conjugatio എന്നു പറയുന്നത. മലയാഴ്മയിൽ ക്രിയാപദങ്ങളുടെ രൂപങ്ങൾ, vel രൂപമാല എന്നു പറയാം.

ചൊ: എന്നാൽ ഇങ്ങനെയുള്ള രൂപങ്ങൾ എത്രയാകുന്നു ?

ഉ: Activa ആയിട്ട നാലാകുന്നു. അതുപോലെയും Passivaയിട്ടുള്ളത ഏതാനും ക്രമമില്ലാത്ത ക്രിയാപദങ്ങൾ ഒഴികെ ശെഷമൊക്കയും ഒരു നാല രൂപങ്ങളിൽ ഒന്നിൽ ചെരുന്നു ആയ്തുപൊലെ രൂപഭെദം വരുത്തുവാനുള്ളതുകുന്നു.

ചൊ: ഒരു ക്രിയാപദം ഒരു നാലു രൂപങ്ങളിൽ വെച്ച ഏതുരൂപത്തിൽ ചെന്നതാകുന്നു എന്ന അറിവാൻ ഉപായമെന്തു ?

ഉ: കാട്ടുന്ന വിധത്തിന്റെ നിലുന്ന വിധത്തിന്റെ രണ്ടാമത്തെ personaയുടെ കലാശവും Infinitiviന്റെ കലാശവും നൊക്കിയാൽ അറിയാം. ഉദ: നാലു രൂപങ്ങളിൽ ഒന്നാമത്തെതാകുന്ന amo ഞാൻ സ്നേഹിക്കുന്നു. രണ്ടാമത്തെ personaയുടെ കലാശം

"as" എന്നാകുന്നു. tu amas നീ സ്നേഹിക്കുന്നു. Infinitiviന്റെ കളാശ "are" എന്നാകുന്നു. amare സ്നേഹിക്കുന്നത, എന്നാൽ രണ്ടാമത്തെ രൂപത്തിന്റെ കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ രണ്ടാമത്തെ persona "es" ആയിട്ട അവസാനിക്കുന്നു. ഉദ: Mones നീ ഗ്രഹണമാക്കുന്നു. Infinitivus വിധം ere ആയിട്ട അവസാനിക്കയും ചെയ്യുന്നു. ഉദ; Monere ഗ്രഹണമാക്കുന്നത.

മൂന്നാമത്തെ രൂപത്തിന്റെ കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ രണ്ടാമത്തെ persona is ആയിട്ട അവസാനിക്കുന്നു. ഉദ. Legis നീ വായിക്കുന്നു, Infinitivus വിധം രണ്ടാമത്തെ രൂപത്തിലെ ere ആയിട്ട അവസാനിക്കുന്നതായിരുന്നാലും Monére എന്നതിന്റെ മുമ്പിലത്തെ é നീങ്ങിയതു മൂന്നാമത്തെ രൂപത്തിന്റെ മുമ്പിലത്തെ e, കുറുകിയതുമായിരിക്കുന്നു. ഉദ: Legêre വായിക്കുന്നത.

നാലാമത്തെ രൂപത്തിന്റെ കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ രണ്ടാമത്തെ persona മൂന്നാമത്തെ രൂപത്തിന്റെയുപൊലെ is ആയിട്ട അവസാനിക്കുന്നു. ഉദ: audis നീ കൊൾക്കുന്നു, എന്നാൽ Infinittvus വിധം ire ആയിട്ട അവസാനിക്കുന്നു. ഉദ: audire കൊൾക്കുന്നത.

ഇവയൊക്കയും സൂക്ഷിക്കുമ്പൊൾ ഒന്നാമത്തെ രൂപം പൊലെ രൂപഭേദം വരുത്തെണ്ടുന്ന ക്രിയാപദങ്ങളെയും നാലാമത്തെയുപൊലെ രൂപഭേദം വരുത്തുവാനുള്ളതും അറിയുന്നതിന്ന Infinitivus വിധം മാത്രം സൂക്ഷിച്ചാൽ മതിയാകും അതായത ഒരു ക്രിയാപദത്തിന്റെ Infinitivus വിധം are ആയിട്ട അവസാനിക്കുന്നത കാണുമ്പൊൾ ഒന്നാമത്തെ രൂപമാകുന്ന Amo, as, amare പൊലെയുള്ളതാകുന്നുവെന്ന നിശ്ചയിക്കാം അതിൻവണ്ണ്ണം ഒരു ക്രിയാപദത്തിന്റെ Infinitivus വിധം ire ആയിട്ട അവസാനിക്കുന്നതകണ്ടാൽ ആ ക്രിയാപദം നാലാമത്തെ രൂപമാകുന്ന audio, is, audire പൊലെ രൂപഭേദം വരുത്തെണ്ടതാകുന്നുവെന്ന അറികയുംചെയ്യാം

എന്നാൽ രണ്ടാമത്തെ രൂപത്തിലും മൂന്നാമത്തെതിലും ചെന്ന ക്രിയാപദങ്ങളെ തിരിച്ചറിയുന്നതിന്ന പ്രത്യെകം കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ രണ്ടാമത്തെ personaയുടെ രൂപം സൂക്ഷിക്കെണ്ടതാകുന്നു.

ക്രിയാപദങ്ങൾ സംസാരത്തിൽ പ്രധാനമായിട്ടുള്ള ക്രിയകൊണ്ടും ഇടവിടാതെ പ്രയൊഗിക്കെണ്ടുന്നതാകകൊണ്ടും ക്രിയാപദങ്ങളുടെ രൂപങ്ങളെ വിശെഷമായിട്ട പഠിപ്പാൻ ആവശ്യമായിരിക്കുന്നു. എന്നതിനെകൊണ്ട ശിക്ഷ്യരെ നിർമ്മൽ വിശെഷതാല്പൎയ്യം വെച്ച ഏതുക്രിയാപദം കെട്ടാലും കണ്ടാലും അതിന്നടുത്ത രൂപം ഇന്നതാകുന്നുവെന്ന ഉടനെ അറിവാനും ആ രൂപം പൊലെ എല്ലാവിധങ്ങളിലായിട്ടും കാലങ്ങളിലായിട്ടും personaകളിലായിട്ടും രൂപം ചൊല്ലികൊടുപ്പാൻ കഴിയുന്നതിന്ന ആസ്ഥമായിരിപ്പാൻ തക്കതിൻവണ്ണം എഴുതുവാൻ പൊകുന്ന രൂപങ്ങളെ പഠിക്കയും വെണം.

താഴെ കാണിപ്പാൻ പൊകുന്ന ക്രിയാപദങ്ങൾക്കൊക്കെയും മാതൃകയായിരിക്കുന്ന നാലു രൂപംപൊലെയല്ലാതെ ചിലതിൽ വ്യത്യാസമായിട്ട വരുന്നയാതൊരു ക്രിയാപദം കണ്ടാൽ അതു ക്രമമില്ലാത്ത ക്രിയാപദമാകുന്നുവെന്ന ഓൎത്തുകൊൾക.

എന്നാൽ മെൽ കാണിച്ചിരിക്കുന്ന ക്രിയാപദങ്ങളുടെ നാലു രൂപങ്ങളെ കാട്ടുന്നതിന്ന മുമ്പിൽ Sum, es, est, ആകുന്നു എന്ന സഹായക്രിയാപദത്തിന്റെ രൂപം പഠിപ്പാൻ ആവശ്യമായിരിക്കുന്നു ഒരു ക്രിയാപദം സഹായക്രിയ എന്ന വിളിക്കപ്പെടുന്നു. ആയത എന്തുകൊണ്ടെന്നാൽ പലക്രിയപദങ്ങളെ ചില വിധങ്ങളിലും കാലങ്ങളിലും രൂപഭേദം വരുത്തുന്നതിന്ന സഹായിക്കയും ചെയ്യുന്നു. പ്രത്യെകം Passiva ക്രിയാപദങ്ങളിൽ ഇടവിടാതെ എന്നപൊലെ പ്രയൊഗിക്കെണ്ടതകകൊണ്ടും ക്രിയാപദത്തിന്റെ വിധവും കാലവും ഒരു ക്രിയാപദത്തിന്റെ വിധവും കാലവും കൊണ്ട നിശ്ചയിക്കപ്പെടുന്നതാകയാലും ഇതിന്റെ രൂപം ഏറെം നല്ലവണ്ണം മനസ്സിൽ പതിക്കുന്നതിന്ന ശിക്ഷ്യരെ ഉത്സാഹിക്കയും വെണം.

CONJUGATIO VERBI

SUBSTANTIVI, ET AUXILIARIS

„SUM„ ES„ EST„

Sum „ ഞാനാകുന്നു „ എന്ന Substantivum സഹായ ക്രിയാപദത്തിന്റെ രൂപം.

MODUS INDICATIVUS.

കാട്ടുന്നവിധം.

Tempus Præsens നില്ക്കുന്ന കാലം

NUMERUS SINGULARIS. ഏകവചനം.

Pers. 1a.	Ego sum,	ഞാനാകുന്നു
2a.	Tu es,	നീയാകുന്നു
3a.	Ille est	അവൻ ആകുന്നു
	Illa est	അവൾ ആകുന്നു
	Illud est	അതാകുന്നു

NUMERUS PLURALIS ബഹുവചനം.

1a.	Nos sumus	ഞങ്ങൾ ആകുന്നു
2a.	Vos estis	നിങ്ങൾ ആകുന്നു
3a.	Illi vel, Illæ Illa } sunt	അവർ, അവ ആകുന്നു.

Præteritum imperfectum

കഴിഞ്ഞനടക്കുന്ന കാലം

Ego eram	ഞാനായിരുന്നു
Tu eras	നീ ആയിരുന്നു
Ille erat	അവൻ ആയിരുന്നു
Nos eramus	ഞങ്ങൾ ആയിരുന്നു
Vos eratis	നിങ്ങൾ ആയിരുന്നു
Illi erant	അവരായിരുന്നു

Præteritum perfectum.

കഴിഞ്ഞ കാലം.

Ego fui,	ഞാൻ ആയി
Tu fuisti,	നീ ആയി
Ille fuit,	അവൻ ആയി
Nos fuimus,	ഞങ്ങൾ ആയി
Vos fuistis,	നിങ്ങൾ ആയി
Illi fuèrunt vel fuere	അവര ആയി

Præteritum.
plus quam perfectum.

കഴിഞ്ഞമറ്റൊന്നിനു മുമ്പിൽ കഴിഞ്ഞകാലം

Ego Fueram,	ഞാൻ ആയിട്ടുണ്ടായിരുന്നു
Tu fueras	നീയായിട്ടുണ്ടായിരുന്നു
Ille fuerat,	അവനായിട്ടുണ്ടായിരുന്നു
Nos fueramus,	നാം ആയിട്ടുണ്ടായിരുന്നു
Vos fueratis	നിങ്ങൾ ,,
Illi fuerant	അവരായിട്ടുണ്ടായിരുന്നു

Futurum.

വരുംകാലം

Ego ero	ഞാൻ ആകും
Tu eris	നീയാകും
Ille erit	അവൻ ആകും
Nos erimus	ഞങ്ങൾ ആകും
Vos eritis	നിങ്ങൾആകും
Illi erunt	അവര ആകും

Modus subjunctivus.

ആഗ്രഹം, അങ്ങനെയാകട്ടെ മറ്റും കാട്ടുന്നവിധം.

Tempus præsens നില്ക്കുന്ന കാലം

ഒരു വിധത്തിന്മേൽനിന്നു എഴുതിയത കൊണ്ടു ആകാകട്ടെ.

Ego sim ഞാൻ ആകട്ടെ, ut ego sim ഞാൻ ആകുന്നതിന, Quamvis sim ഞാൻ ആയിരുന്നാലും &c.

Tu sis	നീയാകട്ടെ
Ille sit	അവൻ ആകട്ടെ
Nos simus	ഞങ്ങൾ ആകട്ടെ
Vos sitis	നിങ്ങൾആകട്ടെ
Illi sint	അവരാകട്ടെ

Cum sim infirmus venire non possum ഇന്നിക്ക ചടപ്പായിരിക്കുകയാൽ, vel ഇന്നിക്ക ദീനമുണ്ടായിരിക്കുകൊണ്ട വരുവാൻ ഞാൻ വശമാകുന്നില്ല.

Præt. imperfectum കഴിഞ്ഞ നടക്കുന്ന കാലം.

Utinamessem ഞാൻ ആയിരുന്നാൽ കൊള്ളായിരുന്നു ut essem ഞാൻ ആകുന്നതിന്ന &c.

Ego essem, ഞാൻ ആകുമായിരുന്നു Si ego non peccavissem, nunc sanctus essem, ഞാൻ പിഴച്ചില്ലെങ്കിൽ ഇപ്പോൾ പുണ്യവാൻ ആകുമായിരുന്നു vel ആകുമായിരുന്നെന.

N. pl. Simus നാം ആകുന്നതിനും
Este, vel estote, നിങ്ങൾ
sunto അവർ.

Tu	esses,	നീയാകുമായിരുന്ന
Ille	esset,	അവൻ ആകുമായിരുന്ന
Nos	essemus,	ഞങ്ങൾ ആകുമായിരുന്ന
Vos	essetis,	നിങ്ങൾ ,,
Illi	essent,	അവര ,,

Præt. perfectum.

കഴിഞ്ഞ കാലം.

Ego	fuerim,	ഞാൻ ഇരുന്നിരിക്കട്ടെ
Cumego	fuerim	ഞാൻ ഇരുന്നിരിക്കയിൽ
Tu	fueris,	നീ ഇരുന്നിരിക്കട്ടെ
Ille	fuerit,	അവൻ ,,
Nos	fuerimus	ഞങ്ങൾ ,,
Vos	fueritis,	നിങ്ങൾ ,,
Illi	fuerint,	അവര ,,

Cum tu semper fueris bonus ne timeas നീ എല്ലാപ്പോഴും നല്ലവനായിരുന്നിരിക്കയിൽ ഭയപ്പെടേണ്ട.

Præteritum plusquam perfectum.

കഴിഞ്ഞ മറ്റൊന്നിന മുമ്പിൽ കഴിഞ്ഞകാലം.

Ego fuissem, ഞാൻ ആയിട്ടുണ്ടായിരിക്കട്ടെ ആയെന്നെ.

Tu fuisses,	നീ	ആയിട്ടുണ്ടാ
Ille fuisset,	അവൻ &c.	യിരിക്കട്ടെ&c
Nos fuissemus,	ഞങ്ങൾ	ആയിട്ടു
Vos fuissetis,	നിങ്ങൾ	ണ്ടായി
Illi illæ illa fuissent	അവര	രിക്കട്ടെ

ആയിട്ടുണ്ടായിരുന്നെന്നെ &c.

Cum ego fuissem ഞാൻ ആയിട്ടുണ്ടായിരിക്കയിൽ &c.

Cum tu fuisses, നീയായിട്ടുണ്ടായിരിക്കയിൽ si tu fuisses hic ego fuissem tecum, നീ ഇവിടെ ആയിരുന്നുയെങ്കിൽ ഞാൻ നിന്നോടുകൂടെ ആയെന്നെ.

FUTURUM SUBJUNCTIVI

vel futurum præteritum.

Subjunctivi ൻെറ വരും കാലം, vel കഴിഞ്ഞ വരും കാലം.

Ego	fuero,	ഞാൻ ആയിരിക്കും
Tu	fueris	നീ ആയിരിക്കും, vel
Ille	fuerit	അവൻ ആയിട്ടുണ്ടായിരിക്കും
Nos	fuerimus,	ഞങ്ങൾ ആയിട്ടുണ്ടാ
Vos	fueritis,	നിങ്ങൾ യിരിക്കും
Illi	fuerint,	അവര

Imperativus കല്പിക്കുന്നവിധം

N. Sing. Es, vel esto നീ ആകുക
Esto, അവൻ ആകട്ടെ

MODUS INFINITIVUS.

അവധിയില്ലാത്ത വിധം.

Tempus Præsens et Imperfectum

നില്ക്കുന്ന കാലവും കഴിഞ്ഞ കാലവും.

Esse ആകുന്നത.

ആകുന്നുയെന്ന ആയിരുന്നത ആയിരുന്ന എന്ന

Me	esse,	ഞാൻ ആകുന്നുയെന്ന
Te	esse,	നീ ആകുന്നുയെന്ന
Illum	esse	അവനെ vel, ആയിരുന്നുയെന്ന.

Ego scio, te esse prudentem, നീ വിവെകമുള്ളവനാകുന്നുവെന്ന ഞാൻ അറിയുന്നു

Præteritum perfectum, et plusquam perfectum.

കഴിഞ്ഞകാലവും കഴിഞ്ഞ മറ്റൊന്നിന മുമ്പിൽ കഴിഞ്ഞതു.

Fuisse ആയത.

ആയിട്ടുണ്ടായിരുന്നത ആയിയെന്ന, &c.

Me, te, illum &c. fuisse, ഞാൻ നീ അവൻ &c. ആയിയെന്ന, ആയിട്ടുണ്ടായിരുന്നുയെന്ന

Ego scio illum fuisse sanctum അവൻ പുണ്യവാനായിയെന്ന ഞാൻ അറിഞ്ഞിരിക്കുന്നു.

FUTURUM SIMPLEX

വരും കാലം

Fore, vel Futurum esse, ആകുവാൻ നിരിക്കുന്നത, ആകുമെന്ന,

Fore എന്നതിന പകരുള്ളതു futurum എന്നത പെരിൻെറ വ്യുല്പത്തി വചനമുപോലെ പകരപ്പെട്ടതു. ഉദ: നീ വിവെകമുള്ളവനാകുമെന്ന ഞാൻ ശരണപ്പെടുന്നു ego spero te fore prudentem, vel futurum esse prudentem. അവൾ വിവെകമുള്ളവളാകുമെന്ന ഞാൻ ശരണപ്പെടുന്നു. ego spero illam fore prudentem, vel futuram esse prudentem.

FUTURUM MIXTUM.

കലർപ്പുള്ള futurum.

Futurum fuisse, ആകുവാനിരുന്നത, ആകുവാനിരുന്നുയെന്ന.

Ego sperabam te futurum fuisse medicum, നീ വൈദ്യനാകുവാനിരുന്നു യെന്ന ഞാൻ ശരണപ്പെട്ടുകയായിരുന്നു.

PARTICIPIUM FUTURI.

വരും കാലത്തിന്റെ participium.

Futurus, a, um, ആകുവാനിരിക്കുന്ന- വൻ. വൾ. ത. ആകുകയുള്ള &c.

Sum, es, est എന്ന ഒരു ക്രിയാപദത്തിന്ന ഒരു participium മാത്രമെയുള്ളു.

ഒരു ക്രിയാപദംപൊലെ രൂപഭേദം വരുത്തുവാനുള്ളതും

Sum, es, est കൂട്ടിയുണ്ടാക്കപ്പെട്ടതുമായ

ക്രിയാപദങ്ങളുടെ കൂടിപ്പ.

Absum, es, fui, abesse,	അകന്നിരിക്കുന്നു.
Adsum, ades, adfui, adesse,	ഉണ്ടായിരിക്കുന്നു, കൂടിയിരിക്കുന്നു
Desum, dees, defui, deesse,	ഇല്ലാതിരിക്കുന്നു, പൊരാതായിപരുന്നു
Intersum, es, fui, interesse,	കൂടുന്നു, വല്ല കാര്യത്തിന്ന vel സംഘത്തിന്ന കൂടുന്നത.
Obsum, es, fui, obesse,	ഉപദ്രവിക്കുന്നു, കെടായിരിക്കുന്നു
Præsum præes, præfui, præesse,	തലവനായിരിക്കുന്നു, അധികാരിയായിരിക്കുന്നു.
Subsum, Subes (præt നടപ്പില്ല) subesse,	കീഴിലിരിക്കുന്നു, കീഴ്പ്പെടുന്നു, ഒളിച്ചിരിക്കുന്നു
Supersum, superes, superfui, superesse	ശേഷിക്കുന്നു, പിന്നാലെ ജീവിക്കുന്നു
Possum വശമാകുന്നു, Prosum,	ഞാൻ ഉപകരിക്കുന്നു. ക്രമമില്ലാത്ത ക്രിയാപദങ്ങളുടെ കൂട്ടത്തിൽ കാൺക.

DE CONJUGATIONIBUS VERBORUM ACTIVORUM.

Activa ക്രിയാപദങ്ങളുടെ രൂപമലകളുടെമെൽ.

എല്ലാ ക്രിയാപദങ്ങളെ രൂപഭേദം വരുത്തുന്നതിന്ന മാതൃകയായിരിക്കുന്ന Activa ക്രിയാപദങ്ങളുടെ നാല രൂപങ്ങളുടെ പദങ്ങളെ ഇതിന്റെതാഴെ എഴുതിയതിന്റെ ശേഷം, ഒരു നാല രൂപങ്ങളിൽ ഒടുക്കിച്ച നാല Passiva ക്രിയാപദങ്ങളുടെ രൂപങ്ങളെ കൊടുക്കയും ആം. ആയതിൻവണ്ണം ക്രമെണ Neutra ക്രിയാപദങ്ങളെയും, Deponentia ക്രിയാപദങ്ങളെയും, Communia ക്രിയാപദങ്ങളെയും രൂപഭേദം വരുത്തുവാനുള്ളതിന്ന തക്കതായപടങ്ങളെയും കൊടുക്കയും ആം.

സാക്ഷാൽ പറഞ്ഞാൽ Neutra ക്രിയാപദങ്ങളുടെ രൂപങ്ങളെയും, Deponentia ക്രിയാപദങ്ങളുടെയും Communia എന്നതിന്റെയും രൂപങ്ങളെയും കാട്ടുന്ന പട്ടങ്ങളെ തിരിച്ചെഴുതുവാൻ ആവശ്യമില്ലായ്കയാൽ. അതതിന്റെ മേൽ എഴുതിയ Activa ക്രിയാപദങ്ങളുടെ രൂപങ്ങളിൽവെച്ച ഒന്നിൽ എങ്കിലും, Passiva ക്രിയാപദങ്ങളുടെ നാല രൂപങ്ങളിൽ ഒന്നിൽയെങ്കിലും ചെയ്യും.

എന്നാൽ ശിഷ്യരുടെ പ്രയോജനത്തിന്ന തിരിച്ചുകാട്ടുന്നതെന്തു ഏറ്റം നല്ലതെന്ന നമുക്കു തോന്നിയിരിക്കകൊണ്ടു ഓരോവകയിൽ ഏതാനുമെങ്കിലും കാട്ടുകയും ആം.

കടശി ക്രമമില്ലാത്ത ക്രിയാപദങ്ങളുടെ രൂപങ്ങളെയും കാട്ടുകയും ആം.

ഇതിനാൽ "Irregularia" എന്നപറയുന്ന ക്രമമില്ലാത്ത ക്രിയാപദങ്ങടെയും ഒരു വകയിൽചേർന്ന, ഊനക്രിയകൾ എന്നപറയുന്ന Defectiva ക്രിയാപദങ്ങളുടെ രൂപമാലകളിൽ വരുന്ന വ്യത്യാസങ്ങളെ ഒരുമിച്ചുകൊണ്ടു കണ്ടറിവാൻള്ളതിന്ന ഇടവരികയുംചെയ്യും.

ക്രിയാപദങ്ങളുടെ രൂപങ്ങളെ ഏറ്റം എളുപ്പത്തിൽ ഒപ്പിച്ചതിയുന്നതിന്ന സഹായികുന്ന ചില അറിവുകൾ ആകുന്നതെന്തെന്നാൽ.

൧. Infinitivi വിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ ഒടുക്കത്തെ അക്ഷരങ്ങൾ ആകുന്ന "re" നീക്കിയശേഷം കല്പിക്കുന്ന വിധത്തിന്റെ ഏകവചനത്തിന്റെ രണ്ടാമത്തെ Persona ഉണ്ടാക്കും. ഉദ: Ama re സ്നേഹിക്കുന്നത, Imperativus, Ama നീ സ്നേഹിക്ക, Moné re. ഗുണമൊക്കിക്കുന്നത, Mone നീ ഗുണമൊക്കിക്ക, Legere, വായിക്കുന്നത, Lege, നീ വായിക്ക, Audire, കൊൾക്കുന്നത, Audi നീ കൊൾക്ക, എന്നാൽ dico ഞാൻ ചൊല്ലുന്നു, duco, കൂട്ടികൊണ്ടുപോകുന്നു, &c., facio ഞാൻചെയ്യുന്നു എന്ന ക്രിയാപദങ്ങളുടെ Imperativus ഒരു കാലനാമയിൽ ചേരുകയില്ല, ആയത ഒരു വണ്ണമാകും, dic, നീ ചൊല്ലുക, duc. നീ നടത്തുക vel കൂട്ടികൊണ്ടുപോക, Fac, നീ ചെയ്യുവകകൊണ്ടുണ്ടാക്കപ്പെട്ട ക്രിയാപദങ്ങളുടെ Imperativus ഒരു വണ്ണംതന്നെയാകും എന്നവരികിലും facio എന്നതൊഴിഞ്ഞു ficio എന്നായിട്ട വരുന്നതിൽ മേൽ എഴുതിയ കാലനാമപ്പോലെയാകും. ഉദ: Conficio, Imperativus, Confice, എന്നതുപോലെ Interficio ഞാൻ കൊല്ലുന്നു, interfice, നീ കൊല്ലുക.

൨. ഇതിനാൽ കാണിച്ചിരിക്കുന്ന കല്പിക്കുന്ന വിധത്തിന്ന "bam" എന്ന അക്ഷരങ്ങളെ കൂട്ടിയാൽ കാട്ടുന്ന വിധത്തിന്റെ കഴിഞ്ഞുനടക്കുന്ന കാലം ഉണ്ടാക്കും. ഉദ: Ama. നീ സ്നേഹിക്ക, amabam ഞാൻ സ്നേഹിക്കയായിരുന്നു. Mone, നീ ഗുണമൊക്കിക്ക, Monebam, ഞാൻ ഗുണമൊക്കിക്കയായിരുന്നു. എന്നാൽ നാലാം രൂപത്തിൽചെന്ന ക്രിയാപദങ്ങളിലും "io" ആയിട്ട അവസാനിക്കുന്ന മൂന്നാം രൂപത്തിൽചെന്നതിലും കല്പിക്കുന്ന വിധത്തിന്ന "ebam" എന്ന അക്ഷരങ്ങളെ കൂട്ടുകയും വെണം. ഉദ: Audi, നീ കൊൾക്ക, Audi-ebam, ഞാൻ കൊൾക്കയായിരുന്നു, മൂന്നാം രൂപത്തിൽ ചെന്ന Capio, capiebam. Cupio cupiebam.

൩. കല്പിക്കുന്ന വിധത്തിന്ന "rem" എന്ന അക്ഷരങ്ങളെ കൂട്ടിയാൽ Subjunctiviന്റെ കഴിഞ്ഞുനടക്കുന്നകാലവും, "bo" കൂട്ടിയാൽ കാട്ടുന്ന വിധത്തിന്റെ വരുംകാലവും ഉണ്ടാക്കും. ഉദ: Ama, നീ സ്നേഹിക്ക, Ama-rem, ഞാൻ സ്നേഹിക്കുമായിരുന്നു' Ama-bo, ഞാൻസ്നേഹിക്കും, Mone, നീ ഗുണമൊക്കിക്ക, Monerem ഞാൻ ഗുണമൊക്കിക്കുമായിരുന്നു, Mone-bo ഞാൻഗുണമൊശിക്കും.

൪. കാട്ടുന്നവിധത്തിന്റെ നില്ക്കുന്ന കാലത്തിന്റെ ഒന്നാമത്തെ personaയുടെ "o,, നീക്കീട്ട ഒന്നാം രൂപത്തിൽ "em" ശേഷംരൂപങ്ങളിൽ "am" കൂട്ടിയാൽ Subjunctiviന്റെ നില്ക്കുന്ന കാലത്തിന്റെ ഒന്നാമത്തെ persona ഉണ്ടാക്കും. ഉദ: Amo, ഞാൻ സ്നേഹിക്കുന്നു, Amem ഞാൻ സ്നേഹിക്കട്ടെ.

Mone-o ഞാൻഗുണമൊക്കിക്കുന്നു, Mone-am, ഞാൻ ഗുണമൊക്കിക്കുട്ടെ, lego-ഞാൻ വായിക്കുന്നു, leg-am ഞാൻ വായിക്കട്ടെ Audi-o ഞാൻകൊൾക്കുന്നു audi-am' ഞാൻ കൊൾക്കട്ടെ.

൪. കാട്ടുന്ന വിധത്തിന്റെ കഴിഞ്ഞ കാലത്തിൽനിന്ന "i" നീക്കീട്ട "eram' കൂട്ടിയാൽ കാട്ടുന്നവിധത്തിന്റെ plusquam perfectum, "erim" കൂട്ടിയാൽ Subjunctivinte praeteritum perfectum,--issem കൂട്ടിയാൽ Subjunctivinte plusquam perfectum, "ero" കൂട്ടിയാൽ Subjunctivinte futurum "isse" കൂട്ടിയാൽ Infinitivinte perfectum, et plusquam perfectum ഉണ്ടാക്കുകയും ആം. ഉദ: Amav-i ഞാൻ സ്നേഹിച്ചു, amav-eram amav-erim amav-issem amav-ero amav-isse.

കഴിഞ്ഞകാലം "vi" ആയിട്ട അവസാനിക്കുന്ന ക്രിയാപദങ്ങളിൽ പലപ്പോഴും "vi" എന്ന ഒരം പദാംശം കളഞ്ഞിട്ട സമാസമായിട്ട arasti എന്നും amarunt എന്നും, amasse എന്നും amavisti —amaverunt amavisse എന്നതിനു പകരമായിട്ട പ്രയോഗിക്കുമാറുണ്ട.

൫. Supinum "in" "um" എന്നതിൽനിന്ന "m" കളഞ്ഞിട്ട participium "us" എന്നും participium "rus" എന്നും ഉണ്ടാക്കാം. ഉദ: amatum, amatus amaturus, എന്നാൽ Nascor, orior, morior എന്ന ക്രിയാപദങ്ങളുടെ "rus" ആയിട്ടുള്ളവരും കാലത്തിന്റെ participium ആകുന്നതെന്തെന്നാൽ, Nasci-turus, Oriturus, Moriturus, sono, seco, എന്ന ക്രിയാപദങ്ങളുടെ Supinum, sonitum, sectum, ആയിരുന്നാലും participium, "rus" sonaturus, secaturus ആകുന്നു എന്ന അറിക.

ഇതിന്റെ താഴെകാണിച്ചിരിക്കുന്ന പടത്താൽ Activum ക്രിയാപദവും Passivum ക്രിയാപദവും തമ്മിൽ പ്രധാനകാലങ്ങളിലും വിധങ്ങളിലും ഉണ്ടാകുന്ന വ്യത്യാസം ഒരു നൊട്ടംകൊണ്ട ഗ്രഹിക്കയും ആം.

	Verbum Activum.	Verbum Passivum.
കാട്ടുന്നവിധത്തിന്റെ നില്ക്കുന്നകാലം	Amo	Amor
Subjunct നിശ്ചയം കാല,	Amem	Amer
കാട്ടുന്ന വിധം Imperfe;	Amabam	Amabar
Subj. Imperfectum	Amarem	Amarer
കാട്ടുന്ന വിധം futurum	Amabo	Amabor
Infinit നില്ക്കുന്നകാലം	Amare	Amari

ഒരം പടം സൂക്ഷിച്ചാൽ കാണ്ക പിടിക്കാകുന്നതെന്തെന്നാൽ.

Activum ക്രിയാപദം "o" ആയിട്ട അവസാനിച്ചാൽ "r" എന്ന അക്ഷരം കൂട്ടിയാൽ passivum ക്രിയാപദമാകും. Activum "m" ആയിട്ട അവസാനിച്ചാൽ "m" എന്ന അക്ഷരം "r" ആയിട്ട പകർത്തിയാൽ passivi ന്റെ ആ കാലവും ആ persona യും ആകയും ചെയ്യും. ഒന്നാം, രണ്ടാം, നാലാം രൂപത്തിൽ Infinitivi ന്റെ "e" എന്ന അക്ഷരം "i" ആയിട്ട പകർത്തിയാൽ Passivi ന്റെ Infinitivus ഭിധമാകും. എന്നാൽ മൂന്നാം രൂപത്തിൽ "ere" എന്ന അക്ഷരങ്ങളെ "i" ആയിട്ട പകർത്തുകയും വെണം. ഉദ: legere legi.

Passivi ന്റെ ശേഷം കാലങ്ങളെ participium praeteritum കൊണ്ടും sum, es, est; എന്ന ക്രിയാപദംകൊണ്ടും ഉണ്ടാക്കപ്പെടുന്നു.

Passivi ന്റെ Imperativus വിധം activi ന്റെ Infinitivum പോലെയും "or" ആയിട്ടും അവസാനിക്കയും ചെയ്യും.

ഉദ: amare സ്നേഹിക്കുന്നത. Passivi ന്റെ Imperativus, amare, vel amator നീ സ്നേഹിക്കപ്പെടുക, legere വായിക്കുന്നത: legere, vel legitor നീ വായിക്കപ്പെടുക.

PRIMA CONJUGATIO.

Verborum Activorum.

Activa ക്രിയാപദങ്ങളുടെ ഒന്നാമത്തെ രൂപമാല

Amo, as, are സ്നേഹിക്കുന്നത

Modus Indicativus.

കാട്ടുന്ന വിധം

Tempus præsens നിൽക്കുന്ന കാലം

Numerus Singularis, ഏകവചനം.

Ego Amo	ഞാൻ	സ്നേഹിക്കുന്നു
Tu Amas	നീ	
Ille Amat	അവൻ	

Numerus Pluralis ബഹുവചനം.

Nos Amamus	നാം	സ്നേഹിക്കുന്നു
Vos Amatis	നിങ്ങൾ	
Illi Amant	അവർ	

Præteritum imperfectum.

കഴിഞ്ഞു നടക്കുന്നകാലം

Ego amabam	ഞാൻ	സ്നേഹിക്കയായിരുന്നു
Tu amabas	നീ	
Ille amabat	അവൻ	
Nos amabamus	നാം	
Vos amabatis	നിങ്ങൾ	
Illi amabant	അവർ	

Præteritum perfectum

മുഴുവൻ vel കാവിട്ടിരുന്ന കഴിഞ്ഞ കാലം.

Ego amavi	ഞാൻ	സ്നേഹിച്ചു
Tu amavisti	നീ	
Ille amavit	അവൻ	
Nos amavimus	നാം	
Vos amavistis	നിങ്ങൾ	

Illi amaverunt amavere, അവർ സ്നേഹിച്ചു.

Plusqum perfectum.

കഴിഞ്ഞ മറ്റൊന്നിനുമുമ്പിൽ കഴിഞ്ഞകാലം.

Ego amaveram	ഞാൻ	സ്നേഹിച്ചിരുന്നു
Tu amaveras	നീ	
Ille amaverat	അവൻ	
Nos amaveramus	നാം	
Vos amaveratis	നിങ്ങൾ	
Illi amaverant	അവർ	

Futurum വരുംകാലം.

Ego amabo	ഞാൻ	സ്നേഹിക്കും
Tu amabis	നീ	
Ille amabit	അവൻ	
Nos amabimus	നാം	
Vos amabitis	നിങ്ങൾ	
Illi amabunt	അവർ	സ്നേഹിക്കും

MODUS SUBJUNCTIVUS.

ആഗ്രഹം, അനുവാദം കാട്ടുന്ന വിധം.

Tempus præsens നിൽക്കുന്ന കാലം.

Ego amem	ഞാൻ	സ്നേഹിക്കട്ടെ
Tu ames	നീ	
Ille amet	അവൻ	
Nos amemus	നാം	
Vos ametis	നിങ്ങൾ	
Illi ament	അവർ	

Cum ego amem ഞാൻ സ്നേഹിക്കയിൽ si amem ഞാൻ സ്നേഹിച്ചാൽ, ne ames നീ സ്നേഹിക്കരുത.

Imperfectum.

കഴിഞ്ഞു നടക്കുന്ന കാലം.

Ego amarem	ഞാൻ	സ്നേഹിക്കുമായിരുന്നു
Tu amares	നീ	
Ille amaret	അവൻ	
Nos amaremus	നാം	
Vos amaretis	നിങ്ങൾ	
Illi amarent	അവർ	

Si amares Deum, bonus esses, നീ സർവ്വേശ്വരനെ സ്നേഹിച്ചിരുന്നാൽ നല്ലവനാകുമായിരുന്നു.

Præt. perfectum കഴിഞ്ഞകാലം.

Ego amaverim	ഞാൻ	സ്നേഹിച്ചിരിക്കട്ടെ.
Tu amaveris	നീ	
Ille amaverit	അവൻ	
Nos amaverimus	നാം	
Vos amaveritis	നിങ്ങൾ	
Illi amaverint	അവർ	

Cum ego amaverim Deum, non debeo timere, ഞാൻ സർവ്വേശ്വരനെ സ്നേഹിച്ചിരിക്കയിൽ ഭയപ്പെടുവാൻ ഇനിക്കാവശ്യമില്ല.

Præt. plusquam perfectum.

കഴിഞ്ഞ മറൊന്നിന്ന രീതിൽ കഴിഞ്ഞകാലം

Ego amavissem	ഞാൻ	ഏകവചനം
Tu amavisses	നീ	
Ille amavisset	അവൻ	
Nos amavissemus	നാം	ബഹുവചനം
Vos amavissetis	നിങ്ങൾ	
Illi amavissent	അവര	

Cum ego amavissem ഞാൻ സ്നെഹിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ Si tu amavisses Deum, Deus amavisset te നീ സൎവ്വെശ്വരനെ സ്നെഹിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ സൎവ്വെശ്വരൻ നിന്നെ സ്നെഹിച്ചെനെ. Quamvis tu non amaveris Deum, ipse te amavit, നീ സൎവ്വെശ്വരനെ സ്നെഹിച്ചിട്ടുവെങ്കിലും താൻ നിന്നെ സ്നെഹിച്ചു.

Futurum വരുംകാലം.

Ego amavero	ഞാൻ	ഏകവചനം
Tu amaveris	നീ	
Ille amaverit	അവൻ	
Nos amaverimus	നാം	ബഹുവചനം
Vos amaveritis	നിങ്ങൾ	
Ille amaverint	അവര	

Cum amavero ഞാൻ സ്നെഹിച്ചിരിക്കുമ്പൊൾ &c.

MODUS IMPERATIVUS.

കല്പിക്കുന്ന വിധം.

Numerus Singularis.

Ama vel amato tu നീ സ്നെഹിക്ക

Amato vel amet ille.

Numerus pluralis.

Amemus nos നാം സ്നെഹിക്ക

Amate vel amatote vos നിങ്ങൾ സ്നെഹിപ്പിൻ

Amanto vel ament illi അവര സ്നെഹിക്കട്ടെ.

MODUS INFINITIVUS.

അവതിയില്ലാത്ത വിധം.

TEMPUS PRÆSENS ET IMPERFECTUM.

നില്ക്കുന്നകാലവും, കഴിഞ്ഞുനടക്കുന്നതും.

Amare, സ്നെഹിക്കുന്നത, സ്നെഹിച്ചിരുന്നത, സ്നെഹിക്കുന്നുയെന്ന, സ്നെഹിപ്പാൻ &c. Me amare, ഞാൻ സ്നെഹിക്കുന്നുയെന്ന Tu dicis me amare Deum, ഞാൻ സൎവ്വെശ്വരനെ സ്നെഹിക്കുന്നുവെന്ന നീ ചൊല്ലുന്നു, te illum, nos vos amare, നീ അവൻ &c. സ്നെഹിക്കുന്നുയെന്ന Præteritum et plusquam perfectum കഴിഞ്ഞകാലവു കഴിഞ്ഞ മറൊന്നിന്നുമ്പിൽകഴിഞ്ഞതും, Amavisse, സ്നെഹിച്ചത, സ്നെഹിച്ചിട്ടുണ്ടായിരുന്നത, സ്നെഹിച്ചുയെന്ന, &c. Ego scio te amavisse studium. നീ പഠിനത്തെ സ്നെഹിച്ചുവെന്ന ഞാൻ അറിഞ്ഞിരിക്കുന്നു te, illum &c. amavisse, നീ, അവൻ &c. സ്നെഹിച്ചുയെന്ന.

FUTURUM INFINITIVI.

അവതിയില്ലാത്ത വിധത്തിന്റെ വരുംകാലം.

Amaturum a esse, സ്നെഹിപ്പാനിരിക്കുന്നത, സ്നെഹിക്കുമെന്ന, Ego scio te amaturum esse Deum, നീ സൎവ്വെശ്വരനെ സ്നെഹിക്കുമെന്ന ഞാൻ അറിഞ്ഞിരിക്കുന്നു Illam amaturam esse, അവൾ സ്നെഹിക്കുമെന്ന.

FUTURUM MIXTUM.

Amaturum, am fuisse, സ്നെഹിപ്പാനിരുന്നുയെന്ന &c.

Participium præsentis, നില്ക്കുന്ന കാലത്തിന്റെ participium.

Amans, amantis, സ്നേഹിക്കുന്ന, വൻ-കാ-ത: സ്നേഹിച്ചിരുന്ന വൻ-കാ-ത: സ്നേഹിക്കൊണ്ട Amans Deum in æternum vivet, സർവ്വേശ്വരനെ സ്നേഹിക്കുന്നവൻ നിത്യമായി ജീവിക്കും.

PARTICIPIUM FUTURI.

വരുംകാലത്തിന്റെ ക്രിയാവിശേഷണ പെര Vel Participium.
Amaturus a um സ്നേഹിപ്പാൻനിരിക്കുന്ന, വൻ-കാ-ത: സ്നേഹിക്കേണ്ടുന്ന വൻ-കാ-ത:

SUPINUM.

ക. Amatum സ്നേഹിപ്പാൻ amatum veni സ്നേഹിപ്പാൻ വാ.
ഖ. Amatu, സ്നേഹിക്കപ്പെട്ടുവാൻ, Amatu bonum സ്നേഹിക്കപ്പെട്ടുവാൻ നല്ല വസ്തു.

GERUNDIA.

(In,, di,,) Amandi സ്നേഹിക്കുന്നതിന്ന, Ars amandi Deum, സർവ്വേശ്വരനെ സ്നേഹിക്കുന്നതിനുള്ള വിദ്യ, Tempus amandi, സ്നേഹിപ്പാനുള്ള കാലം, &c.

(In,, do,.) Amando, സ്നേഹിച്ചാൽ സ്നേഹിക്കൊണ്ട സ്നേഹിച്ച: Amando Deum salvaberis, സർവ്വേശ്വരനെ സ്നേഹിച്ചാൽ, vel സ്നേഹിച്ചുകൊണ്ട നീ രക്ഷപ്പെടും.

(In dum) Amandum, സ്നേഹിപ്പാൻ, സ്നേഹിക്കേണ്ടുന്നതിന്ന amandum est, സ്നേഹിക്കേണ്ടുന്നതാകുന്നു Veni ad amandum Deum, സർവ്വേശ്വരനെ സ്നേഹിപ്പാൻ ഞാൻ വന്നു.

NOTA.

Participiaകൾ ക്രിയാവിശേഷണ പെരുകൾ അതായ ഒരുവക Adjectiva പെരുകൾ ആകുന്നുവെന്നും Gerundiaകൾ ഒരുവക Substantiva പെരുകൾ ആകുന്നുവെന്നും ഓർത്തുകൊൾക. എന്നാൽ Passiva ക്രിയാപദങ്ങൾക്ക Gerundiaകൾ ഇല്ല എന്നും അറിക, വിശേഷിച്ച Participiaകൾ ലത്തീൻഭാഷയിൽ രണ്ടു വിധമായിട്ട പൊരുൾ തിരിക്കുന്നു. ഉദ: സ്നേഹിക്കുന്നവൻ, Amans, vel qui amat സ്നേഹിച്ചിരുന്നവൻ amans vel qui amabat, സ്നേഹിച്ചിട്ടുണ്ടായിരുന്നവൻ qui amaverat, സർവ്വേശ്വരനെ സ്നേഹിച്ചിരുന്നവൻ മരിക്കുന്നതിൽ ഇരിക്കുന്നു, Qui amabat Deum, est in coelis തമ്പുരാനെ സ്നേഹിച്ചുനിരിക്കുന്നവൻ amaturus Deum vel qui amabit Deum.

കടശി അതതു ക്രിയാപദങ്ങളൊടു ചെർക്കുന്ന വിഭക്തികൾ അതതിൽനിന്ന വരുന്ന participiaകളൊടും Gerundiaകളൊടും ചെർക്കുന്നതാകുന്നുവെന്ന ഓർത്തുകൊൾക.

മെലെഴുതിയ Amo as are എന്നതുപൊലെ രൂപപ്പെടുത്തുന്നത.

Laudo as avi are സ്തുതിക്കുന്ന
Vitupero as avi are കാരണപ്പെടുത്തുന്ന കാരണം പറയുന്ന.
Verbero as, avi, are തല്ലുന്ന, അടിക്കുന്ന
Voco as, avi, are വിളിക്കുന്ന
Accuso as avi are കാരണക്കുമത്തുന്ന
Judico as avi are വിധിക്കുന്ന
Libero as avi are രക്ഷിക്കുന്ന

Dico as, avi, are കാണിച്ചുകൊടുക്കുന്ന പ്രസിദ്ധിപ്പെടുത്തുന്ന.
Rogo as, avi, are അപേക്ഷിക്കുന്ന
Objurgo as, avi, are കാരണപ്പെടുത്തുന്ന
Vexo as, avi, atum, are സങ്കടപ്പെടുത്തുന്ന ഞെരുക്കുന്ന.
Postulo as, avi, atum are ചൊദിക്കുന്ന
Vulnero as, avi, atum, are മുറിപ്പെടുത്തുന്ന
Do as dedi datum are കൊടുക്കുന്ന
Lavo as lavi lavatum lautum lotum are കഴുകുന്ന

Domo, as, domui, domitum, are, അമർത്തുന്നു

Veto, as, vetui, vetitum, are, വിലക്കുന്നു Seco, as, secui, sectum, are, മരങ്ങളെയും മാർഗ്ഗം വെട്ടുന്നു

Adjuvo, as, adjuvi, adjutum, are, സഹായിക്കുന്നു

Amo എന്നതിൽനിന്നു ഉണ്ടാക്കപ്പെട്ടു ന്നു

ക്രിയാപദങ്ങൾ

Adamo, as, etc. എറിവെടുക്കുടെ സ്നേഹിക്കുന്നു

Deamo, as, etc. ഏടയത്തുടുക്കുടെ സ്നേഹിക്കുന്നു

Redamo, as, et. തന്നെ സ്നേഹിക്കുന്നവനെ സ്നേഹിക്കുന്നു

ഉദ; Deus amat te et tu redamas Deum തമ്പുരാൻ നിന്നെ സ്നേഹിക്കുന്നു നീയു, തമ്പുരാനെ സ്നേഹിക്കുന്നു.

CONJUGATIO SECUNDA.

Activorum.

സകർമ്മ ക്രിയകളുടെ രണ്ടാമത്തെ

രൂപമാകുന്നതെന്തെന്നാൽ.

Moneo, es, ere, ഗ്രഹണമാക്കികൂന്നത

Modus Indicativus.

കാട്ടുന്ന വിധം

Tempus præsens നിലുന്ന കാലം

Numerus Singularis ഏകവചനം

Ego moneo	ഞാൻ	ഗ്രഹണമാക്കി
Tu mones	നീ	കൂന്നു
Ille monet	അവൻ	

Numerus Pluralis ബഹുവചനം

Nos monemus	നാം	ഗ്രഹണമാ
Vos monetis	നിങ്ങൾ	ക്കികൂന്നു
Illi monent	അവര	

Præterit: imperfectum.

കഴിഞ്ഞു നടകുന്ന കാലം

Ego monebam	ഞാൻ	ഗ്രഹണമാക്കിക്കൊണ്ടിരുന്നു
Tu monebas	നീ	
Ille monebat	അവൻ	
Nos monebamus	നാം	
Vos monebatis	നിങ്ങൾ	
Illi monebant	അവര	

Præt. perfectum.

കഴിഞ്ഞ കാലം

Ego monui	ഞാൻ	ഗ്രഹണമാ
Tu monuisti	നീ	ക്കിച്ചു
Ille monuit	അവൻ	
Nos monuimus	നാം	
Vos monuistis	നിങ്ങൾ	

Illi monuerunt ere അവര ഗ്രഹണമാക്കിച്ചു

Plusquam perfectum.

കഴിഞ്ഞമനാന്നിന്ന മീമ്പിൽ കഴിഞ്ഞകാലം

Ego monueram	ഞാൻ	ഗ്രഹണമാക്കിച്ചിട്ടുണ്ടായിരുന്നു
Tu monueras	നീ	
Ille monuerat	അവൻ	
Nos monueramus	നാം	
Vos monueratis	നിങ്ങൾ	

Illi monuerant അവര ഗ്രഹണമാക്കിച്ചിട്ടുണ്ടായിരുന്നു

Futurum വരുംകാലം

Ego monebo	ഞാൻ	ഗ്രഹണമാക്കും
Tu monebis	നീ	
Ille monebit	അവൻ	
Nos monebimus	നാം	
Vos monebitis	നിങ്ങൾ	
Illi monebunt	അവര	

Modus Subjunctivus.

ആഗ്രഹം, മറും കാട്ടുന്ന വിധം.

Tempus præsens നിലുന്ന കാലം.

Ego moneam	ഞാൻ	ഗ്രഹണമാക്കുകട്ടെ
Tu moneas	നീ	
Ille moneat	അവൻ	
Nos moneamus	നാം	
Vos moneatis	നിങ്ങൾ	
Illi moneant	അവര	

Bonum videtur si moneas illum അവനൊട്ടു നീ ഗ്രഹണമാക്കിച്ചാൽ കൊള്ളാമെന്നതൊന്നാകുന്നു. &c.

Imperfectum

കഴിഞ്ഞു നടകുന്ന കാലം.

Ego monerem	ഞാൻ	ഗ്രഹണമാക്കിക്കുമായിരുന്നു
Tu moneres	നീ	
Ille moneret	അവൻ	
Nos moneremus	നാം	
Vos moneretis	നിങ്ങൾ	
Illi monerent	അവര	

Si ille annuéret ego monerem te അവൻ അനുവദിച്ചാൽ നിന്നോട ഞാൻ ഗ്രണ്ണൊക്കിക്കുമായിരുന്നു.

Præteritum perfectum

ഭൂവൻ കഴിഞ്ഞകാലം

Ego monuerim	ഞാൻ	ഗ്രണ്ണൊക്കിച്ചിരിക്കുന്നു
Tu monueris	നീ	
Ille monuerit	അവൻ	
Nos monuerimus	നാം	
Vos monueritis	നിങ്ങൾ	
Illi monuerint	അവര	

Cum monuerim ഞാൻ ഗ്രണ്ണൊക്കി പറഞ്ഞിരിക്കയിൽ

Præt. plusquam perfectum

കഴിഞ്ഞ മറ്റൊന്നിനു മുമ്പിൽ കഴിഞ്ഞകാലം

Ego monuissem ഞാൻ ഗ്രണ്ണൊക്കിച്ചിട്ടുണ്ടായിരിക്കട്ടെ, ഗ്രണ്ണൊക്കിച്ചെന്നെ

Tu monuisses	നീ	ഗ്രണ്ണൊക്കിച്ചിട്ടുണ്ടായിരുന്നു
Ille monuisset	അവൻ	
Nos monuissemus	നാം	
Vos monuissetis	നിങ്ങൾ	
Illi monuissent	അവര	

Si ab initio monisses eum hoc peccatum non fecisset നീ ആദിയിങ്കൽ അവനൊട ഗ്രണ്ണൊക്കി പറഞ്ഞിട്ടുണ്ടായിരുന്നുയെങ്കിൽ അവൻ ഈ പാപം ചെയ്യാഞ്ഞെന്നെ.

Futurum Subjunctivi.

Subjunctivi വിധത്തിന്റെ വരുംകാലം

Ego monuero ഞാൻഗ്രണ്ണൊക്കിച്ചിരിക്കും

Tu monueris	നീ	ഗ്രണ്ണൊക്കിച്ചിരിക്കും
Ille monuerit	അവൻ	
Nos monuerimus	നാം	
Vos monueritis	നിങ്ങൾ	
Illi monuerint	അവര	

Cum ego monuero ഞാൻ ഗ്രണ്ണൊക്കിച്ചിരിക്കുമ്പോൾ Cum tu monueris നീ ഗ്രണ്ണൊക്കിച്ചിരിക്കുമ്പോൾ.

Modus imperatiuus.

കല്പിക്കുന്ന വിധം.

Mone vel moneto tu നീ ഗ്രണ്ണൊക്കിക്കു

Moneto അവൻ ഗ്രണ്ണൊക്കിക്കട്ടെ vel moneat ille

Monete vel monetote vos നിങ്ങൾ ഗ്രണ്ണൊക്കിച്ചിൻ

Monento illi അവര ഗ്രണ്ണൊക്കിക്കട്ടെ vel moneant illi

Modus infinitivus

അനിശ്ചിതവിധം

Proesens et imperfectum

നില്ക്കുന്നകാലവും കഴിഞ്ഞുവാടുകുന്നതും

Monere ഗ്രണ്ണൊക്കിക്കുന്നത ഗ്രണ്ണൊക്കിക്കുന്നുയെന്നു ഗ്രണ്ണൊക്കിക്കയായിരുന്നുയെന്നു

Me monere	ഞാൻ	ഗ്രണ്ണൊക്കിക്കുന്നുയെന്നു
Te monere	നീ	
illum monere	അവൻ	

Præter: et plusquam perfect:

കഴിഞ്ഞുകാലവും കഴിഞ്ഞ മറ്റൊന്നിനു മുമ്പിൽ കഴിഞ്ഞതും

Monuisse, ഗ്രണ്ണൊക്കിച്ചത ഗ്രണ്ണൊക്കിച്ചുയെന്നു ഗ്രണ്ണൊക്കിച്ചിട്ടുണ്ടായിരുന്നുയെന്നു ഗ്രണ്ണൊക്കിച്ചവൻ

Me, te, illum, nos, vos, illos monuisse ഞാൻനീ &c. ഗ്രണ്ണൊക്കിച്ചുയെന്നു &c.

Futurum infinitivi

Infinitivi വിധത്തിന്റെ വരുംകാലം

Moniturum am esse ഗ്രണ്ണൊക്കിച്ചും നിരിക്കുന്നത ഗ്രണ്ണൊക്കിക്കുമെന്നു

FUTURUM MIXTUM

കലർച്ചയുള്ള വരുംകാലം

Moniturum am fuisse ഗ്രണ്ണൊക്കിച്ചും നിരുന്നുയെന്നു

Participium præsentis

നില്ക്കുന്നകാലത്തിന്റെ participium

Monens ntis ഗ്രണ്ണൊക്കിക്കുന്ന വൻ-ൾ ത. Monens unumquemque vestrum നിങ്ങളിൽ ഒരൊരുത്തനൊട ഗ്രണ്ണൊക്കിച്ചു vel ഗ്രണ്ണൊക്കിച്ചുംകൊണ്ടു

Participium futuri വരുംകാലത്തിന്റെ participium

Moniturus a um ഗുണദോഷിപ്പാനിരിക്കുന്ന വൻ-ൾ-ത, ഗുണദോഷിക്കുന്ന

SUPINA

Monitum ഗുണദോഷിപ്പാൻ

Monitu ഗുണദോഷിക്കപ്പെടുവാൻ

GERUNDIA

Monendi ഗുണദോഷിക്കുന്നതിന്ന Tempus monendi ഗുണദോഷിക്കുന്നതിനുള്ള നേരം

Monendo ഗുണദോഷിച്ചുകൊണ്ട ഗുണദോഷിച്ചാൽ &c.

Monendum ഗുണദോഷിപ്പാൻ ഗുണദോഷിക്കെണ്ടുന്ന monendum est ഗുണദോഷിക്കെണ്ടതാകുന്നു

മെലെഴുതിയ

Moneo എന്നതുപൊലെ രൂപപ്പെടുത്തുന്ന ഏതാനും ക്രിയാപലങ്ങൾ

Admoneo es ui itum ere ഗുണദോഷിക്കുന്നു

Terreo es ui itum ere ഭയപ്പെടുത്തുന്നു

Teneo es ui utum ere പിടിക്കുന്നു നിറുത്തുന്നു

Impleo es evi etum ere നിറെക്കുന്നു

Taceo es cui citum ere മിണ്ടാതെ ഇരിക്കുന്നു

Adhibeo es ui bitum ere പ്രയോഗിക്കുന്നു പെരുമാറുന്നു

Doceo es cui ctum ere പഠിപ്പിക്കുന്നു

Torreo es rrui tostum ere ചുടുന്നു

Prohibeo es bui bitum ere മുടക്കുന്നു വിലക്കുന്നു

Video es vidi visum ere കാണുന്നു

Tondeo es totondi tonsum ere ക്ഷൌരം ചെയ്യുന്നു

Augeo es auxi ctum ere വൎദ്ധിപ്പിക്കുന്നു

Fleo es evi etum ere കരയുന്നു

Spondeo es spopondi sponsum ere പറഞ്ഞാക്കുന്നു

Deleo es evi etum ere കുത്തിക്കളയുന്നു മാച്ചുകളയുന്നു നശിപ്പിക്കുന്നു

Torqueo es torsi tortum ere ഞെരുക്കുന്നു സങ്കടപ്പെടുത്തുന്നു

TERTIA CONJUGATIO

ACTIVORUM.

സകൎമ്മ ക്രിയകളുടെ മൂന്നാമത്തെ രൂപം

Lego is legi legere വായിക്കുന്നത

MODUS INDICATIVUS.

കാട്ടുന്ന വിധം

Tempus præsens.

നില്ക്കുന്ന കാലം

Numerus Singularis ഏകവചനം

Ego lego	ഞാൻ	വായിക്കുന്നു
Tu legis	നീ	
Ille legit	അവൻ	

Numerus Pluralis ബഹുവചനം

Nos legimus	ഞങ്ങൾ	വായിക്കുന്നു
Vos legitis	നിങ്ങൾ	
Illi legunt	അവർ	

PRÆTERITUM IMPERFECTUM.

കഴിഞ്ഞുനടക്കുന്ന കാലം

Ego legebam	ഞാൻ	വായിക്കയായി
Tu legebas	നീ	
Ille legebat	അവൻ	
Nos legebamus	നാം	
Vos legebatis	നിങ്ങൾ	
Illi legebant	അവർ	

Præteritum perfectum

കഴിഞ്ഞ കാലം

Ego legi	ഞാൻ	വായിച്ചു
Tu legisti	നീ	
Ille legit	അവൻ	
Nos legimus	നാം	
Vos legistis	നിങ്ങൾ	

Illi legerunt vel legere അവർ വായിച്ചു

Præteritum plusquam perfectum

കഴിഞ്ഞ മറ്റൊന്നിന്ന മുമ്പിൽ കഴിഞ്ഞകാലം

Ego legeram	ഞാൻ	വായിച്ചിട്ടുണ്ടായിരുന്ന
Tu legeras	നീ	
Ille legerat	അവൻ	
Nos legeramus	ഞങ്ങൾ	
Vos legeratis	നിങ്ങൾ	
Illi legerant	അവര	

FUTURUM

വരും കാലം

Ego legam	ഞാൻ	വായിക്കും
Tu leges	നീ	
Ille leget	അവൻ	
Nos legemus	നാം	
Vos legetis	നിങ്ങൾ	
Illi legent	അവര	

MODUS SUBJUNCTIVUS.

ആഗ്രഹം അനുവാദം മറ്റും കാട്ടുന്നവിധം

Tempus præsens.

നില്ക്കുന്ന കാലം

Ego legam	ഞാൻ	വായിക്കട്ടെ
Tu legas	നീ	
Ille legat	അവൻ	
Nos legamus	നാം	
Vos legatis	നിങ്ങൾ	
Illi legant	അവര	

Si legas നീ വായിച്ചാൽ വായിക്കുന്നതെയെങ്കിൽ ut legas നീ വായിക്കുന്നതിന്ന
Cum legam ഞാൻ വായിക്കയിൽ

Præteritum imperfectum.

കഴിഞ്ഞ നടക്കുന്നകാലം

Ego legerem	ഞാൻ	വായിക്കുമായിരുന്നു
Tu legeres	നീ	
Ille legeret	അവൻ	
Nos legeremus	നാം	
Vos legeretis	നിങ്ങൾ	
Illi legerent	അവര	

Bonum esset si legeres നീ വായിച്ചാൽ നന്നായിരുന്നു cum legeres ego audivi നീ വായിച്ചിരിക്കയിൽ ഞാൻ കെട്ടു utinam semper legeres എല്ലാപ്പോഴും നീ വായിച്ചാൽ vel വായിച്ചിരുന്നാൽ കൊള്ളായിരുന്നു

Præteritum perfectum.

കഴിഞ്ഞകാലം

Ego legerim	ഞാൻ	വായിച്ചിരിക്കും
Tu legeris	നീ	
Ille legerit	അവൻ	
Nos legerimus	നാം	
Vos legeritis	നിങ്ങൾ	
Illi legerint	അവര	

Cum ego legerim ഞാൻ വായിച്ചിരിക്കയിൽ utinam legeris നീ വായിച്ചിരുന്നാൽ കൊള്ളായിരുന്നു

Præt. plusquam perfectum

കഴിഞ്ഞ മറ്റൊന്നിന്നുമുമ്പിൽ കഴിഞ്ഞകാലം

Ego legissem	ഞാൻ	വായിച്ചിട്ടുണ്ടായിരിക്കുമായിരുന്നു
Tu legisses	നീ	
Ille legisset	അവൻ	
Nos legissemus	നാം	
Vos legissetis	നിങ്ങൾ	

Illi legissent അവര വായിച്ചിട്ടുണ്ടായിരിക്കട്ടെ, വായിച്ചെന്നെ.

Cum ego legissem ഞാൻ വായിച്ചിട്ടുണ്ടായിരിക്കയിൽ Si legisses grammaticam didicisses hanc regulam വ്യാകരണത്തിയെ നീ വായിച്ചിട്ടുണ്ടായിരുന്നുയെങ്കിൽ ഈ നിയമയെ നീ പഠിച്ചെന്നെ

Futurum præteritum

വരും കഴിഞ്ഞകാലം

Ego legero	ഞാൻ	വായിച്ചിരിക്കും
Tu legeris	നീ	
Ille legerit	അവൻ	
Nos legerimus	നാം	
Vos legeritis	നിങ്ങൾ	
Illi legerint	അവര	

Cum legero dicam ഞാൻ വായിച്ചിരിക്കുമ്പോൾ vel വായിച്ചിട്ടു പറയും Si legeris non te verberabo നീ വായിച്ചിരിക്കുമെങ്കിൽ നിന്നെ ഞാൻ അടിക്കയില്ല

MODUS IMPERATIVUS.

കല്പിക്കുന്ന വിധം

Lege vel legito tu നീ വായിക്ക
Legito vel legat ille അവൻ വായിക്കട്ടെ

Legite vel legitote vos നിങ്ങൾ വായിപ്പിൻ

Legunto vel legant illi അവര വായിക്കട്ടെ

MODUS INFINITIVUS.

അനുക്തിയില്ലാത്ത വിധം

Præsens et imperfectum

നിഷ്പന്ന കാലവും കഴിഞ്ഞനടക്കുന്ന കാലവും

Legere, വായിക്കുന്നത വായിപ്പാൻ വായിക്കുന്നുയെന്ന, വായിക്കയായിരുന്നുയെന്ന. &c.

Me legere	ഞാൻ	ഉത്തമപുരുഷൻ
Te legere	നീ	മദ്ധ്യമപുരുഷൻ
Illum legere	അവൻ	പ്രഥമപുരുഷൻ
Nos, vos, illos legere	നാം &c.	

Præt. perfectum et plusquam perfectum.

കഴിഞ്ഞകാലവും കഴിഞ്ഞ മറെറാന്നിന്ന മുമ്പിൽ കഴിഞ്ഞതു.

Legisse, വായിച്ചത, വായിച്ചുയെന്ന, വായിച്ചിട്ടുണ്ടായിരുന്നുയെന്ന, Dicitur me, te, illum, nos, vos, illos legisse ciceronem ഞാൻ, നീ, അവൻ, നാം, നിങ്ങൾ, അവര ചിച്ചെരൊന്നിനെ വായിച്ചുവെന്ന ചൊല്ലപ്പെടുന്നു.

Futurum Simplex.

Infinitivi ന്റെ ഒന്നാം വരും കാലം

Lecturum, am esse, വായിപ്പാനിരിക്കുന്നത വായിക്കുമെന്ന ഉ: നീ ചിച്ചെരൊന്നിന്റെ പുസ്തകങ്ങളെ വായിക്കുമെന്ന ഞാൻ ശരണപ്പെടുന്നു ego spero, te lecturum esse libros ciceronis.

Futurum mixtum.

കലർച്ചയുള്ള വരുംകാലം

Lecturum, am fuisse വായിപ്പാനിരുന്നത വായിപ്പാനിരുന്നുയെന്ന

Sperabam te lecturum fuisse meam epistolam, എന്റെ എഴുത്ത നീ വായിക്കുമെന്ന vel വായിപ്പാനിരുന്നുവെന്ന, ഞാൻ ശരണപ്പെടുകയായിരുന്നു &c.

Participium præsentis

നിഷ്പന്നകാലത്തിന്റെ participium

Legens ntis വായിക്കുന്ന, വായിക്കുന്നവൻ, ൾ, ത, വായിച്ചിരുന്നവൻ &c.

Quotidie legens grammaticam discet ദിവസംതൊറും വ്യാകരണം വായിക്കുന്നവൻ പഠിക്കും

Participium futuri

വരുംകാലത്തിന്റെ participium

Lecturus a um വായിപ്പാനിരിക്കുന്നവൻ, ൾ, ത,

Lecturus ad primam mensam prælegere debet lectionem ഒന്നാമത്തെ മേശയ്ക്കു വായിപ്പാനിരിക്കുന്നവൻ വായനയെ മുമ്പിൽക്കൂട്ടി വായിപ്പാൻ കടമയായിരിക്കുന്നു

SUPINA

Lectum വായിപ്പാൻ Veni lectum വായിപ്പാൻ ഞാൻ വന്നു i lectum വായിപ്പാൻ നീ പൊ.

Lectu വായിക്കപ്പെടുവാൻ difficile lectu വായിക്കപ്പെടുവാൻ വിഷമമുള്ളത

GERUNDIA

(In & di) Legendi വായിക്കുന്നതിന്നു വായിപ്പാൻ Tempus legendi historiam ചരിത്രം വായിപ്പാനുള്ള നേരം

(In,, do") Legendo വായിച്ചാൽ വായിച്ചുകൊണ്ടു വായിക്കയിൽ legendo discres വായിച്ചാൽ vel വായിച്ചുകൊണ്ടു നീ പഠിക്കും

(In,, dum") Legendum വായിപ്പാൻ വായിക്കുന്നതിന്നു ito ad legendum വായിപ്പാൻ നീ പൊ: legendum est വായിക്കേണ്ടതാകുന്നു &c,

---

Lego എന്നതുപൊലെ രൂപപ്പെടുത്തേണ്ടുന്ന ഏതാനും ക്രിയാപദങ്ങളിതു

Relĕgo-is ere വീണ്ടുവായിക്കുന്നു

Prælĕgo-is-ere മുമ്പിൽക്കൂട്ടി വായിക്കുന്നു

Colligo-is-ere കൂട്ടിച്ചേർക്കുന്നു പെറുക്കികൂട്ടുന്നു

Elígo-is-ere തെരിഞ്ഞെടുക്കുന്നു

Diligo, is, exi, ere സ്നേഹിക്കുന്നു

Intelligo is, intellexi, ctum ere തിരിയുന്നു കണ്ടുപിടിക്കുന്നു

Scribo, is, psi, ptum ere എഴുതുന്നു

Mitto is, misi, missum, ere അയക്കുന്നു യാത്രയാക്കുന്നു

Verto, is, ti sum ere തിരിക്കുന്നു പരിഭാഷപ്പെടുത്തുന്നു &c.

Occ̆ido, is occ̆idi, occ̆isum ere കൊല്ലുന്നു

Vendo is vendidi ere വിൽക്കുന്നു

Facio is feci facere ചെയ്യുന്നു

Quæro is quæsivi quæsitum quærere അന്വേഷിക്കുന്നു

Tango, is, tetigi, tactum ere തൊടുന്നു

Induo is indui, indutum induere ഉടുക്കുന്നു

Tego is texi ere മൂടുന്നു

Cupio is, cupivi, cupere ആഗ്രഹിക്കുന്നു

Aspicio is aspexi aspectum ere നോക്കുന്നു

Fodio is, fodi ere കിളെക്കുന്നു കുഴിക്കുന്നു

Capio is, cepi captum ere പിടിക്കുന്നു (കൈക്കൊള്ളുന്നു)

Dico, is, dixi ere ചൊല്ലുന്നു

Duco, is, duxi ere കൂട്ടികൊണ്ടുപോകുന്നു

Disco, is, didici, discere] പഠിക്കുന്നു

Vinco, is, vici vincere ജയിക്കുന്നു

QUARTA CONJUGATIO.

Activorum.

സകർമ്മ ക്രിയകളുടെ അഞ്ചാമനായ രൂപം.

Audio is ivi audire കേൾക്കുന്നത.

MODUS INDICATIVUS.

കാട്ടുന്ന വിധം.

Tempus præsens നില്ക്കുന്ന കാലം
Numerus Singularis ഏകവചനം

Ego audio	ഞാൻ	കേൾക്കുന്നു.
Tu audis	നീ	
Ille audit	അവൻ	

Numerus Pluralis ബഹുവചനം.

Nos audimus	നാം	കേൾക്കുന്നു
Vos auditis	നിങ്ങൾ	
Illi audiunt	അവർ	

Præteritum imperfectum.

കഴിഞ്ഞു നടക്കുന്നകാലം

Ego audiebam	ഞാൻ	കേട്ടുകൊണ്ടിരുന്നു
Tu audiebas	നീ	
Ille audiebat	അവൻ	
Nos audiebamus	നാം	
Vos audiebatis	നിങ്ങൾ	
Illi audiebant	അവർ	

Præt. perfectum കഴിഞ്ഞകാലം.

Ego audivi	ഞാൻ	കേട്ടു.
Tu audivisti	നീ	
Ille audivit	അവൻ	
Nos audivimus	നാം	
Vos audivistis	നിങ്ങൾ	
Illi audiverunt, vel audivere	അവർ	

Præteritum.
plus quam perfectum.

കഴിഞ്ഞമറെറാന്നിനു മുമ്പിൽ കഴിഞ്ഞകാലം.

Ego audiveram	ഞാൻ	കേട്ടിട്ടുണ്ടായിരുന്നു
Tu audiveras	നീ	
Ille audiierat	അവൻ	
Nos audiveramus	നാം	
Vos audiveratis	നിങ്ങൾ	
Illi audivèrant	അവർ	

Futurum വരുംകാലം.

Ego audiam	ഞാൻ	കേൾക്കും
Tu audies	നീ	
Ille audiet	അവൻ	
Nos audiemus	നാം	
Vos audietis	നിങ്ങൾ	
Illi audient	അവർ	

MODUS SUBJUNCTIVUS.

ആഗ്രഹം, അപേക്ഷാഭാവം കാട്ടുന്ന വിധം.

Tempus præsens നില്ക്കുന്ന കാലം.

Ego audiam	ഞാൻ	കേൾക്കട്ടെ
Tu audias	നീ	
Ille audiat	അവൻ	
Nos audiamus	നാം	
Vos audiatis	നിങ്ങൾ	
Illi audiant	അവർ	

Oro ut audias കേൾക്കണമെന്ന നിന്നോട് ഞാൻ അപേക്ഷിക്കുന്നു, quamvis audiant, അവർ കേട്ടാലും, ne audias verba ejus അവന്റെ വചനങ്ങളെ നീ കേൾക്കരുത.

Præteritum imperfectum

കഴിഞ്ഞനടക്കുന്ന കാലം

Ego audirem	ഞാൻ	കേട്ടിരിക്കുമായിരുന്നു
Tu audires	നീ	
Ille audiret	അവൻ	
Nos audiremus	നാം	
Vos audiretis	നിങ്ങൾ	
Illi audirent	അവർ	

Si audires ego loquerer നീ കേട്ടാൽ, vel കേട്ടിരുന്നാൽ ഞാൻ പറയുമായിരുന്നു. utinam audirem te നിന്നെ ഞാൻ കേട്ടെങ്കിൽ കൊള്ളായിരുന്നു. ut audirem te veni, നിന്നെ കേൾക്കുന്നതിന്നു ഞാൻ വന്നു. &c.

Præteritum perfectum.

കഴിഞ്ഞ കാലം.

Ego audiverim	ഞാൻ	കേട്ടിരിക്കുന്നു
Tu audiveris	നീ	
Ille audiverit	അവൻ	
Nos audiverimus	നാം	
Vos audiveritis	നിങ്ങൾ	
Illi audiverint	അവർ	

Si Audiverim te ഞാൻ നിന്നെ കേട്ടിയെങ്കിൽ, cum audierim ഞാൻ കേൾക്കയിൽ, vel കേട്ടിരുന്നെങ്കിൽ.

Præteritum plusquam perfectum.

കഴിഞ്ഞ മറ്റൊന്നിനു മുമ്പിൽ കഴിഞ്ഞകാലം.

Ego audivissem	ഞാൻ	കേട്ടിട്ടുണ്ടായിരിക്കുന്നു
Tu audivisses	നീ	
Ille audivisset	അവൻ	
Nos audivissemus	നാം	
Vos audivissetis	നിങ്ങൾ	

Illi audivissent അവർ കേട്ടിട്ടുണ്ടായിരിക്കട്ടെ, കേട്ടെന്നെ.

Si locutus fuisses audivissem verba tua നീ പറഞ്ഞുയെങ്കിൽ നിന്റെ വചനങ്ങളെ ഞാൻ കേട്ടെന്നെ, utinam audivissem ഞാൻ കേട്ടിട്ടുണ്ടായിരുന്നുയെങ്കിൽ കൊള്ളായിരുന്നു.

Futurum præteritum.

കഴിഞ്ഞ വരും കാലം.

Ego audivero	ഞാൻ	കേട്ടിരിക്കും.
Tu audiveris	നീ	
Ille audiverit	അവൻ	
Nos audiverimus	നാം	
Vos audiveritis	നിങ്ങൾ	
Illi audiverint	അവർ	

Si hodie vocem Domini audieritis obedite ഇന്ന കർത്താവിന്റെ സ്വരം നിങ്ങൾ കേൾക്കുമെങ്കിൽ കീഴ്ഴങ്ങുവിൻ cum audivero ഞാൻ കേട്ടിരിക്കുമ്പോൾ, &c.

MODUS IMPERATIVUS.

കല്പിക്കുന്നവിധം.

Audi vel audito tu നീ കേൾക്കുക

Audito vel audiat ille അവൻ കേൾക്കട്ടെ.

Audite vel auditote നിങ്ങൾ കേൾപ്പിൻ.

Audiunto vel audiant illi അവർ കേൾക്കട്ടെ.

MODUS INFINITIVUS.

അനുക്തിയില്ലാത്ത വിധം.

Præsens et Imperfectum.

നില്ക്കുന്നതു, കഴിഞ്ഞു നടക്കുന്നതുമായ കാലം.

Audire കൊൾക്കുന്നത, കൊൾപ്പാൻ, കൊൾക്കുന്നുയെന്ന, കൊൾക്കയായിരുന്നുയെന്ന.

Me audire ഞാൻ
Te audire നീ
Illum audire അവൻ
} കൊൾക്കുന്നുയെന്ന: vel, കൊൾക്കയായിരുന്നുയെന്ന.

Nos, vos, illos audire നാം, നിങ്ങൾ, അവർ കൊൾക്കുന്നുയെന്ന. &c.

Præteritum et plusquam perfectum,

കഴിഞ്ഞകാലവും കഴിഞ്ഞ മറ്റൊന്നിന്ന മുമ്പിൽ കഴിഞ്ഞതും.

Audivisse കെട്ടത, കെട്ടുയെന്ന, കെട്ടിട്ടുണ്ടായിരുന്നുയെന്ന.

Ille dicit se audivisse vocem tuam അവൻ നിന്റെ സ്വരം കെട്ടയെന്നപറയുന്നു

Me audivisse ഞാൻ കെട്ടയെന്ന
Te audivisse നീ കെട്ടിട്ടുണ്ടായിരുന്നുയെന്ന. &c.

Futurum, Infinitivi ന്റെ

വരും കാലം.

Auditurum, am. esse, കൊൾപ്പാനിരിക്കുന്നത, കൊൾക്കുമെന്ന, കൊൾപ്പാനിരിക്കുന്നുയെന്ന.

Participium præsentis.

നില്ക്കുന്ന കാലത്തിന്റെ participium.

Audiens- ntis, കൊൾക്കുന്നവൻ, ൾ, ത. കൊൾക്കയായിരുന്നവൻ. &c. Audiens hanc lectionem plura discet, ഒരു പാഠത്തെ കൊൾക്കുന്നവൻ പല കൂട്ടങ്ങളെ പഠിക്കും.

Participium futuri, വരും കാലത്തിന്റെ participium.

Auditurus, a um, കൊൾപ്പാനിരിക്കുന്നവൻ-ൾ-ത. Convoca lectionem audituros പാഠത്തെ കൊൾപ്പാനിരിക്കുന്നവരെ നീ വിളിച്ചു കൂട്ടുക.

SUPINA.

Activi: Auditum കൊൾപ്പാൻ. Veni auditum Sacrum, കമ്പാന (കാണ്മാൻ) ഞാൻ വന്നു.

Passivi: auditu കൊൾക്കപ്പെട്ടവാൻ, auditu durum കൊൾക്കപ്പെട്ടവാൻ, vel കൊൾവിക്ക കടുപ്പമുള്ള കാര്യം.

GERUNDIA.

(In ndo,) Audiendi കൊൾക്കുന്നതിന്ന, tempus audiendi Sacrum, vel concionem, കമ്പാന, vel പ്രസംഗം കൊൾക്കുന്നതിന്നുള്ള നേരം.

(In ndo,) Audiendo കെട്ടാൽ, കെട്ടകൊണ്ട, കൊൾക്കയിൽ: audiendo lectionem, ne scribas, പാഠത്തെ കെട്ടാൽ, vel കെട്ടകൊണ്ട എഴുതരുത.

(In dum,) Audiendum കൊൾപ്പാൻ കൊൾക്കുന്നതിന്ന &c. audiendum est കൊൾക്കേണ്ടതാകുന്നു ite ad audiendum eum, അവനെ കൊൾപ്പാൻ നിങ്ങൾ പോകുവിൻ Veni ad audiendum, കൊൾപ്പാൻ ഞാൻ വന്നു

Audio എന്നതുപോലെ രൂപപ്പെട്ടതെന്നുള്ള ക്രിയാപദങ്ങൾ

Exaudio, is, ivi, itum ire അപേക്ഷകൊൾക്കുന്നു അപേക്ഷ കൈക്കൊള്ളുന്നു

Subaudio, is, ivi, itum ire ഉള്ളർത്ഥമായിട്ടു തിരിയുന്നു

Nutrio, is, ivi itum ire തീറുന്നു വളർത്തുന്നു

Vestio is, ivi, itum ire ഉടുപ്പിക്കുന്നു ധരിപ്പിക്കുന്നു

Finio is, ivi, itum ire അവസാനിപ്പിക്കുന്നു

Aperio, is, rui rtum, ire തുറക്കുന്നു
Erudio, is, ivi itum ire പഠിപ്പിക്കുന്നു
Invenio, is, eni ntum ire കണ്ടെത്തുന്നു
Linio is ivi nitum ire പൂശുന്നു
Scio is ivi itum ire അറിയുന്നു
Vincio is nxi nctum cire കെട്ടുന്നു
Haurio is hausi haustum rire കോരുന്നു

DE VERBIS PASSIVIS.

കർമ്മത്തിൽ ക്രിയാപദങ്ങളുടെമേൽ

ഇതിന്നുമുമ്പിൽ കാണിച്ചിരിക്കുന്നതുപോലെ മുമ്പെഴുതിയ Activa ക്രിയാപദങ്ങളുടെ രൂപങ്ങളോട ശരിയായിട്ട Passiva ക്രിയാപദങ്ങളുടെ രൂപങ്ങൾ നാലായിരിക്കുന്നു രണ്ടു നാല രൂപങ്ങൾ എപ്പോ Passiva ക്രിയാപദങ്ങൾക്കും Deponentia, Communia, "or" ആയിട്ട അവസാനിക്കുന്ന Neutra എന്ന ക്രിയാപദങ്ങൾക്കും മാതൃകയായിരിക്കുന്നു.

ഒന്നാമത്തെ രൂപം Amor ഞാൻ സ്നേഹിക്കപ്പെടുന്നു, amaris നീ സ്നേഹിക്കപ്പെടുന്നു amari സ്നേഹിക്കപ്പെടുന്നത

Nemo മനുഷ്യരെ കുറിച്ച പ്രയൊഗിപ്പാനുള്ളതാകുന്നു Nemo virorum
Nullus മനുഷ്യരെകുറിച്ചും മറ്റ വസ്തുക്കളെകുറിച്ചും പറയാം ut nullus hominum nullus dæmonum

Omnis എന്നുള്ളതാൽ വെറുതിരിയപ്പെടുത്തുന്നതെ കുറിച്ച പറയുമ്പൊൾ പ്രയൊഗിക്കെണ്ടതാകുന്നു

ഉദ: Omnis homo omnis planta omne animal &c. മനുഷ്യനൊക്കയും, തൈകളൊക്കയും മൃഗമൊക്കയും

"Totus" ഒരു വസ്തു ഒന്നായിട്ടും മുഴുവനായിട്ടും പറവാൻ മനസ്സായിരിക്കുമ്പൊൾ പ്രയൊഗിക്കെണ്ടുന്നതാകുന്നു. ഉദ: Totus homo മനുഷ്യൻ മുഴുവനും tota domus വീടു മുഴുവനും totum corpus ശരീരം മുഴുവനും Accepit libros omnes പുസ്തകങ്ങളെ എല്ലാം എടുത്തു എന്നും Ego legi totum ciceronem ഞാൻ സിച്ചെരൊൻ മുഴുവനും ഞാൻ വായിച്ചു എന്നും പറയുന്നു

Universus: കൂട്ടം സംബന്ധമായ പെരിനൊടുകൂടെ Universus ചെൎത്താൽ "Omnes Simul" എന്നു പറയുന്നതുപൊലെയാകും. ഉദ: Patres universi അതായത Omnes simul patres Populus universus ജനങ്ങൾ എല്ലാവരും vel ജനത്തിൽ ഉള്ളവർ എല്ലാവരുംകൂന്നിച്ചു, എന്നാൽ "Universus" ഏകവചനമായിരിക്കുന്ന മറുപെരിനൊടുകൂടെ ചെൎന്നവരുമ്പൊൾ totus എന്നതുപൊലെയാകും. ഉദ: Universus mundus എന്നുപറഞ്ഞാൽ Mundus totus ലൊകമൊക്കയും ലൊകം മുഴുവനും എന്നുപറയുന്നതുപൊലെയാകും

DE PRONOMINIBUS

പെരിന്ന പകരമുള്ള പദങ്ങളിമ്മെൽ

ചൊ: പെരിന്ന പകരമുള്ള പദമെന്നുപറയുന്നത എന്താകുന്നു ?

ഉ. ഒന്നാംക്രിയിൽ ചൊല്ലിയിരിക്കുന്നതുപൊലെ വസ്തുക്കളുടെപെരു ഒരു വാചകത്തിൽ കൂടക്കൂടെ ചൊല്ലുന്നതൊഴിപ്പാൻവെണ്ടി അതിന്ന പകരമായിട്ട പ്രയൊഗിക്കപ്പെടുന്ന പെരുകൾക്കുള്ള മൊഴികൾ ആകുന്നു ഇതുകൊണ്ടത്രെ Pro-nomina അതായത പെരിനറ പകരമുള്ള പദങ്ങൾ എന്നുപറയുന്നത

ചൊ. Demonstrativa എന്ന വിളിക്കപ്പെടുന്ന Ego ഞാൻ Tu നീ Hic ഇവൻ Iste ഇവൻ Ille അവൻ Ipse is അവൻ എന്നിപെരിന്ന പകരമുള്ള പദങ്ങൾ എന്തൊരു വിശെഷതിയെയാകുന്നു ചെൎക്കപ്പെടുന്നു ?

ഉ. Substantiva പെരുകളുടെ മറ്റു പ്രയൊഗിക്കുമ്പൊൾ genitivo എന്ന വിശെഷതിയെയാകുന്നു ചെൎക്കപ്പെടുന്നു. ഉദ: ഒരു എഴുത്തു നിനക്കു ഞാൻ എഴുതി hoc ad te litterarum dedi, Id temporis, hoc commodi, id ætatis, id virtutis.

ചൊ. Idem എന്ന പെരിന്ന പകരമുള്ള പദത്തിന്റെ പ്രയൊഗം എങ്ങനെ ?

ഉ. Idem qui, idem atque, idem ac, idem ut, എന്നതുപൊലെ ഇത vel അതുപൊലെ എന്നുള്ള അൎത്ഥത്തൊടുകൂടെ വിശെഷവാചകമായിട്ട പ്രയൊഗിക്കും. ഉദ: നീതിമാന്മാരെ എന്ന പറയുന്നതു പുണ്യവാളന്മാരതന്നെയാകുന്നു Justi iidem sunt ac sancti vel iidem sunt atque sancti vel iidem qui sancti vel iidem ut sancti.

ചൊ. അനുഭവം കാട്ടുന്ന Meus, tuus, suus, noster, vester, പ്രയൊഗിക്കുന്നതെങ്ങനെ ?

ഉ. ശരീരത്തിന്റെയൊ മനസ്സിന്റെയൊ ഒരു പങ്കുതാട്ടുന്നതുപ്പൊൾ പ്രത്യെകം pars ക്കറ പങ്കു dimidium പാതി aliquid യാതൊന്നു മറ്റും പെരുമാറുമ്പൊൾ mei tui sui എന്ന genitivus വിശെഷതി പ്രയൊഗിക്കെണ്ടതാകുന്നു. ഉദ. എന്റെ യാതൊരു പങ്കു ഇനിക്ക പൊയ്പൊയിട്ട nullam mei partem amisi meam partem എന്നു പ്രയൊഗിച്ചുകൂടാ, മറുസംഗതികളിൽ പ്രത്യെകം പ്രവൃത്തിക്കുമ്പൊൾ അൎത്ഥത്തൊടുകൂടെയാകുമ്പൊൾ അല്ലെങ്കിൽ വല്ല വസ്തുവിന്റെമെലുള്ള കൎത്തവ്യം കാട്ടുമ്പൊൾ Meus Tuus മറും Substantivo പെരിനൊടു വചനത്തിലും വഴ്ത്തിലും വിശെഷതിയിലും ഒപ്പിച്ച പ്രയൊഗിക്കയും വെണം. ഉദ: എന്റെസ്നെഹം Amor meus എന്റെ പഠിനം vel താല്പൎയ്യം Studium meum എന്റെപുസ്തകം liber meus &c.

ചൊ: Cujus, cuja, cujum എന്നതിന്റെ പ്രയൊഗമെങ്ങനെ ?

ഉ: Meus, mea, meum പൊലെ പ്രയൊഗിക്കെണ്ടതാകുന്നു അതായത അനുഭവിക്കപ്പെട്ട വസ്തുവിന്റെ വഴ്ത്തൊടു ഇതിന്റെ വഴ്ത്തു ഒപ്പിക്കണം. ഉദ: നീ ആരുടെ പടയാളിയാകുന്നു ? cujus es miles? Joannis യൊഹന്നാന്റെ. ഒരു വസ്ത്രം ആരുടെതാകുന്നു ? cuja est hæc vestis? Pauli പൌലൊസിന്റെ cujum pecus? ആട്ടും കൂട്ടം

ങ്ങടെ ? Antonii അന്തോനിയുടെ എന്നവരികിലും quis, quæ, quod എന്ന ചോദ്യത്തി ന്നടുത്ത Pronominisന്റെ genitivus ഏറാം തെളിവോടുകൂടെ പ്രയോഗിക്കയും ആം.

ചോ: Meus (mei, genit) തുലായ possessivaകളുമ്മേൽ മറ്റെതാനും സൂക്ഷിപ്പാനു ണ്ടോ ?

ഉ: രണ്ട activa ആയിട്ടും passivo ആയിട്ടുമുള്ള ക്രിയാപദങ്ങളോടുകൂടിയ substantiva പേ രുകളോടുകൂടെ ചെർക്കേണ്ടിവരുമ്പോൾ activum അർത്ഥമുള്ളേടുകളിൽ Meus,tuus,മുറാം ചെർക്കയും വേണം passivum അർത്ഥമുള്ളേടുകളോട് genitivum, mei, tui, &c. ചെർക്കയും വേണം ഉദ: Amor meus എന്റെ സ്നേഹം desiderium meum, എന്റെ ആഗ്രഹം അതായത് അതിനാൽ ഞാൻ സ്നേഹിക്കുന്നു എന്നസ്നേഹം ഞാൻ ആഗ്രഹിക്കുന്ന എന്ന ആഗ്രഹം എന്നഅർത്ഥമാകും എന്നാൽ Amor mei, desiderium tui എന്നുചൊല്ലിയാൽ എന്നെകുറിച്ചു ള്ളസ്നേഹം നിന്നെകുറിച്ചുള്ള ആഗ്രഹം എന്നർത്ഥമാകും Scito quod ego veni huc desiderio tui, നിന്നെകുറിച്ചുള്ള ആഗ്രഹത്താൽ ഞാൻ ഇവിടെവന്നുവെന്ന നീ അറിക സാമാന്യമിങ്ങനെയായിരുന്നാലും പാട്ട vel passivum അർത്ഥമുള്ള ചില substantiva പേരുകളോട് meus, tuus മുറാം ചെർത്തുവരുമാറുണ്ട ഉദ: crimen meum എൻറമേൽ ചുമത്തപ്പെട്ട കുറ്റം vulnus meum, എൻറെമുറിവ &c.

ചോ: genitivus omnium വന്നാൽ എന്തൊരു പ്രൊനൊമനൊടു ചെർക്കേണ്ടതുകുന്നു ?

ഉ: Nostrum Vestrum എന്നുകളോടു ഉദ: Pertinet ad vitam omnium nostrum, ഞങ്ങളുടെ vel നമ്മുടെ എല്ലാവരുടെ ആയുസ്സിന്നടുത്തതുകുന്നു. (cicero)

വിശേഷിച്ച Interest refert എന്ന രണ്ടു ക്രിയാപദങ്ങളെ പെരുമാറുമ്പോൾ mei, tui, sui, എന്ന genitivi വിഭക്തികൾക്കു പകരമായിട്ട Mea, tua, sua, nostra, vestra, എന്നുകളെ പെരുമാറണം ഉദ. mea interest ഇനിക്കടുത്തതുകുന്നു എന്നാൽ ഇവകളോടു unius, solius, ipsius, ipsorum എന്ന genitivi വിഭക്തികളിൽ അവശ്യംചെർക്കുന്നിനെ ചെർക്കയും ആം. ഉദ: Mea interest, vel mea unius interest, ഇനിക്കുമാത്രം അടുത്തതുകുന്നു. Tua solius refert, നിനക്കുമാത്രം അടുത്തതുകുന്നു.

DE PRONOMINE RECIPROCO, SUI, SIBI, SE.

ചോ: Pronomen Sui, Sibi, Se പ്രയോഗിക്കുന്നത എപ്പോഴുകുന്നു ?

ഉ: മുന്നുപുരുഷത്തെ persona ചെയ്യുന്ന പ്രവൃത്തി തന്നിൽ തന്നെ തിരിഞ്ഞു അവസാനിക്കുമ്പോൾ പ്രയോഗിക്കേണ്ടതുകുന്നു. ഉദ. യൊഹന്നാൻ തന്നെ താൻ ഓർക്കുന്നു. Joannes recordatur sui, Indulget Sibi, തന്നിക്ക തന്നെ ദയചെയ്യുന്നു. Amat se തന്നെ താൻ സ്നേഹിക്കുന്നു loquitur Secum തന്നെ താൻ സംസാരിക്കുന്നു ചെയ്യുന്നു. എന്നാൽ, reciprocum, suus, a aum. മൂന്നാമൊ അന്യവിഷയത്തിങ്കൽ വസ്തുവിനൊടുള്ള സംബന്ധവും അന്യഭാവും കാട്ടുന്നവാചകത്തിൽ പ്രയോഗിക്കേണ്ടതുകുന്ന ഉദ. Joannes recordatur Josephi fratris sui, യൊഹന്നാൻ തൻറെ ക്രൂടപ്പിറപ്പായ യൊസെഫിനെ ഓർക്കുന്നു ipse scripsit epistolam manu sua, അവൻതൻറെ കൈയ്യാൽ എഴുത്ത എഴുതി.

കടശിയായിട്ട ഇതിന്മേൽ സൂക്ഷിക്കേണ്ടുന്നതായ്യ Reciprocum.

Sui sibi se. ഒരാളൊ ഒരു ക്രിയാപദവും മാത്രമുള്ള വാചകത്തിൽ വരുമ്പോൾ ഓരൊ pronomen തന്നെ പ്രയോഗിക്കായ്വ ഉദ. യൊഹന്നാൻ തന്നെത്താൻ ഓർക്കുന്നു. Joannes recordatur Sui രണ്ടാളും ഒരു ക്രിയാപദവുമുള്ള വാചകത്തിൽ വന്നാൽ ഓരൊ: pronomen രണ്ടിൽ ഏതു ആളിനൊടു സംബന്ധിച്ചതുകുന്നുവെന്ന സൂക്ഷിപ്പാൻ ആവശ്യം ഇതിൻവണ്ണം രണ്ടാളും രണ്ടുക്രിയാപദവും വാചകത്തിലുണ്ടായിരിക്കുമ്പോൾ അതെന്ത പ്രവൃത്തിക്കുന്ന vel കർത്താവായിട്ട ഇരിക്കുന്നു ആളിനൊടു സംബന്ധിച്ചതുകുന്നു. എങ്കിൽ ഓരൊpronomen, അല്ലെങ്കിൽ Ipse, vel is, എന്ന pronomina കളെ പ്രയോഗിക്കയും ആം

ഉദാ. ഗുരുവിന്നു തന്റെ സ്നേഹക്കാരും തന്നോടു ഐക്യതയുള്ളവരുമായ ശിഷ്യരുണ്ടു Magister habet discipulos amatores sui conjunctos secum. തന്നോടു മുപദ്രവിക്കാതെ ഇരിക്കേണ്ടതിന്നും തന്നോടു ആയുദ്ധങ്ങളാൽ യുദ്ധം ചെയ്യാതെ ഇരിക്കേണ്ടതിന്നും ഗുരു ശിഷ്യരോടു അപേക്ഷിക്കയായിരുന്നു, Magister petebat a discipulis, ne injuriam sibi facerent, ne secum decertarent armis ഇതിൽ Sibi എന്നതിന്നു പകരമായിട്ടു Ipsi, vel ei പ്രയോഗിക്കാം എന്നാൽ reciprocum pronomen sui sibi se പ്രവൃത്തിയെഅറിയിക്കുന്ന ആളിനെ സംബന്ധിച്ചതാകുമ്പോൾ എല്ലാപ്പോഴും ഒരു pronomen തന്നെ പ്രയോഗിക്കേണ്ടതാകുന്നു അല്ലെങ്കിൽ വാചകത്തിൽ തെളിവില്ലായ്മ വരും.

Reciprocum Suus, a, um രണ്ടാളുകൾ ഉള്ളവാചകത്തിൽ വന്നാൽ അന്യഭവം പ്രവൃത്തിക്കുന്നു, vel കർത്താവായിട്ടിരിക്കുന്ന ആളിനോടു സംബന്ധിച്ചതാകുന്നുവെങ്കിൽ പ്രയോഗിച്ചു മതിയാകുന്നു എന്നാൽ അന്യഭവംപ്രവൃത്തിയെല്ലുന്ന ആളിനോടു സംബന്ധിച്ചതാകുമ്പോൾ ഒരു pronomen എങ്കിലും Ipse vel Is എന്ന pronomen യെങ്കിലും പ്രയോഗിക്കാം യൊഹന്നാൻ അന്തോന്യോടു തന്റെ വീട്ടിൻ മുമ്പാകെ സംസാരിച്ചു. Joannes locutus est cum Antonio ante domum suam (വീടു യൊഹന്നാന്റെതായിരിക്കണം) അവന്റെ വീട്ടിന്റെ അരികിൽ യൊഹന്നാനെ ഞാൻ കണ്ടു Vidi Joannem prope domum suam, vel prope domum ipsius, vel prope domum ejus. &c.

DE NOMINIBUS NUMERALIBUS

ചോ: എണ്ണത്തിന്നടുത്ത പെരുകൾ എന്ന പറയുന്നതെന്താകുന്നു ?

ഉ: എണ്ണംകാട്ടുന്ന ഒരുവകപേരത്രേ "Nomen numerale" vel മലയാഴ്മയിൽ എണ്ണത്തിനടുത്തപേര എന്നു പറയുന്നതു ഉണ്ടായിരിക്കുന്ന നാലു വക എണ്ണത്തിനടുത്ത പെരുകളും അതാതിന്റെ പ്രയോഗവും കരിപ്പും ഒന്നാംക്രമത്തിൽ മൂന്നും അല്പാഴയത്തിൽ നൊക്കി ഒന്നിയിൽ വരുത്തികൊൾക

DE CONSTRUCTIONE NOMINUM NUMERALIUM.

ചോ: എണ്ണത്തിനടുത്ത പെരുകളോടു ചെർക്കാകുന്ന വിഭക്തികൾ എന്തെല്ലാം ?

ഉ: Numeri cardinales ആയാലും Ordinales distributivi ആയിരുന്നാലും ശരി, ഇവകളോടു Genitivus വിഭക്തി vel "ex" "vel" "de" എന്ന മുൻചൊല്ലിനോടുകൂടിയ Ablativus വിഭക്തി ചെർക്കുന്ന casuകളാകുന്നു. ഉദാ: Octoginta Macedonum ചൊല്ലുന്നുണ്ടാകുന്നു എൺപത Singuli vestrum നിങ്ങളിൽ ഒരോരുത്തൻ Primus discipulorum vel primus ex discipulis ശിഷ്യരിൽ ഒന്നാമത്തവൻ unus de sanctis പുണ്യവാളന്മാരിൽ ഒരുത്തൻ bini cives ex singulis civitatibus ഓരോ നഗരിയിൽനിന്നു ഒരോരുത്ത പട്ടണവാസികൾ

ചോ: വിഭാഗ എണ്ണങ്ങൾ എന്ന പറയുന്ന numeri distributivi പ്രയോഗിക്കേണ്ടുന്നതു എപ്പോൾ ആകുന്നു ?

ഉ: ഒരു വസ്തു പലർക്കും ശരിയായിട്ടു പകുക്കപ്പെടുമ്പോൾ പ്രയോഗിക്കേണ്ടതാകുന്നു

ഉദാ: Prior distribuit Singulis Religiosis bina sudariola അദ്ധ്യക്ഷൻ ഓരോരുത സന്ന്യാസിക്കു ഒരോരുത്ത ലൈസകൊടുത്തു

ചോ: എന്നാൽ അതിനെൽ പകുതിവീഴുന്നുഎന്ന ആ വസ്തുവിന്റെപേര എന്തൊരു വിഭക്തിയിൽ വെപ്പിക്കേണ്ടതാകുന്നു ?

ഉ: സാമാന്യം "in" എന്ന മുൻചൊല്ലിനോടുകൂടിയ Accusativo വിഭക്തിയിൽ വെപ്പിക്കേണ്ടതാകുന്നു. ഉദാ: præcepit eis ut binos agnos in singulos annos solverent ആണ്ടുതോറും ഒരോരുത ചെമ്മരിയാട്ടിൻ കുട്ടികളെ വീട്ടുവാൻ അവരോടു അവൻ കല്പിച്ചു

Nota. ഒരു വാചകത്തിൽ ഒന്നിച്ച രണ്ടു എണ്ണത്തിനുള്ള പേരുകൾ വരുമ്പോൾ രണ്ടിനെയെങ്കിലും രണ്ടിൽ കുറഞ്ഞതിനെയെങ്കിലും വിശേഷിപ്പിക്കേണ്ടിവരുമ്പോൾ ഈ രീതിക്കുയും ആം. ഉദ: Bini oratores vix singulis aetatibus exiteruut ഏറിയാലും ഒരു യുഗത്തിൽ രണ്ടു പ്രസംഗി ഉണ്ടായി octogeni bini solidi militibus dati അതായത Octoginta duo solidi singulis militibus dati fuerunt ഓരോ പടയാളിക്കു എൺപത്തുരണ്ടു കാശു കൊടുക്കപ്പെട്ടു.

Nota. 2a. പലപ്പോഴും "Singuli" എന്ന വിഭാഗപേരുകളുടെ പകരം അതിന്മേൽ വീഴുന്നഎന്ന വസ്തുവിന്റെ പേരു "in" യെന്ന മുൻചൊല്ലിനോടുകൂടിയ Accusativo വിഭക്തിയിൽ വെക്കും. ഉദ: In militem, in navem, in capita അതായത in singulos milites, in Singulas naves, in singula capita, ഓരോ പടയാളിക്കു, ഓരോകപ്പലിന്നു ഓരോ ആൾക്കു.

Nota. 3a. ബഹുവചനത്തിൽമാത്രം നടപ്പായിരിക്കുന്ന Substantiva പേരുകളോടു എണ്ണത്തിനുള്ള പേരുകൾ ചെന്നുവന്നാൽ Cardinales എണ്ണങ്ങൾ unus duo tres &c. എന്നതിന്നു പകരമായിട്ടു distributivi Singuli bini &c. പ്രയോഗിക്കപ്പെടുമാറുണ്ടു. ഉദ: Binæ litteræ രണ്ടക്ഷരങ്ങൾ Bina castra രണ്ടു പാളയം Bina arma രണ്ടു ആയുധങ്ങൾ

ചിലപ്പോൾ ഏകവചനത്തിൽ നടപ്പായിരിക്കുന്ന Substantiva പേരുകളോടു പ്രയോഗിച്ചിരിക്കുന്നതു കാണുകയും ചെയ്യും Quadraginta diebus. et quatuor mensibus എന്നതിന്നു പകരമായിട്ടു quadragenis diebus. et quaternis mensibus എന്നുകാണുന്നു. വിശേഷിച്ചും വിഭാഗപേരുകൾ ഏകവചനമായിട്ടും കാണാറുണ്ടു. ഉദ: terno ordine *centena arbo re:*

MILLE ആയിരം

എന്നതിന്റെ പ്രയോഗത്തിനെൽ.

ചോ: Mille ആയിരം എന്നതിനെൽ സൂക്ഷിക്കേണ്ടുന്നതു എന്താകുന്നു:

ഉ: ൦രം പെര Adjectivum പേരായിട്ടു പ്രയോഗിച്ചാൽ പെരുക്കമില്ലാത്തതും, എല്ലാ വർഗ്ഗത്തിന്നും എല്ലാ വിഭക്തിക്കും ആകമാനമായിട്ടുള്ളതുമാകുന്നു. ഉദ: ആയിരം പടയാളികൾ Milites mille, ആയിരം പടയാളികളുടെ, Militum mille, ആയിരം പടയാളികൾക്കു Militibus mille.

എന്നാൽ Substantivum പേരായിട്ടു പ്രയോഗിച്ചാൽ Genus neutrum ഉള്ളതും ഏകവചനത്തിൽ പെരുക്കമില്ലാത്തതുമാകുന്നു ഇതിനൊടു genitivus വിഭക്തി ചെർക്കുന്നതാകുന്നു. പടയാളികളുടെ ഒരായിരം (കൊല്ലപ്പെട്ടു) Mille militum (interfectum est) interfecti sunt എന്നു പറഞ്ഞാൽ തെറ്റാകുന്നു.

എന്നാൽ ബഹുവചനത്തിൽ പെരുക്കമുള്ളതാകുന്നു ഒരു വണ്ണം. Millia, millium, millibus. ഉദ: duo millia vel tria millia hominum, രണ്ടായിരം vel മൂവായിരം പുരുഷന്മാർ. profectus est cum tribus millibus hominum, മൂവായിരം പുരുഷന്മാരൊടു vel പടയാളികളൊടു കൂടെ പുറപ്പെട്ടു. എന്നാൽ ആളിന്നുള്ള പെരല്ലാത്തപ്പോൾ genitivo വിഭക്തിക്കു പകരമായിട്ടു Accusativus വിഭക്തിയെ നടപ്പുള്ളതു ut solvit mille nummos- non mille nummorum.

ബഹുവചനത്തിൽ Millia എപ്പോഴും genitivo വിഭക്തിയൊടു ചെർക്കുന്നതാകുന്നു എങ്കിലും കാലത്തിന്നുള്ള പെരാകുമ്പോൾ Ablativo വിഭക്തിയിൽ വെക്കും Vixit tribus millibus annis മൂവായിരം വരുഷം ജീവിച്ചു.

അപ്പോഴും Adjectiva യിട്ടു bis mille milites, vel Substantivo ആയിട്ടു duo millia millium രണ്ടായിരം പടയാളികൾ Sic. Ter millie milites, vel tria millia miltum

മൂവായിരം പടയാളികൾ, centies mille milites, vel centum millia militum ആറായിരം vel ഒരു ലക്ഷം പടയാളികൾ decies centena millia militum പത്തു ലക്ഷം vel കൊടി vel undecies centena millia militum ഒരു കൊടിയും ഒരു ലക്ഷവും പടയാളികൾ duo centum, vel duo mille milites ചൊല്ലുകൂടാ bis centum vel bis mille milites ഇരുനൂറാ vel രണ്ടായിരം പടയാളികൾ എന്ന ചൊല്ലുകയും വെണം.

APPENDIX AD CAPUT SECUNDUM.

De aliquibus casibus Verbis omnibus communibus

എല്ലാ ക്രിയാപദങ്ങൾക്കു പൊതുവായിരിക്കുന്ന ചില വിഭക്തികളുമ്മെൽ

ക്രിയാപ്രകരണങ്ങളുടെ Syntaxis വിവരിക്കപ്പെടുന്നതിന്നു മുമ്പിൽ ക്രിയാപദങ്ങൾക്കു അങ്കമാനമുള്ളതായിരിക്കുന്ന ചില വിഭക്തികളുടെ വിവരവും ഇതിന്റെ കൂടെ Ablativus absolutus എന്ന ലത്തിൻപെരിൽ വിളിക്കപ്പെടുന്ന ablativiന്റെ വിവരവും മുമ്പിൽത്തന്നെ ശിക്ഷുര ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്നു തൊന്നിയിരിക്കുന്നു എന്നതിനെക്കൊണ്ടു അക്കം ഇട്ട ഇതിന്റെതാഴെ കാണിച്ചിരിക്കുന്നു,

ഒന്നാമത്തെതിൽ I.

DE DATIVO COMMODI.

ചൊ. അതിന്റെ സുഖത്തിന്നു vel സുഖക്കേട്ടിന്നു വെണ്ടി നാം യാതൊന്നു ചെയ്യുന്നു എന്ന ആളിന്റെ പെര എന്തൊരു വിഭക്തിയായി പൊരുൾതിരിക്കേണ്ടതാകുന്നു ?

ഉ: ഇങ്ങനെയുള്ള ആളിന്റെ പെര dativo വിഭക്തിയായി പൊരുൾതിരിക്കേണ്ടതാകുന്നു ഉദ : Quidquid valebo auctoritate, vel gratia valebo tibi (ait Cicero) അധികാരം കൊണ്ടും ശുപാശികൊണ്ടും എന്തെങ്കിലും ഞാൻ വശമാകുമോ ആയത നിനക്കായിട്ടു ഞാൻ വശമാകും (എന്നു ചിച്ചെരൊൻ ചൊല്ലിയിരിക്കുന്നു) Quidquid boni faciam, tibi faciam എന്തൊരു നന്മയെങ്കിലും ഞാൻ ചെയ്യുമോ ആയത നിനക്കായിട്ടു ഞാൻ ചെയ്യും.

II
DE ABLATIVO TEMPORIS.

ചൊ : നെരം വകുക്കപ്പെടുന്നതെങ്ങനെ ?

ഉ. പലവകയുണ്ടെങ്കിലും പ്രധാനമായിട്ടുള്ളത രണ്ടാകുന്നു അതായത നിശ്ചയമുള്ള നെരം കാണിച്ചു അറിയിക്കുന്നത അതായത ഒരു സംഗതിയെപ്പോൾ സംഭവിച്ചു vel സംഭവിക്കും വെന്ന ചൊദിച്ചാൽ ഉത്തരമായിട്ടു പറയുന്നത tempus determinatum എന്ന ചൊല്ലപ്പെടുന്നു. ഉദ. അവൻ എപ്പോൾ വന്നു ? കഴിഞ്ഞ ആണ്ടിൽ. അവൻ എപ്പോൾ വരും ? വരുന്ന ആണ്ടിയിൽ. രണ്ടാമത്തെവക tempus continuatum എന്നവിളിക്കപ്പെടുന്ന അതായത ഇടവിടാതുള്ള നെരം എത്ര നാളത്തേയ്ക്കു എത്രസംവത്സരത്തേയ്ക്കു എന്നുള്ള വാചകങ്ങളാൽ കാട്ടപ്പെടുന്നു ഉദ. ഇന്നാര മുപ്പത വരുഷത്തേയ്ക്കു ജീവിച്ചു vel അതാണ്ടു വരുഷത്തേയ്ക്കുമാത്രം അവൻ വാഴും &c.

ചൊ : അപ്പോഴാ tempus determinatum കൊട്ടുന്ന പെര എന്തൊരു വിഭക്തിയിൽ വെപ്പാൻള്ളതാകുന്നു ?

ഉ : മൻചൊല്ലുകൂടാതെയുള്ളablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ഉദ : അവൻ കഴിഞ്ഞ ആണ്ടിൽവന്നു venit anno præterito. vel anno superiori വരുന്ന ആഴ്ചയിൽ ഞാൻ വരും veniam hebdomada proxima അവൻ പാതിരായ്ക്കു എഴുന്നാറു surrexit media nocte വെളുപ്പിന്ന അവൻ എഴുന്നാറു surrexit primo mane. വെളുപ്പിനെ summo mane ആ നെരത്തിൽതന്നെ vel ഒരെ ക്ഷണത്തിൽതന്നെ vel ഒരെ തരത്തിൽതന്നെ അവൻ എത്തി pervenit eodem tempore, vel eodem momento vel eadem occasione. അവൻ നല്ലപ്രായത്തിൽ മരിച്ചു mortuus est ætate provecta.

Nota, ഒരുവകനെരമായിട്ട നാഴികകളുടെയും ദിവസങ്ങളുടെയും ആണ്ടുകളുടെയും എണ്ണം ക്രമത്തിന്നടുത്ത എണ്ണമായിട്ട പകൎത്തി ചെൎക്കണം ഉദ: discessit hora octava എട്ടു മണിക്കു അവൻ പുറപ്പെട്ടു പൊയി natus est die decima augusti ചിങ്ങമാസം പത്താം തീയ്യതി അവൻ പിറന്നു anno millesimo octingentesimo sexagesimo septimo ഏഴുന്നൂറാം കാലം എന്നാൽ tempore എന്ന പെരിനൊടുകൂടെ പലപ്പോഴും in എന്ന മുൻചൊല്ലു കാണും ഉദ. hoc in tempore, ഒരു നെരത്തിൽ in illo tempore ആ കാലത്തിൽ in omni tempore, എല്ലാനെരങ്ങളിൽ vel എല്ലാ കാലത്തിലും

TEMPUS CONTINUATUM.

ചൊ : ഒരുവക നെരം സംബന്ധിച്ച പെരുകൾ എന്തൊരു വിഭക്തിയിൽ ചെപ്പാനുള്ളതാകുന്നു ?

ഉ . മുൻ ചൊല്ലുകൂടാതെ vel per എന്ന മുൻ ചൊല്ലിനൊടു കൂടിയ accusativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ചിലപ്പോൾ മുൻചൊല്ലുകൂടാതെയുള്ള Ablativo വിഭക്തിയിലും കാണുകയും ചെയ്യും ഉദ : അവൻ എത്ര വൎഷത്തയ്ക്കു ജീവിച്ചു ? Quot annos vixit ? രണ്ടു വൎഷത്തെയ്ക്കു ജീവിച്ചു Vixit triginta annos, vel per triginta annos vel triginta annis. ആ രാജാവു മൂന്നു വൎഷത്തെയ്ക്കു വാണു Ille Rex regnavit tres annos, vel per tres annos, vel tribus annis.

Nota. ഒരു അവധിക്കായിട്ട നിശ്ചയിക്കപ്പെട്ട ഒരു സംഗതി അതായത ഒരു അവധി നിശ്ചയിച്ചുകൊടുക്കപ്പെട്ടുന്ന അനുവാദങ്ങൾ തൊഴിൽ മുതലായത. ad എന്ന മുൻ ചൊല്ലിനൊടു കൂടിയ accusativus പ്രയോഗിക്കപ്പെട്ടുന്നു ഉദ . Scientia, vel facultas audiendi confessiones, conceditur ad tempus ad annum കുമ്പസാൎക്കുന്നതിനുള്ള അനുവാദം, നിശ്ചയിക്കപ്പെട്ട അവധിയൊളം vel ഒരു വൎഷത്തയ്ക്കു കൊടുക്കപ്പെട്ടുന്ന Consul advitam മരണത്തൊളം കൊൻസുൽ.

വിശെഷിച്ച മറ്റു പല വിധമായിട്ടുള്ള വാക്യങ്ങളിൽ നെരത്തിൻറ ഒരുരു വിധങ്ങൾ കാണുന്നുണ്ട. ചുരുക്കികൊണ്ടു ഇവിടെ കൊട്ടുകയുമാം.

ക ഒരു സംഗതി ചെയ്യപ്പെട്ടത vel ചെയ്യപ്പെടുവാനിരിക്കുന്നത എത്രനെരം vel എത്രനാൾ മറ്റു കൊണ്ടു എന്ന ഒരുവിധം.

ഖ ഒരു സംഗതി നിശ്ചയിക്കപ്പെട്ട നെരത്തിൽ എത്ര പ്രാവശ്യം ചെയ്യപ്പെട്ടുമെന്ന ഇതു ഒരുവിധം.

ഗ ഒരു സംഗതി എത്രനാൾ കഴിഞ്ഞിട്ട ചെയ്യപ്പെട്ടുമെന്ന ഇതു ഒരുവിധം.

ഘ. ഒരു സംഗതി ചെയ്യപ്പെട്ടിട്ട എത്ര നാൾ ആയി,

ങ. Vel ഒരു സംഗതി ചെയ്യാൻ തുടങ്ങിട്ട എത്ര നാൾ എത്ര വൎഷം എന്ന ഒരു വിധം.

കാം അക്കത്തിലെ വിധത്തിനോടത്ത ഉദ: Id fecit intra tres horas മൂന്നമണി ഇട കൊണ്ട ഇതു അവൻ ചെയ്തു. vel trium horarum spatio മൂന്ന മിവസത്തിനിടയിൽ മൂന്ന മിവസം കൊണ്ട intra tres dies, vel intra triduum vel trium dierum spatio ഈ ഉദാഹരണങ്ങളിൽ സൂക്ഷിച്ചാൽ intra എന്ന മുൻ ചൊല്ലിനൊടു കൂടിയ accusativo വിഭക്തിയിൽ vel spatio എന്ന പെരിനൊടു കൂടിയ genitivo വിഭക്തിയിൽ വെഷ്ടാന്ത മുള്ളതാകുന്നവെന്ന തിരിയും.

ഖാം അക്കത്തിൽ ചൊന്ന വിധം in എന്ന മുൻചൊല്ലിനൊടു കൂടിയ Ablativo വിഭക്തിയിൽ വെഷ്ടാന്തമുള്ളതാകുന്ന ഉദ: Semel in anno, അണ്ടിൽ ഒരിക്കൽ
bis in mense മാസത്തിൽ രണ്ട പ്രാവശ്യം.
ter in hebdo mada ആഴ്ച വട്ടത്തിൽ മൂന്ന പ്രാവശ്യം
Quater in die മിവസത്തിൽ നാലുഴം.

ങാം അക്കത്തിൽ ചൊന്ന വിധം hincad, vel hinc post, vel post മാത്രം accusativo വിഭക്തിയൊടുകൂടെ പ്രയൊഗിക്കെണ്ടതാകുന്നു. ഉദ: രണ്ട മിവസം കഴിഞ്ഞിട്ട ഞാൻ പിന്തിരിയും vel ഇന്ന തുടങ്ങി രണ്ട മിവസം കഴിയുമ്പൊൾ ഞാൻ പിന്തിരിയും redibo hinc ad duos dies vel redibo hinc post duos dies, vel redibo post duos dies &c.
രാം അക്കത്തിൽ ചൊന്ന വിധം ab hinc എന്നതിനൊടു കൂടെ ഒന്നുകിൽ Ablativo അല്ലെങ്കിൽ accusativo വിഭക്തിയിൽ വെക്കയും വെണം ഉദ. Mortus est tribus ab hinc annis, vel tres ab hinc annos.

ഞാം അക്കത്തിൽ ചൊന്ന വിധം A, vel Ab, എന്ന മുൻ ചൊല്ലിനൊടു കൂടെ ablativo വിഭക്തിയിൽ vel മുൻചൊല്ലുകൂടാതെയുള്ള accusativo വിഭക്തിയിൽ വെക്കയും വെണം എന്നാൽ accusativum പ്രയൊഗിക്കുമ്പൊൾ മൂലമായ എണ്ണം ordinalis ആയിട്ട പകർത്തുകയും വെണം ഉദ. അവൻ നാല വക്ഷമായിട്ട പാരിസ പട്ടണത്തിൽ പഠിക്കുന്ന iam a quatuor annis, vel iam quartum annum studet Parisiis.

കാംശി സൂക്ഷിക്കെണ്ടുന്നതായത Ante, Post, എന്ന മുൻ ചൊല്ലുകൾ accusativum ഭരിക്കുന്നതാകുന്നവെങ്കിലും മാരത്തിനോടത്ത പൊരുകളൊടു ചെർക്കപ്പെട്ടുമ്പൊൾ മുൻ ചൊല്ല Pronomen എന്നതിനൊടും Substantivi നൊടും ഇടയിൽചെച്ചാൽ accusativo വിഭക്തിയൊടും Ablativo വിഭക്തിയൊടും ചെക്കയും ആം ഉദ. Tres ante menses, vel tribus ante mensibus മൂന്ന മാസം മുമ്പെ Paucos post dies, vel paucis post diebus എതാനും മിവസം കഴിഞ്ഞിട്ട.

III

DE SPATIO VEL DISTANTIA LOCI.

ചൊ: അകലം vel അകൽച്ച et ഇട എന്തൊരു വിഭക്തിയിൽ വെക്കെണ്ടതാകുന്നു?

ഉ: Accusativo വിഭക്തിയിലും ചിലപ്പൊൾ മുൻ ചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിലും വെഷ്ടാന്തമുള്ളതാകുന്നു: നിന്റെ വടി മൂന്ന ശജം നീളമുള്ളതാകുന്നു, baculus tuus longus est tres ulnas, vel tribus ulnis: മുപ്പതു മുഴം പൊക്കമുള്ള ചുവര, vel മതിൽ murus altus triginta cubitos vel triginta cubitis. അതു ഇരുപതു കാലടി അകലമുള്ളതാകുന്നു Illud distat viginti passus, vel viginti passibus. എന്നാൽ അളവിന്നടുത്ത പെരിനൊടു കൂടെ ഒരു comparativus ചെന്നുവന്നാൽ ablativus വിഭക്തിയെ മാത്രമെ പ്രയൊഗിക്കാവു. ഉദ: നിന്റെ ക്രൂടുനിപ്പിനെക്കാൾ നീ രണ്ടുവിരൽ അധികം പൊക്കമുള്ളവനാകുന്നു tu es duobus digitis major fratre tuo.

നിശ്ചയിക്കപ്പെട്ട ഒരിടത്തിൽ നിന്ന എതു ദൂരത്തിൽ vel അകൽച്ചയിന്ന ഒരു സംഗതി സംഭവിച്ചുവെന്ന പറയുന്ന വാക്കുകളിൽ ഉണ്ടാകുന്ന അകൽച്ചയുടുത്തെ പെര ഒന്നുകിൽ മുൻ ചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ അല്ലുകിൽ ad എന്ന മുൻചൊല്ലിനൊടു കൂടിയ accusativo വിഭക്തിയിൽ വെഷ്ടാന്തമുള്ളതാകുന്നു എന്നാൽ cardinalis

എണ്ണം ordinalis ആയിട്ടു പകർത്തണം ഉദ: അവൻ ഇവിടെ നിന്ന പത്തുകാലടി ദൂരത്തിൽ വീണു, cecidit decimo abhinc passu, vel ad decimum abhinc passum പട്ടണത്തിൽ നിന്ന മൂന്നാം നാഴികകല്ലിൽ കൊല്ലപ്പെട്ടു, Occisus est tertio milliario, vel ad tertium milliarium ab urbe.

IV

DE ABLATIVIS ‘ INSTRUMENTI,, “CAUSA,, MODI,, EXCESSUS,, PRETII, ET SOCIETATIS.

ചൊ: Instrumentum, എന്നു പറയുന്നതിന്റെ അർത്ഥം എന്താകുന്നു?

ഉ: യാതൊരുകാര്യം ചെയ്യുന്നതിനു നാം പ്രയോഗിക്കുന്ന കരുവതെ instrumentum എന്നപറയുന്നത: ഉദ: യുദ്ധംചെയ്യുവാൻ തൊക്കു, വാൾ, തൈക്കുന്നതിനു സൂചി, കളിക്കുന്നതിനു പന്തു മുതലായ്വ.

ചൊ: Causa എന്നു പറഞ്ഞാൽ എന്തു?

ഉ: മറ്റൊരുവ്യക്തിനു കാരണമായിരിക്കുന്നു എന്നത causa എന്നുവിളിക്കപ്പെടുന്നു ഉദ: മരണത്തിനു പനി പഞ്ഞം കാരണമാകുന്നു.

ചൊ: Modus എന്നുപറയുന്നത എന്താകുന്നു?

ഉ: ഒരു കാര്യം ഏതുവിധത്തിൽ, ഏതുപ്രകാരത്തിൽ ചെയ്യപ്പെടുന്നു യെന്ന കാട്ടുന്ന പൊരുൾ അതെ Modus എന്നവചനത്തിൽ അടങ്ങിയിരിക്കുന്നത.

ചൊ: അപ്പോൾ Instrumentum causa modus എന്നുള്ളവാക്കുകൾ ചെന്ന പൊരുൾ എന്തൊരുവിഭക്തിയിൽ വെക്കേണ്ടതാകുന്നു?

ഉ: മുൻ ചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ വെക്കേണ്ടതാകുന്നു ഉദ: Ferire gladio, വാൾകൊണ്ടു കുത്തുന്നത.

Fame, frigore interire വിശപ്പാലയും കുളിരാലയും മരിക്കുന്നത:

Incedere lento gradu, സാവധാനത്തിൽ നടക്കുന്നത:

കരുവിന്നാട്ടത്ത ഉദാഹ:

Ludere pila പന്തുകളിക്കുന്നത
Sonare cithara വീണ വായിക്കുന്നത

കാരണത്തിന്നാട്ടത്ത ഉദ.

Terrore percelli ഭയം vel പരിഭ്രമം കൊള്ളുന്നത
Pallescere culpa കുറ്റത്താൽ വിളർക്കുന്നത
Vir natura ferus സ്വഭാവത്താൽ ക്രൂരനായിരിക്കുന്നമനുഷ്യൻ

പ്രകാരം vel വിധത്തിന്നാട്ടത്ത ഉദാഹരണങ്ങൾ

Nudo capite incedere തല മൂടാതെ നടക്കുന്നത
Aliquid agere dedita opera vel consulto മനസ്സുവെച്ച vel അറിഞ്ഞും മനസ്സുവച്ചുംകൊണ്ട യാതൊരു പ്രവൃത്തിചെയ്യുന്നത
Loqui lingua latina vel latino idiomate ലത്തീൻഭാഷയിട്ട സംസാരിക്കുന്നത
Loqui lingua vernacula നാട്ടുഭാഷയിൽ സംസാരിക്കുന്നത

DE EXCESSU

ചൊ: Excessus കവിച്ചിൽ ആധിക്യം എന്നുപായുന്നത എന്തൊരു വിഭക്തിയായി പൊരുൾ തിരിക്കേണ്ടതാകുന്നു ?

ഉ: കവിച്ചിൽ, ആധിക്യം vel വമ്പുകാട്ടുന്ന വസ്തുവിൻറെ പെര ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: Rex Salomon Superavit omnes reges Sapientia & divitiis ശ്ലോമോൻ രാജാവ ബുദ്ധിജ്ഞാനംകൊണ്ടു, സമ്പത്തുകൊണ്ടു ശെഷം രാജാക്കന്മാരെ ജയിച്ചു vel മെലെപ്പെട്ടവനായി &c.

DE PRETIO

ചൊ: വിലയ്ക്കുള്ള പെരുകളും ക്രിയാപദങ്ങളും എന്തൊക്കയാകുന്നു ?

ഉ: കാശു, പുത്തൻ, ചക്രം, രൂപാമുതലായ വിലയ്ക്കുള്ള പെരുകൾ ആകുന്നു, മതിക്കുന്നു, വിലയുള്ളതായിരിക്കുന്നു, വില പിടിക്കുന്നു (Valere) വാങ്ങുന്നു വില്ക്കുന്നു കൂലിക്കു vel പാട്ടത്തിന്നുകൊടുക്കുന്നു, ഇവകളൊടു സമമുള്ളത വിലയ്ക്കുള്ള ക്രിയാപദങ്ങൾ ആകുന്നു.

ചൊ: അപ്രകാരം വിലയ്ക്കുള്ള പെര എന്തൊരു വിഭക്തിയിൽ വെക്കേണ്ടതാകുന്നു

ഉ: വിലയ്ക്കുള്ളപെര വിലയ്ക്കുള്ള ക്രിയാപദത്തൊടു ചെർന്നവരുമ്പൊൾ മൻചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: ഒരു പുസ്തകം രണ്ടു രൂപാ വിലയുള്ളതാകുന്നു hic liber constat duabus rupiis ആ രൂപായ്ക്കു, ആ പാന്തിനെ ഞാൻ വാങ്ങി Ego emi palmetum illud centum rupiis യൊസെഫ മദിയനത്തിക്കാരായ കച്ചവടക്കാൎക്ക ഇരുപതു വെള്ളികാശിന്നു വില്ക്കപ്പെട്ടു Joseph venditus fuit mercatoribus Madianitis viginti argenteis ആ വീടു മുപ്പതു പൊൻകാശിന്നു വില്ക്കപ്പെട്ടു domus illa vendita est triginta aureis.

Nota Solvo, is എന്ന ക്രിയാപദത്തൊടു കൂടെ കൊടുക്കുന്ന വില accusativo വിഭക്തിയിലും (utobjectum) വാങ്ങുന്ന vel വാങ്ങിക്കപ്പെടുവസ്തു "pro,, എന്ന മൻചൊല്ലിനൊടു കൂടിയ ablativo വിഭക്തിയിലും വെക്കപ്പെടുന്നു ഉദ: മുന്തിരിങ്ങാതൊട്ടത്തിന്നായിട്ട ആയിരം രൂപാ പത്രൊസിന്നു ഞാൻകൊടുത്തു Solvi Petro provinea millie rupias Emo, is, വാങ്ങുന്നു എന്ന ക്രിയാപദം പ്രയൊഗിച്ചാൽ മെലെഴുതിയഉദാഹരണം ഒരു വണ്ണം പൊരുൾ തിരിക്കേണ്ടതാകുന്നു അതായത: emi a Petro vineam mille rupiis.

Nota വില നിശ്ചയമില്ലാത്തതാകുന്നു യെങ്കിൽ tanti. quanti, pluris, minoris. satis magni, nimio pluris (അധികം) എന്ന genitivi വിഭക്തികൾ പ്രയൊഗിക്കപ്പെടുന്നു ഉദ, Magni aestimatur, വമ്പുരെ മതിക്കപ്പെടുന്നു. parvi constat അല്പവിലയുള്ളതാകുന്നു. Nihili valet. ഏതും വിലയുള്ളതല്ല. tanti valet, ഇത്രവിലയുള്ളതാകുന്നു. Pluris aestimabitur, അധികം മതിക്കപ്പെടും. aliquid satis magni aestimare, യാതൊരു വസ്തുവിനെ മതിയാകുംവണ്ണം മതിക്കുന്നത nimio pluris aestimare, അധികമായി കരുതി നിശ്ചയിക്കുന്നത, vel മതിക്കുന്നത &c.

DE SOCIETATE.

ചൊ: കൂട്ടു എന്തൊരുവിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ?

ഉദ: Cum എന്ന മൻചൊല്ലിനൊടു കൂടിയ ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: Frater tuus occisus est cum aliis decem personis, നിൻറെ കൂടപ്പിറപ്പു മാരിൽ പത്തുപെരൊടു കൂടെ കൊല്ലപ്പെട്ടു Mercatores qui eme runt Josephum petebant Aegyptum cum multis camelis, യൊസെഫിനെ വാങ്ങിയ കച്ചവടക്കാരായ ഒട്ടകങ്ങളൊടു കൂടെ ഈ ജീപുലിയ്ക്കു പൊകയായിരുന്നു.

V

DE ABLATIVO ABSOLUTO.

ചൊ: Ablativus absolutus എന്നു പറഞ്ഞു വരുന്നത എന്താകുന്നു? എപ്പോൾ പ്രയോഗിക്കപ്പെടുന്നു?

ഉ: ഒരു വാചകത്തിൽ രണ്ടുപ്രകാരം അവ്വെങ്കിൽ „ns,, vel,, us,, ആയിട്ട അവസാനിക്കുന്ന Participiaകളിൽ ഒന്നിനൊട്ടു ക്രിയ ഒരുപ്രകാരം, ആ വാചകത്തിലുള്ളതിൽ യാതൊരു ക്രിയാപദത്താൽ യെങ്കിലും മറ്റു മൊഴിയാൽ യെങ്കിലും ഭരിക്കപ്പെടാത്തതായി, തന്നിച്ചു വരുമ്പോൾ ablativo വിഭക്തിയായിപ്പൊരുൾ തിരിക്കേണ്ടതാകുന്നു, ഇതു ഹേതുവായിട്ടത്രെ ablativus absolutus വിളിക്കപ്പെട്ടുന്നത: ഒരുവണ്ണം absolutus അതായത മറ്റമൊഴികളൊട്ടു കൂട്ടുപാടില്ലാത്തതാകകൊണ്ടു ആ വാചകത്തിൽ നിന്ന ഇതു നിക്കിയാൽ മറ്റു മൊഴികളുടെ അർത്ഥത്തിന്ന യാതൊരു ചെച്ചുകേടുവരികയില്ല. ഉദ: Iudex,, auditis testibus,, tulit sententiam, ന്യായവിധിക്കാരൻ,, സാക്ഷിക്കാരരെ കെട്ടിട്ട,, തീർപ്പുചെയ്തു. ഇതിൽ ablativus absolutus ആയിരിക്കുന്നു,, auditis testibus,, എന്ന മൊഴികളെ നീക്കിയാലും Iudex tulit sententiam എന്ന മൊഴികളുടെ അർത്ഥത്തിന്ന ചെച്ചു കേടെങ്കിലും ഭേദമെങ്കിലും വരികയില്ല. അപ്പോൾ ഇതു കൊണ്ടത്രെ Ablativus absolutus എന്നു വിളിക്കപ്പെട്ടുന്നതു മുൻ ചൊല്ലിനാൽ ഭരിക്കപ്പെടാത്തതു കൊണ്ടാകുന്നു എന്ന ചിലർ പറഞ്ഞിരിക്കുന്നതു നേരല്ല അതുതന്നെ മുൻ ചൊല്ല തിരിച്ചു ഒരിക്കലും കാണുകയില്ലയെങ്കിലും ഉള്ളർത്ഥമായിട്ട ഉണ്ടായിരിക്കുന്നു ചിലപ്പോൾ a, vel ab, ചിലപ്പോൾ de, cum, എന്ന മുൻചൊല്ലുകൾ ഉള്ളർത്ഥമായിട്ട ഉണ്ടാകയും ചെയ്യും എന്നാൽ a, vel ab, എന്ന മുൻചൊല്ലിന്മേൽ സൂക്ഷിക്കേണ്ടുന്നതായത കാലം സംബന്ധിച്ച വാചകമായിട്ട വരുമ്പോൾ post എന്നുള്ള അർത്ഥമായിട്ടിരിക്കും കീഴിൽ എന്ന പ്രൊരുൾ തിരിക്കാകുന്നതാകുമ്പോൾ sub എന്ന അർത്ഥത്തൊട്ടു കൂടിയുള്ളതാകും. ഉദ. mortuo patre regnavit filius എന്നു പറഞ്ഞാൽ a mortuo patre അതായത post mortuum patrem regnavit filius അപ്പൻ മരിച്ചിട്ട മകൻ വാണ എന്നർത്ഥമാകും അതിൻവണ്ണം തന്നെ Id fecit me præsente അതായതു id fecit sub me præsente എന്നർ മുമ്പാകെ vel ഞാൻ നിൽക്കയിൽ അവൻ ഇതു ചെയ്തു. അതിൻവണ്ണംതന്നെ Me consule, എന്നു പറഞ്ഞാൽ Sub me consule അതായത ഞാൻ കൊൻസുൽ ആയിരിക്കയിൽ vel കൊൻസുളിന്റെ ഉദ്യോഗം ഞാൻ നടത്തിയ കാലത്തിൽ എന്നർത്ഥമാകും. അപ്പോൾ:

ഒന്നാമത

മലയാളത്തിൽ - പൊകയിൽ, ചെയ്കയിൽ, പൊകുമ്പോൾ, പൊയാൽ, എന്നിങ്ങനെ വരുന്ന ക്രിയാപദങ്ങളും ഓരോ ക്രിയാപദങ്ങളൊട്ടു regens ആയിട്ട ചെന്നിരിക്കുന്ന പെരും pronomen മെൽ ചൊല്ലിയിരിക്കുന്നതുപൊലെ വാചകത്തിന്റെ മറ്റു മൊഴികളൊട്ടു കെട്ടുപാടില്ലാതെ തനിച്ചുള്ളതാകുന്നുയെങ്കിൽ Ablativus absolutus ആയിട്ട ചൊരുൾ തിരിക്കേണ്ടതാകുന്നു മെൽ ചൊല്ലിയ വാചകങ്ങളൊട്ടു സമമുള്ളതിനെ കുറിച്ചും ഇത തന്നെ പറകയുംമാം താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ചു കൊൾക.

ഉ Discedente patre, discessit et filius അപ്പൻ പുറപ്പെട്ടു പൊകയിൽ മകനും പുറപ്പെട്ടുപൊകയും ചെയ്തു.

ഉ Ethnicis imperatoribus Ecclesiam persequentibus, magis ac magis enituit christianorum virtus കാഫ്യ എന്നുള്ളൊരിമാര തിരു സഭയെ ഞെരുക്കിയിൽ vel ഞെരുക്കിയതുകൊണ്ടു ക്രിസ്ത്യാനികളുടെ പുണ്യം അധികം പ്രകാശിച്ചു.

ഉ Imperante Cæsare Augusto, erat in pace universus orbis, കൈസർ ഔഗസ്തൂസു വാഴുകയിൽ vel ഔഗുസ്തൂസിന്റെ വാഴ്ചയുടെ കീഴിലൊകമൊക്കയും സമാധാനത്തിൽ ആയിരുന്നു.

രണ്ടാമത

കഴിഞ്ഞ participium അതിനൊട്ടു ചെന്ന Substantivum പെരും മെൽ ചൊല്ലി

യിരിക്കുറ വണ്ണം വാചകത്തിന്റെ മാറ മൊഴികളോട കൊടുപാടില്ലാത്തതാ കുന്നവെ കിൽ ablativus absolutus ആയിട്ട പൊരുൾ തിരിക്കേണ്ടതാകുന്ന ഉദ : mortuo patre regnavit filius അപ്പൻ മരിച്ചിട്ട മകൻ വാണു.

Duce interfecto milites fugerunt കുപ്പിത്താൻ കൊല്ലപ്പെട്ടിട്ട പടയാളികൾ ഓടിപ്പോയി

Saul cæsis Amalecitis servavit Regem contra Domini interdictum ശാവൊൽ അമലെച്ചീത്തക്കാരെ കൊന്നിട്ട കർത്താവിന്റെ വിലക്കിന വിരോധമായിട്ട രാജാവിനെ കാത്തുരെക്ഷിച്ചു vel കൊന്നില്ല.

മൂന്നാമത

Participium futuri rus, ra, rum തക്കവാചകമായിട്ടവന്നാൽ Ablativus absolutus ആയിട്ട പൊരുൾതിരിക്കയും ആം. ഉദ: Regina ventura magnum gaudium erat in urbe രാജസ്ത്രീ വരുവാനിരിക്കയിൽ vel വരുവാനിരുന്നതുകൊണ്ട പട്ടണത്തിൽ വലിയ സന്തോഷമുണ്ടായിരുന്നു.

നാലാമത

മലയാഴ്മയിൽ രണ്ട ക്രിയാപദങ്ങൾ ഒരു വാചകത്തിൽതന്നെവരികയും അതിൽ മുമ്പെഴുന്നാമത്തെതിനൊടും "ആതെ" എന്ന Negativa particula ഉണ്ടായിരിക്കയും, ചെയ്യുമ്പോൾ "ആതെ" എന്ന particulaയൊടുകൂടിയ ക്രിയാപദവും, അതിനൊട ചെന്നിരിക്കുന്ന Substantivum പെരും ablativus absolutus ആയിട്ട പൊരുൾതിരിക്കയും ആം. ഉദ: അവൻ കൈകളെ കഴുകാതെ തിന്നുന്ന Non lotis manibus manducat അപ്പൻ കാണാതെ അവൻ പുറത്തുപോയി vel പുറപ്പെട്ട exiit patre non vidente അവന്റെ പുറകിൽ ആരും ചെല്ലാതെ അവൻ ഓടിപ്പോയി fugit memine insequente.

NOTA.

മേലെഴുതിയ ഉദാഹരണങ്ങളെസൂക്ഷ്മത്താൽ മലയാഴ്മ particula "ആതെ" ലത്തീനിൽ "Non" എന്ന negativa particula കൊണ്ട പൊരുൾ തിരിക്കേണ്ടതാകുന്നവെന്ന തീരിയുമല്ലൊ? എന്നാൽ മലയാഴ്മയിൽ "ആതെ" എന്ന particulaയൊടുകൂടിയ ക്രിയാപദത്തിന്റെ ശേഷാവസ്ഥ വന്ന വാചകത്തിന്റെഒരിൽ ഉണ്ടായിരിക്കുന്ന ക്രിയാപദത്തൊട "ഇല്ല" എന്ന Negativum verbum ഉണ്ടായിരുന്നാൽ "Non" എന്നതിന്ന പകരമായിട്ട "Nisi" പ്രയൊഗിക്കയുംവെണം. ഉദ: അവൻ കൈകളെ കഴുകാതെ ഒരിക്കലും തിന്നുന്നില്ല Nunquam manducat nisi lotis manibus ഒരു വാചകം, സൂക്ഷ്മമായിട്ട മലയാഴ്മ ഒരു വണ്ണം, പൊരുൾതിരിക്കാം, അതായത അവൻ കൈകളെ കഴുകിയല്ലാതെ ഒരിക്കലും തിന്നുന്നില്ല. ഒരു പൊരുൾതിരിപ്പിനെന്നൊക്കി ഇല്ലപ്പൊലെയുള്ള വാചകങ്ങളെ പൊരുൾതിരിച്ചുകൊൾക. ഉദ: ആ ഭാഗത്തൊട്ട കണ്ണുകളെ തിരിച്ചിട്ട നിന്റെ കൂടപ്പിറപ്പിനെയല്ലാതെ മറ്റൊരുത്തനെയും ഞാൻ കണ്ടില്ല illorsum oculis conversis neminem vidi nisi fratrem tuum അവര ഏറിയ ദുഷ്ണങ്ങളെ പറകയിൽ തമ്പുരാൻ നിങ്ങളെ രെക്ഷിക്കട്ടെഎന്ന അല്ലാതെ മറ്റൊന്നും ഞാൻ പറഞ്ഞില്ല illis plura blasphemantibus ego nihil dixi nisi Deus vos salvet ഞാൻ സമ്മതിച്ചല്ലാതെ യാതൊരുകാര്യം അവൻ ചെയ്തിരുന്നില്ല ille nihil faciebat nisi me consentiente &c.

അഞ്ചാമത.

ഏറാം നടപ്പുള്ളതായിരിക്കുന്ന

ABLATIVI ABSOLUTIകളുടെ കുറിപ്പ.

1. Tubente Deo ivit ൧. തമ്പുരാൻ കല്പിച്ചിട്ട vel കല്പിക്കയിൽ അവൻ പൊയി

2. Deo sic permittente occidi illum	൨. സൎവ്വേശ്വരൻ അനുവദിച്ചിട്ട അവനെ ഞാൻ കൊന്നു
3. Deo juvante vel auxiliante vel opitulante vel auspice Deo ibo	൩. സൎവ്വേശ്വരൻ തുണക്കുന്നതുകൊണ്ടു vel സഹായിച്ചാൽ ഞാൻ പോകും
4. Oriente sole vel occidente sole morietur	൪. ആദിത്യൻ ഉദിച്ചിട്ട vel ആദിത്യൻ അസ്തമിച്ചിട്ട അവൻ മരിക്കും
5. Ingruente nocte fur venit	൫. രാത്രി അടുത്തിട്ട കള്ളൻ വന്നു
6. Duce Antonio vicerunt	൬. അന്തോനി കപ്പിത്താനായിട്ട അവർ ജയിച്ചു
7. Teste Sancto Thoma res ita est	൭. മാൎത്തൊമ്മ മല്പാൻ സാക്ഷി സംഗതി ഇങ്ങനെ വണ്ണം താനും
8. Me iudice lis finita est	൮. ഞാൻ ന്യായവിധിക്കാരനായിട്ട വഴക്ക അവസാനിച്ചു
9. Comite Angelo prospere pervenies	൯. മാലാഖ കൂട്ടുകാരനായിട്ട സൌഖ്യമായിട്ട vel ശ്രമയിട്ട നീ എത്തും
10. Conscio patre vel consentiente patre fac ut dixisti	൧൦. അപ്പൻ സമ്മതിച്ച vel സമ്മതിച്ചാൽ vel അപ്പന്റെ സമ്മതത്തോടുകൂടെ നീ പറഞ്ഞതുപോലെ ചെയ്ക
11. Inscio vel nescio vel ignaro patre fecit	൧൧. അപ്പൻ അറിയാതെ അവൻ ചെയ്തു
12. Invito vel adverso vel repugnante patre ne facias	൧൨. അപ്പൻ വിരോധിച്ചാൽ vel അപ്പന്റെ മനസ്സുകൂടാതെ നീ ചെയ്യരുത
13. Paucis exceptis omnes consentiunt	൧൩. കുറെ പെരൊഴികെ എല്ലാവരും സമ്മതിക്കുന്നു
14. Omnes consentiunt nemine excepto	൧൪. യാതൊരുത്തനും ഒഴിയാതെ എല്ലാവരും സമ്മതിക്കുന്നു
15. Insalutato hospite discessit	൧൫. വിട്ടതിക്കാരനൊട്ട സലാം പറയാതെ, അരുതായത, യാതൊരുത്തനൊട്ട മിണ്ടാതെ അവൻ പൊയി

ചൊ: എന്നാൽ കടശിയായിട്ട Participium അതിനൊട്ടചെൎന്ന പെരും ablativus absolutus ആയിട്ട പൊരുതിതിരിക്കെണ്ടുന്നതു എപ്പൊഴും ആകുന്നുവെന്ന കൊൾക്കട്ടെ ?

ഉ: ആ പെരുതന്നെ Participium എന്നതിനെയും ശെഷം വാചകമൊഴികളെയും ഭരിക്കുമ്പൊൾ ആകുന്നു

ചൊ: അപ്പൊൾ ആ പെരും അതിനൊട്ടചെൎന്ന participium എന്തൊരുവിഭക്തിയിൽ വെക്കെണ്ടതാകുന്നു ?

ഉ: വാചകത്തിലുണ്ടായിരിക്കുന്ന ക്രിയാപദങ്ങൾ personalia യാകുന്നുവെങ്കിൽ nominativo വിഭക്തിയിൽ Impersonalia യാകുന്നുവെങ്കിൽ അതുകൾക്ക വെണ്ടുന്ന വിഭക്തിയിൽ വെക്കെണ്ടതാകുന്നു

ഉദാഹരണങ്ങൾ

Circero proconsul in Ciliciam proficiscens, Athenas venit ചിച്ചെരൊ പ്രൊക്കൊൻസുലായിട്ട ചിലിച്ചിയയിലയ്ക്ക പുറപ്പെട്ടുപൊകയിൽ അത്തെനെന്ന പട്ടണത്തിൽ വന്നു.

Me contemplantem Vulnera Christi poenitet peccatorum മിശിഹായുടെ മുറിവുകളെ സൂക്ഷിച്ച ധ്യാനിക്കുന്ന ഞാൻ തൊഷങ്ങളുള്ളമ്മൽ മനസ്സാപപ്പെടുന്നു.

എന്നാൽ മലയാഴ്മയിൽ Participium, അതിനൊട്ടചെൎന്ന പെരാൽ ഭരിക്കപ്പെട്ടുകയും, പ്രധാനമായിട്ടുള്ള ക്രിയാപദം വെറിട്ടൊരു പെരാൽ ഭരിക്കപ്പെട്ടുകയും ചെയ്യും

ല്യാ ablativus absolutus ആയിട്ട പൊരുൾ തിരിപ്പാൻ തക്കവാചകമല്ലയെങ്കിൽ ആ വാചകത്തിൽ pronomen vel മലയാള particula,, എന്ന,, ഉണ്ടായിരുന്നാൽ, അതു ഏതുവിഭക്തിയിൽ വെക്കേണ്ടതായിട്ട പ്രധാന ക്രിയാപദം കാട്ടുമോ ആ വിഭക്തിയിൽ തന്നെ participium, അതിനൊട്ട ചെർന്ന പൊരുൾ വെക്കേണ്ടതാകുന്നു.

ഉദ : Omnes admirabantur Ciceronem perorantem, ന്യായം പറഞ്ഞു പ്രസംഗിച്ചിരുന്ന ചിച്ചെരൊ നിന്റെ സാമർത്ഥ്യത്തിങ്കൽ എല്ലാവരും അതിശയപ്പെട്ടിരുന്നു.

Multi occurrerunt ciceroni redeunti ab exilio, അലസി ഭംഗത്തിൽ നിന്ന പാർത്തിരിഞ്ഞിരുന്ന ചിച്ചെരൊ നിന്റെ എതിരെല്ലിന്ന വളരെ പെരുചൊയി &c.

CAPUT TERTIUM DE SYNTAXI VERBORUM

ക്രിയാപദങ്ങളുടെ പ്രയൊഗരീതി.

നാം അദ്ധ്യായം

Activa ക്രിയാപദങ്ങളുടെ Syntaxis ആരംഭിക്കുന്നതിന്നു മുമ്പിൽ എതാനും പൊതുവായ കാനൊനകളെ കാട്ടുവാൻ നിശ്ചയിച്ചിരിക്കുന്നു ഒരൊ കാനൊനകൾ നമ്മുടെ ഒരൊ ഗ്രമത്തിക്കിൽ പല ഇടങ്ങളിലായിട്ട കാണിച്ചിട്ടുള്ളതാകുന്നു വെങ്കിലും ശിഷ്യരുടെ ഉപകാരത്തിന്നായ്ക്കൊണ്ട ഇവിടെ ഒന്നായിട്ട കാട്ടുകയും ആം.

൧മത. Sum, es, est എന്ന ക്രിയാപദത്തിന്ന മുമ്പും പിമ്പും Nominativus വെക്കയും വെണം ഉദ : Deus est clemens, സർവ്വെശ്വരൻ അനുഗ്രഹമുള്ളവനാകുന്നു.

൨മത : Infinitivo വിധത്തിലെ ക്രിയാപദമൊഴികെ ശെഷം വിധമായിട്ടുള്ള ക്രിയാപദത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളതുമായിട്ടെങ്കിലും ഒരു nominativus വിഭക്തിയുണ്ടാകും ഉദ. Petrus legit പത്രൊസുവായിക്കുന്നു Virtus laudatur abomnibus, പുണ്യം എല്ലാവരാൽ സ്തുതിക്കപ്പെടുന്നു. Amo ഞാൻ സ്നെഹിക്കുന്നു. "ego,, എന്ന nominativus ഉള്ളതുമായിട്ട തിരിയപ്പെടുന്ന ചിലപ്പൊൾ Infinitivus nominativo വിഭക്തിക്കു പകരമായിട്ട നില്ക്കും ഉദ. Peccare est turpe, തൊഷം ചെയ്യുന്നത കഷ്ടമാകുന്നു.

൩. ഒരു Activum ക്രിയാപദത്തിന്റെ ശെഷം ഉള്ളതുമായിട്ടെങ്കിലും തിരിച്ചെങ്കിലും ഒരു Accusativus വിഭക്തിയെ ഇണ്ടായിരിക്കുന്നു ഉദ. Deus punit improbos സർവ്വെശ്വരൻ ദുഷ്ടന്മാരെ ശിക്ഷിക്കുന്നു. Tu legis നീ വായിക്കുന്നു ഉള്ളതുമായിട്ട "librum,, എന്ന Accusativus വിഭക്തിയുണ്ടെന്ന ഓൎത്തുകൊൾക ചിലപ്പൊൾ "Infinitivus,, Accusativo വിഭക്തിക്കുപകരമായിട്ട വരും. ഉദ. Tu cupis legere, നീ വായിപ്പാൻ ആഗ്രഹിക്കുന്നു. അതായത, വായിക്കുന്നത എന്നിക്കുവെണ്ടി നീ ആഗ്രഹിക്കുന്നു എന്ന പറയുന്നതുപൊലെയാകുന്നു.

൪ : Verbum passivum എന്ന ക്രിയാപദത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളതുമായിട്ടെങ്കിലും ഒരു nominutivus വിഭക്തിയും, അതിന്റെശെഷം സംമാന്യം "a,, vel,, ab,, എന്നതിൻ പൊരുളിനാടു കൂടിയ Ablativum ഉണ്ടാകും. ഉദ. Vitium vituperatur ദുർഗ്രണം കാറും പറയപ്പെടുന്നു. Legitur വായിക്കപ്പെടുന്നു അതായതു liber പുസ്തകം vel, lectio legitur എന്ന ഉള്ളതുമായിട്ടുള്ള nominativus തിരിയപ്പെടുന്നു Vitium vituperatur ab hominibus bonis ദുർഗ്രണം നല്ല മാനുഷരാൽ കാറും പറയപ്പെടുന്നു Homines extolluntur virtute, മാനുഷർ പുണ്യത്താൽ ഉയൎത്തപ്പെടുന്നു.

൫ : Infinitivus വിധത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളതുമായിട്ടെങ്കിലും ഒരു Accusativus വിഭക്തിയെ ഇണ്ടായിരിക്കുന്നു. ഉദ. Scio te amare Deum, നീ തമ്പുരാനെ

സ്നേഹിക്കുന്നുയെന്ന ഞാൻ അറിഞ്ഞിരിക്കുന്നു. Tu vis discere പഠിപ്പാൻ നീ മന സ്സായിരിക്കുന്നു അതായത Tu vis te discere.

DE CONSTRUCTIONE VERBORUM ACTIVORUM.

ചൊ: Verbum activum എന്ന പറയുന്നതെന്താകുന്നു ?

ഉ: ഒന്നാമതു വിഷയത്തിലുള്ള കടക്കുന്ന പ്രവൃത്തിയെ കാട്ടുകയും o, ആയിട്ട അവ സാനിക്കയും ഒരു അക്ഷരത്തിന്റെ ശേഷം ഒരു r, എന്ന അക്ഷരം കൂട്ടിയാൽ Passivum ക്രിയാപദമായി പകരപ്പെട്ടുകയും ചെയ്യുന്ന ഒരു വക ക്രിയാപദമത്രെ Verbum activum മലയാഴ്മയിൽ സകർമ്മ ക്രിയ എന്ന പറയുന്നത. ഉദ: Amo ഞാൻ സ്നേഹിക്കുന്നു. Amor ഞാൻ സ്നേഹിക്കപ്പെടുന്നു.

ചൊ; Activa ക്രിയാപദങ്ങൾ എത്ര ക്രമങ്ങളായിട്ട പകുക്കപ്പെടുന്നു ?

ഉ: ഇവകളുടെ വഴ്ത്തൽ ഒരു Accusativum വിഭക്തിയെ മാത്രം ചെർക്കുന്നതാകയാൽ ഒരു തരത്തിലും ക്രമത്തിലും ചെർക്കാം എന്നവരികിലും Accusativo വിഭക്തിയൊടു കൂടെ മറ്റു ചില വിഭക്തികളും ചെന്നു വരുന്നതുകൊണ്ട ഏറാം തെളിവുണ്ടാകുന്നതിന്ന ആറു ക്രമങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു.

ചൊ: ഒരു ക്രമങ്ങൾ ആദ്യം ചൂണ്ടിയ വചനമായിട്ട പകുത്തുകൊൾക്കട്ടെ.

ഉ: ഒന്നാമത്തെ ക്രമത്തിൽ ക്രിയാപദത്തിൽനിന്ന പുറപ്പെടുന്ന പ്രവൃത്തി എല്ലുന്ന വിഷയത്തിന്റെ Accusativus വിഭക്തി മാത്രമുള്ള ക്രിയാപദങ്ങൾ അടങ്ങിയിരിക്കുന്നു.

മെൽ ചൊല്ലിയ Accusativus വിഭക്തി കൂടാതെ ഒരു genitivus കൂടെയും ചെന്നുണ്ടാകുന്ന ക്രിയാപദങ്ങൾ രണ്ടാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

മെൽ ചൊല്ലിയ സ്വന്തമായിട്ടുള്ള Accusativus വിഭക്തിയെഴികെ ഒരു Dativus വിഭക്തി ചെർക്കപ്പെടുന്ന ക്രിയാപദങ്ങൾ മൂന്നാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

സ്വന്തമായിട്ടുള്ള Accusativus വിഭക്തിയെഴികെ വെറിട്ടൊരു Accusativum വിഭക്തിയെ ചെർക്കുമെന്നുള്ള ക്രിയാപദങ്ങൾ നാലാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

Acctiva ക്രിയാപദങ്ങൾക്ക സ്വന്തമായിട്ടുണ്ടായിരിക്കുന്ന Accusativus വിഭക്തിയെഴികെ præpositio കൂടാതെയുള്ള ഒരു Ablativum ചെർക്കുമെന്നുള്ള ക്രിയാപദങ്ങൾ അഞ്ചാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

ഒരു വക ക്രിയാപദങ്ങൾക്ക വഴ്ത്തലിലുണ്ടായിരിക്കുന്ന Accusativus വിഭക്തിയെഴികെ a, ab, ex, de, എന്ന മൂൻ ചൊല്ലുകളിൽ ഒന്നിനൊടു കൂടിയ Ablativum വിഭക്തിയെ ചെർക്കുമെന്നുള്ള ക്രിയാപദങ്ങൾ ആറാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

PRIMUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളിൽ വെച്ച ഒന്നാം ക്രമത്തിൽ ചെന്നതിന്ന വെണ്ടിയ വിഭക്തികൾ എന്തെല്ലാമാകുന്നു ?

ഉ: Activa ക്രിയാപദങ്ങൾ എന്ന വിളിക്കപ്പെടുന്ന Verba കൾക്കൊക്കെയും കർത്താവായിട്ട ഒരു nominativus പാടുപ്പെടുന്നതായിട്ട ഒരു accusativus വെണ്ടിയിരിക്കുന്നു

എന്നാൽ ഒരു nominativus വിഭക്തിയും ഒരു accusativus വിഭക്തിയും മാത്രമുള്ള രണ്ടാം ക്രമത്തിൽ ചെന്ന ക്രിയാപദങ്ങൾ എന്നു വിളിക്കപ്പെടുന്നു. ഉദാ: റൊമുലുസ റൊമാനഗരിയെ പണ്ടു അവന്റെ കൂടപ്പിറപ്പായ റെമുസിനെ കൊന്നു. Romulus condidit Romam et interfecit Remum fratrem suum.

ഒരാം ക്രമത്തിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ.

Amo, as, are സ്നേഹിക്കുന്നു.
Capio, is, cepi, captum, ere, പിടിക്കുന്നു, അടക്കുന്നു, അടക്കിക്കൊള്ളുന്നു.
Commendo, as..are സ്തുതിക്കുന്നു, പുകഴ്ത്തുന്നു, ഭരമേല്പിക്കുന്നു.
Vitupero, as..are ആക്ഷേപിക്കുന്നു കുറ്റം പറയുന്നു.
Abscondo, is, di, ditum, ere ഒളിച്ചുവക്കുന്നു, മറെക്കുന്നു, sup. ചിലപ്പോൾ absconsum എന്നു കാണാം.
Accendo, is, di, sum, ere കത്തിക്കുന്നു.
Aperio, eris, rui, ertum, ire തുറക്കുന്നു.
Aspicio, picis, aspexi, aspectum icere നോക്കുന്നു.
Cano, is, cecini, cantum പാടുന്നു.
Coerceo, es, cui citum, ere അമർത്തുന്നു, അടക്കുന്നു, നിറുത്തുന്നു.
Comperio, eris, peri, compertum, erire, കണ്ടെത്തുന്നു.
Condio, is, ivi, itum, ire സുഗന്ധ വർഗ്ഗങ്ങൾ ഇട്ടു പൂശുന്നു, മസ്സാലയിടുന്നു.
Condo, is. didi, pitum, ere പണിയുന്നു, ഉണ്ടാക്കുന്നു.
Consumo, is, sumpsi, sumptum, ere എത്തിക്കുന്നു, ചിലവഴിക്കുന്നു, &c.
Cupio, is, ivi, itum ആഗ്രഹിക്കുന്നു.
Decerno, is, crevi, cretum, nere കല്പിക്കുന്നു, തീർപ്പുകല്പിക്കുന്നു.
Dico, is, xi, dictum, cere ചൊല്ലുന്നു.
Diligo, gis, lexi, lectum, gere സ്നേഹിക്കുന്നു.
Diruo, is, ui, rutum, ere ഇടിക്കുന്നു നശിപ്പിക്കുന്നു.
Disco, is, didici, (sine sup:) scere പഠിക്കുന്നു.
Divido, is, isi, sum പകുക്കുന്നു, വിഭാഗിക്കുന്നു.
Eruo, is, erutum, ere പുറത്തെടുക്കുന്നു. (രക്ഷിക്കുന്നു)
Esurio, is, rivi, ritum, rire വിശക്കുന്നു.
Fallo, is, fefelli, falsum തട്ടിക്കുന്നു, ചതിക്കുന്നു
Jacio, jacis, jeci, jactum, cere എറിയുന്നു, ഇടുന്നു.
Increpo, as, crepui, itum, are ശാസിക്കുന്നു, കുറ്റപ്പെടുത്തുന്നു.
Interficio, is, feci, fectum, ficere കൊല്ലുന്നു.
Juvo, as, juvi, jutum, are സഹായിക്കുന്നു
Ludo, is, lusi, lusum, dere കളിക്കുന്നു.
Me tuo, is, tui (sine sup:) ഭയപ്പെടുന്നു
Misceo, es, miscui, mixtum, scere കലർത്തുന്നു
Mordeo, es, momordi, morsum, dere കടിക്കുന്നു.
Mulgeo, es, mulsi vel mulxi, multum, vel mulctum കറക്കുന്നു.
Negligo, is, glexi, glectum, gligere കൂട്ടാക്കാതെയിരിക്കുന്നു ഉപെക്ഷിക്കുന്നു.
Pecto, is, pexi, pexum, ചീകുന്നു.
Rego, is, rexi, rectum, ere ഭരിക്കുന്നു താങ്ങുന്നു,
Relinquo, is liqui, lictum, quere ഉപെക്ഷിക്കുന്നു.
Sero, is, sevi, satum വിതെക്കുന്നു.
Sterno, is, stravi, stratum, sternere നിലത്തു വീഴിക്കുന്നു, വിരിക്കുന്നു.
Tero, is, trivi, tritum, rere തെളിനം വരുത്തുന്നു, അരിക്കുന്നു &c.

SECUNDUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ രണ്ടാം ക്രമത്തിൽ ചെന്നവകളോടു ചെർക്കുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ഇങ്ങനെയുള്ള ക്രിയാപദങ്ങളൊടു സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ ഒരു genitivus വിഭക്തിയെയും ചെൎക്കാം. എന്നാൽ ഒരുവക ക്രിയാപദങ്ങൾ നാലവകയായിട്ട വകുക്കാം അതായത.

ക കുറ്റം ചുമത്തുന്നതും കുറ്റം പൊകുന്നതു ശിക്ഷയ്ക്കു വിധിക്കുന്നതും.
ഖ വില്ക്കുന്നതും കൊള്ളുന്നതും ക്രൂലിക്ക വാങ്ങിക്കുന്നതു
ന മതിക്കുന്നതും വില നിശ്ചയിക്കുന്നതും.
ഘ അറിയിക്കുന്നതും ഗ്രഹണപ്പെടുത്തിക്കുന്നതും എന്നുള്ള അൎത്ഥങ്ങളൊടുസംബന്ധിച്ച ക്രിയാപദങ്ങൾ ആകുന്നു.

ചൊ: ഈനാം അക്കത്തിലെ ക്രിയാപദങ്ങളൊടു ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ, ശിക്ഷ, അല്ലെങ്കിൽ കുറ്റംകാട്ടുന്ന genitivum വിഭക്തിയെയും ചെൎക്കാം. ഉദ: Cicero accusavit verrem crudelitatis, et avaritiæ. ചിച്ചെരൊൻ എന്ന ശാസ്ത്രി ക്രൂരത ലുബ്ധു എന്ന കുറ്റങ്ങളെ വെരെ എന്ന ആളിൻമെൽ ചുമത്തി. ഒരും genitivus വിഭക്തി യാതൊരു ന്യായം കൂടാതെയുള്ളതാകുന്നുവെന്ന വിചാരിക്കേണ്ട de crimine vel de pœna de nomine എന്ന ഒരൊ ablativus വിഭക്തികളിൽ വല്ലൊന്ന ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്നതുകൊണ്ടത്രെ ആ genitivus വരുന്നത അപ്രകാരം മെൽചൊല്ലിയ വാക്യം മുഴുവനാക്കണമെങ്കിൽ ഒരുവണ്ണം എഴുതണം. Cicero accusavit Verrem de crimine crudelitatis, et avaritiæ.

ചൊ: എന്നാൽ ഇങ്ങനെയുള്ള genitivus വിഭക്തി വെറിട്ടൊരു വിഭക്തിയായി പകൎത്താമൊ?

ഉ: ഉവ്വ. de എന്ന മുൻചൊല്ലിനൊടുകൂടിയ ablativus വിഭക്തിയായി പകൎത്താം. ഉദ: Accusare aliuqem furti, vel .. de furto, കളവു എന്ന കുറ്റം യാതൊരുത്തനൊമെൽ ചുമത്തുന്നത.

ചൊ: കല്പിക്കപ്പെട്ട ശിക്ഷ സാമാന്യം എന്തൊരു വിഭക്തിയായി പൊരുൾതിരിക്കേണ്ടതാകുന്നു.

ഉ: മുൻചൊല്ല ഉള്ളൎത്ഥമായിട്ടുള്ള ablativo വിഭക്തിയായി പൊരുൾതിരിക്കേണ്ടതാകുന്നു. ഉദ: Damnare aliquem capite, verberibus, vel exilio അതായത യാതൊരുത്തനെ മരണത്തിന്ന അടിക്കുക്ക vel രാജ്യഭ്രഷ്ടത്തിന്ന വിധിക്കുന്നത.

ഒരും കാനൊനായിൽ ചെൎന്നതിൽ ഏതാനും

ക്രിയാപദങ്ങൾ.

Accuso, as .. are, കുറ്റം ചുമത്തുന്ന ഒരുത്തനൊ പെരിൽ കുറ്റം ബൊധിപ്പിക്കുന്നു.

Arguo, is, gui, argutum } കുറ്റം ചുമത്തുന്നു കുറപ്പെടുത്തുന്നു.
Insimulo, as .. are, }
Appello, as..are നീതി സ്ഥലത്തൎക്കു വിളിക്കുന്നു, ആവലാധിബൊധിപ്പിക്കുന്നു &c-
Postulo, as..are, idem &c: ചൊദിക്കുന്നു.
Defero, defers, detuli, delatum, deferre സക്കാരിൽ ആവലാധിബൊധിപ്പിക്കുന്നു
Absolvo, is, vi, absolutum കുറ്റം പൊക്കുന്നു, vel കുറ്റമില്ലെന്ന വിധിക്കുന്നു. വിട്ടയക്കുന്നു.

Damno, as..are; } ശിക്ഷയ്ക്കു വിധിക്കുന്നു.
Condemno, as..are; }

ചൊ: രണ്ടാം അക്കത്തിൽ ചെൎന്ന ക്രിയാപദങ്ങളൊടു ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ. സ്വഭാവത്താലുള്ള accusativum ഒഴികെ നിശ്ചയമില്ലാത്തവിലയുടെ genitivum വിഭക്തിയെ കാട്ടുന്ന Tanti ഇത്ര: ഇത്ര വിലയുള്ള, Quanti എത്ര: എത്രവിലയുള്ള. Pluris, അധികം, അധികവിലയുള്ള Minoris, കൊച്ചു കുറഞ്ഞവിലയുള്ള Tantidem, അത്രെവിലയുള്ള Quanticumque, എത്രവിലയുള്ള എങ്കിലും എന്നുള്ള genitivi കളിൽ ഒന്നി നെ ചെർക്കയും ആം ഉദ. എൻറതിനെ ശെക്കം പെരവില്ലുന്നതിൽഅധിക വിലയുള്ള ഞാൻ വില്ലുന്നില്ല പക്ഷെ ഏറെം കുറഞ്ഞ വിലയുള്ള ഞാൻ വിലയുള്ളയും ചെയ്യുന്നു. Vendo meum non pluris quam cæteri, fortasse etiam minoris. ഇങ്ങനെയാകുന്ന വെങ്കിലും വില ablativo വിഭക്തിയായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു.

ഒരും കന്നൊനയിൽ ചെൎന്ന ഏതാനും ക്രിയാപദങ്ങൾ.

Vendo, is, didi, venditum, വില്ക്കുന്ന Emo is, i, emptum കൊള്ളുന്ന മെടിക്കുന്ന. Redimo, is, demi, demptum, വീണ്ടു കൊള്ളുന്ന വീണ്ടു വാങ്ങുന്ന &c.

Loco. as, are, കൂലികൊടുക്കുന്ന conduco, is, xi, ductum കൂലിക്കവാങ്ങിക്കുന്ന. &c.

ചൊ: മെലെഴുതിയ മൂന്നും അക്കത്തിൽ ചെൎന്ന ക്രിയാപദങ്ങളൊട്ട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: വഴ്ത്താലെയുള്ള accusativus ഒഴികെ മെലെഴുതിയ Tanti ശെഷം genitivi വിഭക്തികളെയും Magni, വളരെ, pervi, കൊച്ചു. plurimi എത്രയും വളരെ എന്ന ഒരും genitivi കളെയും ചെൎക്കയും ആം ഉദ. മാന്യക്കാർ പണത്തെ വളരെ മതിക്കുന്നു Homines magni æstimant pecuniam. എന്നാൽ അവരുടെ ആത്മാവുമാത്രം എത്രയും വരെ മതിക്കെണ്ടതാകുന്നു. Sedanima eorum Solummodo plurimi æstimanda est. എന്നാൽ മെൽ ചൊല്ലിയ genitivus വിഭക്തി ablativus വിഭക്തിയായിപകൎത്താം pretio എന്ന മൊഴി ചിലപ്പൊൾ കൂട്ടുകയും ആം. ഉദ, നീ ഇവകളെ വളരെ മതിക്കുന്നു. Tu æstimas ista permagno.പുണ്യം എല്ലാടത്തും വളരെ മതിക്കപ്പെടുന്നു Virtus magno ubique pretio æstimatur.

ഒരും കാന്നൊനയിൽ ചെൎന്ന ക്രിയാപദങ്ങൾ.

Aestimo, as, are,	
Duco, is, xi, ductum,	മതിക്കുന്നു.
Facio, is, feci, factum,	&c.
Pendo, is, pependi, pensum,	
Habeo, es, ui, bitum,	
Puto, as. . are,	

Nota, ഒരും ക്രിയാപദങ്ങൾക്ക മറ്റു പല അൎത്ഥങ്ങൾ ഉണ്ടെങ്കിലും ഒരാ കാന്നൊനയിൽ ചെന്നതായിട്ടുള്ള അൎത്ഥം മാത്രം ഇവിടെ കാണിച്ചിരിക്കുന്നു വെന്നറിക ഉദ. duco te നിന്നെ കൂട്ടികൊണ്ടു പൊകുന്നു Magni ducote, നിന്നെ ഞാൻ വളരെമതിക്കുന്നു habeo charitatem ഇനിക്ക ഉവകിയുണ്ട Magni habeo charitatem, ഞാൻ ഉവകിയെ വളരെ മതിക്കുന്നു &c. ഇങ്ങനെയുള്ള ക്രിയാപദങ്ങളൊട്ട Nauci, ഒരു ആണ്ടിയുണ്ടാ (യിട്ട) Flocci ഏതുമില്ല. Pili, ഒരു രൊമം Nihili ഏതുമില്ലാ എന്നുള്ള genitivi കളെയും ചെൎക്കയും ആം ഇവകളൊക്കയും ഗ്രെക്കഭാഷാരീതിക്ക തക്കതിൻവണ്ണമുള്ള genitivi കൾ എന്നവിളിക്കപ്പെടുന്നു.

ചൊ: മെലെഴുതിയ നാലാം അക്കത്തിൽ ചെൎന്ന ക്രിയാപദങ്ങളൊട്ട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: വഴ്ത്താലെയുള്ള accusativus വിഭക്തിയൊഴികെ ഒരു genitivum വിഭക്തിയെ

യും ചെക്കാ വിശെഷിച്ച ഒരാ genitivus-,,de,, എന്നർൻചൊല്ലിനൊട്ട കൂടിയ ablativus വിഭക്തിയായിപകത്താ ഉദ. Multi admonuerunt eum insidiarum, vel de insidiis-, ഏറിയപെരും ചതിവുകളെൽ വിവരം അവനൊടറിയിച്ചു.

ഒരാ കാനൊനയിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ.

Admoneo, es, ui, nitum
Commoneo, es, ui, nitum
Commonefacio, is, eci, factum
} ഗുണൊൎക്കിക്കുന്ന, അറിയിക്കുന്ന, തിരിയഒൎപ്പിടുത്തുന്ന.

TERTIUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ മൂന്നാം ക്രമത്തിൽ ചെന്നവകളൊട്ട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്ന ?

ഉ: വൎത്തമാലെയുള്ള accusativus വിഭക്തിയെഴികെ പ്രവൃത്തിയിൽ നിന്നുള്ള ഉപകാരം, vel ചെതം അനുഭവിക്കുന്ന ആളിനൊ dativum വിഭക്തിയെ ചെൎക്കാം.

ഉദ: Da nobis, Domine, dona Spiritus sancti കൎത്താവെ പൃഹാളകൃദശായുടെ ദാനങ്ങളെ ഞങ്ങൾൎക്ക നീ തരിക Domine tribue auxilium nobis കൎത്താവെ ഞങ്ങൾൎക്ക സഹായം തരിക Concede gratiam tuam nobis, നിന്റെ ഇഷ്ടപ്രസാദം ഞങ്ങൾൎക്ക അനുവദിച്ചരുളണമെ &c.

ഒരാ കാനൊനയിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ എന്തെന്നാൽ.

Do, das, dedi, datum are, കൊടുക്കുന്ന, തരുന്ന.
Concedo, is, essi, essum അനുവദിക്കുന്ന.
Tribuo, is bui, butum കല്പിച്ചാകുന്ന, കൊടുക്കുന്ന.
Reddo, is, didi, ditum തിരികെ കൊടുക്കുന്ന.
Refero, fers, retuli, relatum, referre വീണ്ടും vel തിരികെ കൊണ്ടുവരുന്ന vel കൊണ്ടുപൊകുന്ന, വിവരിക്കുന്ന &c.
Mando, as..are കല്പിക്കുന്ന
Trado, is, didi, ditum ഏല്പിക്കുന്ന, കൊടുക്കുന്ന.
Promitto, is, misi, missum
Spondeo, is, spopondi, nsum
} പറഞ്ഞൊകുന്ന വാക്കുകൊടുക്കുന്ന. &c.
Explico, as..are തെളിയിക്കുന്ന, പൊരുൾ തിരിക്കുന്ന,
Significo, as..are തിരിയഒൎപ്പിടുത്തുന്ന (അൎത്ഥമായിരിക്കുന്ന)
Antefero, fers, tuli, latum
Præfero, fers tuli latum
} മുമ്പിടുന്ന, മുമ്പാക്കുന്ന ഏറെ പ്രമാണിക്കുന്ന.

Postpono, is sui, situm, vel Posthabeo, es bui, bitum പിമ്പിടുന്ന കറവായിട്ട വിചാരിക്കുന്ന vel കറവായി മതിക്കുന്ന. രണ്ടാമതെതതാകുന്ന

QUARTUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ നാലാം ക്രമത്തിൽ ചെന്നവകളൊട്ട ചെൎക്കെണ്ടുന്ന വിഭാതികാ എന്തെല്ലാമാകുന്ന ?

ഉ: രേം വക ക്രിയാപദങ്ങൾക്കു ഒക്കയും ഉണ്ടായിരിക്കുന്ന സ്വന്തമായിട്ടുള്ള accusativus വിഭക്തിയെഴികെ ഉള്ളർത്ഥമായിട്ടുള്ള മൻചൊല്ലിനാൽ ഭരിക്കപ്പെട്ട രണ്ടാമത്തെ രു accusativum വിഭക്തിയെ ചെക്കയും ആം. ഉദ: ഗുരുശിഷ്യരെ ഗ്രമത്തിക്കിനെ പഠിപ്പിക്കുന്നു Magister docet discipulos grammaticam എന്നാൽ ഇതിൽ discipulos എന്ന accusativus വിഭക്തി docet എന്ന ക്രിയാപദത്തിൻറെ സ്വന്തമായിട്ടുള്ള casus ആകുന്നു grammaticam എന്നുള്ളതു Secundum, quoad, vel circa എന്ന ഉള്ളർത്ഥമായിട്ടുണ്ടായിരിക്കുന്ന മൻ ചൊല്ലിൻറെ accusativus വിഭക്തിയാകുന്നു: അല്പമെ മെലെഴുതിയത Magister docet discipulos quoad grammaticam എന്നർത്ഥമായിരിക്കുന്നു.

രേം കാനൊനയിൽ ചെന്ന ക്രിയാപദങ്ങളിൽ ഏതാനും മാകുന്നതെന്തെന്നാൽ.

Doceo, es..ere, പഠിപ്പിക്കുന്നു
Edoceo, es..ere, നന്നായിട്ട അല്പമായ കായ്ങ്ങളെയും പഠിപ്പിക്കുന്നു.
Celo, as..are ഒളിക്കുന്നു, മറെക്കുന്നു
Flagito, as..are സാദ്ധ്യമായി ചൊദിക്കുന്നു vel അപെക്ഷിക്കുന്നു
Interrogo, as..are ചൊദിക്കുന്നു
Moneo, es..ere ഗ്രന്നമൊക്കിക്കുന്നു
Rogo, as..are അപെക്ഷിക്കുന്നു
Posco, is poposci (sine sup) ere ചൊദിക്കുന്നു അപെക്ഷിക്കുന്നു, Reposco, is reposci, (sine sup) idem ac posco.

QUINTUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ അഞ്ചാം ക്രമത്തിൽ ചെന്നവകളൊട്ടു ചെക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: സ്വന്തമായിട്ടുള്ള accusativus വിഭക്തിയെഴികെ ഉള്ളർത്ഥമായിട്ടുള്ള മൻചൊല്ലിനൊടു കൂടിയ Ablativum വിഭക്തിയെയും ചെക്കാം എന്നാൽ ഇതിൽ ചെന്ന ക്രിയാപദങ്ങളിൽ ഏതാനും ആകുന്നതെന്തെന്നാൽ.

Induo, is, ui, utum, } ഉടുപ്പിക്കുന്നു.
Vestio, is, ivi itum ire, }
Amicio, is, (cui, ixi,) ictum മൂടുന്നു, മറെക്കുന്നു, ഉടുപ്പിക്കുന്നു.
Cingo is, cinxi, cintum, ere, കെട്ടുന്നു, കെട്ടിമറെക്കുന്നു.
Tego, is, texi, tectum, ere. മൂടുന്നു മറെക്കുന്നു പൊതെക്കുന്നു.
Calceo, as, are ചെരിപ്പിടുന്നു, പാദരക്ഷധരിപ്പിക്കുന്നു vel ധരിക്കുന്നു, കാൽമെസ ഇടുന്നു.
Exuo, is, utum, ere | വസ്ത്രം ഉരിയുന്നു, vel ഉരിയിക്കുന്നു, നഗ്നമാക്കുന്നു
Spolio, are |
Compleo, es, evi-etum, ere }
Impleo, es, evi etum, ere } നിറെക്കുന്നു പൂരിക്കുന്നു, നിറവെറുന്നു,
Repleo, es, evi, etum, ere }
Exhaurio, is, hausi, haustum, rire കഴിക്കുന്നു, വെറുമയാക്കുന്നു ഴുവനും ചിലവഴിക്കുന്നു.
Onero, as..are ചുമടിടുന്നു, ചുമതലപ്പെടുത്തുന്നു
Opprimo, is, essi, essum, ere ഞെരുക്കുന്നു, ഞെക്കുന്നു.
Exonero, as..are ചുമടാറക്കുന്നു ലഘുവാക്കുന്നു
Levo, as..are, ആശ്വാസിപ്പിക്കുന്നു, ഭാരം കുറെക്കുന്നു, വിടുവിക്കുന്നു.
Expedio, is ivi, itum, ire അഴിക്കുന്നു, അഴിച്ചുവിടുന്നു, തടയൂനീക്കുന്നു, അയക്കുന്നു, തീക്കുന്നു.

Solvo, is, vi, solutum, ere, അഴിക്കുന്നു, വിടുവിക്കുന്നു, വീട്ടുന്നു, രക്ഷിക്കുന്നു &c.
Fraudo, as, are, തട്ടിയെടുക്കുന്നു, ചതിവു ചെയ്യുന്നു, ചതിയാലെ കക്കുന്നു.
Prohibeo, es, bui, bitum, ere വിലക്കുന്നു, അകറ്റുന്നു.

Orbo, as, avi, atum, are | ഇല്ലാതാക്കുന്നു, എടുക്കുന്നു.
Privo, as, avi atum, are |
Viduo, as, avi atum, ഇല്ലാതാക്കുന്നു, വൈധവ്യമാക്കുന്നു.

ഉദ: റോമ്മകൊൻസുലിമാർ ഒരു വൎഷം കഴിഞ്ഞിട്ട കൊൻസുലിന്റെ സ്ഥാനം ഒഴിക്കയായിരുന്നു Consules Romani post annum abdicabant se consulatu. യാക്കോബു പലനിറമുള്ള ഉടുപ്പിനെ യെഹൊസെപ്പിനെ ധരിപ്പിച്ചു Jacob induit Josephum veste polymita. കൎത്താവെ നിന്റെ ഇഷ്ടപ്രസാദത്തിന്റെ ഉടുപ്പിനെ എന്നെ ധരിപ്പിക്കണമെ Indue me Domine veste gratiæ tuæ &c.

SEXTUS ORDO ACTIVORUM.

ചൊ. Activa ക്രിയാചൊല്ലുകളുടെ ആറാം ക്രമത്തിൽ ചെൎന്നവകളൊട്ട ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു ?

എന്നാൽ ഇരിപ്പു കാട്ടുന്ന ക്രിയാപദങ്ങളൊടു ചെൎക്കപ്പെടുമ്പൊൾ ablativum വിഭക്തിയെ ഭരിക്കുന്നു ഉദാ. quiescere sub umbra, തണലിൽ കിടക്കുന്നതു dormire sub dio, vel divo, വെളിയിൽ ഉറങ്ങുന്നതു.

ചൊ: „Super,, എന്ന മുൻചൊല്ലു എപ്പൊൾ accusativo വിഭക്തിയൊടും എപ്പൊൾ ablativo വിഭക്തിയൊടും ചെൎക്കപ്പെടുന്നുതാകുന്നു?

ഉ: Super,, മെൽ എന്ന അൎത്ഥമായിരിക്കുന്നു ഒരു മുൻ ചൊല്ലു subter എന്നതിന്നു വിരൊധമുള്ള അൎത്ഥത്തൊടു കൂടെ ആകുമ്പൊൾ എല്ലാ ക്രിയാപദത്തൊടു കൂടെയെങ്കിലും accusativum വിഭക്തിയെ ഭരിക്കും എന്നു വരുകിലും ഇരിപ്പു കാട്ടുന്ന ക്രിയാപദങ്ങളൊടു ablativum വിഭക്തിയെയും ഭരിക്കും ഉദാ. tegula cecidit super caput meum, ഒടു എന്റെ തലമ്മെൽ വീണു എന്നാൽ കുറിച്ചു വെച്ചിൻ പൊച്ചിൽ „de,, എന്നതിന്നു പകരമായിട്ടുകുമ്പൊൾ ablativo വിഭക്തിയൊടു കൂടെ ചെൎക്കപ്പെടുന്നതാകുന്നു ഉദാ. ഒരം കാര്യത്തെ കുറിച്ചു vel ഒരം കാര്യത്തിന്മെൽ നാം പറക loquamur hac super re അതായതു de hac re.

ചൊ: Subter,, കീഴ് താഴെ എന്നമുൻചൊല്ലിന്റെ പ്രയൊഗം എങ്ങനെ?

ഉ: ഇളക്കം കാട്ടുന്ന ക്രിയാപദങ്ങളൊടുകൂടെ ചെൎന്നുവരുമ്പൊഴും accusativum വിഭക്തിയെ ഭരിക്കുന്ന മറ്റു മുൻചൊല്ലുകൾപൊലെ പകരമായിട്ടു പ്രയൊഗിക്കപ്പെടുമ്പൊഴും accusativum വിഭക്തി ഭരിക്കും മറ്റു പ്രകാരത്തിൽ ablativum, വിഭക്തിയെ ഭരിക്കും എങ്കിലും ഇരിപ്പു കാട്ടുന്ന ക്രിയാപദങ്ങളൊടു ചെൎന്നുവന്നാലും accusativo വിഭക്തിയൊടു ചെൎക്കപ്പെട്ടതായി കാണുകയും ചെയ്യും ഉദാ. subter cor ശങ്കിന്റെ കീഴ subter densa testudine വട്ടമുള്ള ആമയുടെ താഴെ (virgilius).

Nota. ഈ മുൻചൊല്ലുകൾ വിഭക്തികൾ കൂടാതെ വാചകത്തിൽ വരുമ്പൊൾ adverbiaകൾ ആയിചമയുന്നു എന്നു പറയാം (cic) quatriduo ante ad eum scripseram നാല ദിവസം മുമ്പു അവന്നു ഞാൻ എഴുതിട്ടുണ്ടായിരുന്നു.

൨. ചില മുൻ ചൊല്ലുകൾ adjectiviന്റെയും substantiviന്റെയും ഇടയിൽ നല്ല ചെൎച്ചയായിട്ടു വെക്കപ്പെടുന്നു ഉദാ. multis de causis, ഏറിയ കാരണങ്ങളെ കുറിച്ചു suos inter æquales അവന്റെ സമമുള്ളവരുടെ ഇടയിൽ magno cum metu വലിയ ഭയത്തൊടു കൂടെ hac Super re, ഒരം സംഗതിമെൽ ducentos in annos ഇരുനൂറ വരുഷത്തൊളം.

൩. മറ്റു മൊഴികളൊടു കൂടെ മൊഴിയായിചെരുന്ന മുൻചൊല്ലുകൾക്കു ശക്തിപ്പെടൽ വ

918

രുത്തിനാൽ തനിച്ചു പ്രയോഗിക്കുമ്പോൾ ചെയ്യുന്ന വിഭക്തിതന്നെ മറ്റു മൊഴികളോടു ചെയ്യുമ്പോഴും ചെയ്തുവെന്നും.

ഉ : Ad-ire patrem അച്ഛന്റെ പക്കൽ പോകുന്നത, Ad-ire oppido നഗരിയിൽ നിന്ന പോകുന്നത. എന്നാൽ പലപ്പോഴും മൻ ചൊല്ലു വിണ്ടും തിരിച്ചു വെയ്യും ചെയ്യുന്നുണ്ട. ഉദ : In-vadere in urbem ബലാല്ക്കാരമായി പട്ടണത്തിൽ പ്രവെശിക്കുന്നത. നടക്കുന്നത. Nihil ex-it exore വായിൽനിന്ന യാതൊന്നും പുറപ്പെടുന്നില്ല. ad vos ad-eunt നിങ്ങളുടെ പക്കൽ അവർ വരുന്നു, ab-esto a sole ആദിത്യനിൽ നിന്ന നീ അകന്നിരിക്ക. &c.

DE ADVERBIORUM CONSTRUCTIONE.

ചൊ? Adverbium എന്നു പറയുന്നതെന്താകുന്നു ?

ഉ : ഒന്നാം ക്രിയിൽ ubi de adverbiis ചൊല്ലിയിരിക്കുന്നതുപൊലെ മറ്റു മൊഴികളൊട ചെന്നവയുമ്പോൾ അതിന്റെ അർത്ഥം നിശ്ചയിച്ച ഒരുവിധമാക്കുന്ന പെരുക്കമില്ലാത്ത ഒരു വക പദങ്ങൾ അത്രെ adverbia കൾ എന്നു പറയുന്നത. ഉദ : bene scribit (അവൻ) നന്നായിട്ട എഴുതുന്നു. എഴുതുന്നു എന്ന കാട്ടുന്ന ക്രിയാപദത്തൊട bene നന്നായിട്ട എന്ന ഭരം adverbium ചെന്നപ്പോൾ എഴുതുന്ന വിധവും അറികയും ചെയ്തു. raro loquitur അപൂർവ്വമായിട്ടു പറയുന്നു. vel സംസാരിക്കുന്നു &c.

ചൊ : Adverbia കൾ എത്രവകയുണ്ട ?

ഉ : ഒന്നാം ക്രിയിൽ ചൊല്ലിയിരിക്കുന്നതുപൊലെയും, വിവരം തിരിച്ചു കാണിച്ചിരിക്കുന്നതുപൊലെയും പലവകയുണ്ട അയതു അവിടെ നൊക്കിപഠിച്ചുകൊൾക.

ചൊ : Adverbia കളൊട വിഭക്തികൾ ചെർക്കുമാറുണ്ടൊ ?

ഉ : സൂക്ഷ്മൽ പറഞ്ഞാൽ adverbia കൾ വിഭക്തികളെ ഭരിക്കുന്നില്ല. എന്നാൽ അതുകളുടെ ശെഷം കാണുന്ന വിഭക്തികൾ ഒന്നുകിൽ ക്രിയാപദത്തിന്റെ വിഭക്തിയായിരിക്കും അല്ലെങ്കിൽ ഉള്ളർത്ഥമായിട്ടുള്ള വല്ല മൻചൊല്ലിന്റെ വിഭക്തിയായിരിക്കുന്നു vel അതുമല്ലാതെ, വെണ്ടി എന്നുള്ള അർത്ഥഹെതുവായിട്ട ഉണ്ടാകുന്ന dativus വിഭക്തിയായിരിക്കും. ഉദ : Ecce lupus ഇതാ ചെന്നാ എന്നുപറയുമ്പോൾ adest എന്ന ക്രിയാപദം ഉള്ളർത്ഥമായിട്ട വിചാരിച്ചുകൊള്ളണം. Ecce hominem എന്ന accusativum വിഭക്തിയായിട്ട പറയുമ്പോൾ Vide, vel aspice hominem എന്നർത്ഥമാകും. Ecce tibi Rex എന്ന പറഞ്ഞാൽ ഇതാ നിനക്ക രാജാവ adest എന്നർത്ഥമാകുന്നു. Procul urbem, ad urbem എന്നർത്ഥം. Procul mari oceano അതായത procul a mari oceano സമുദ്രത്തിൽ നിന്ന ദൂരം എന്നർത്ഥമാകും.

ചൊ : അപ്പഴൊ en, ecce, എന്തൊരു വിഭക്തികളൊടുകൂടെ ചെർക്കപ്പെട്ടുന്നു ?

ഉ : മെൽ കാണിച്ചതുപൊലെയും ഒന്നാംക്രിയിൽ എഴുതിയിരിക്കുന്നതുപൊലെയും Nominativo വിഭക്തിയൊടും accusativo വിഭക്തിയൊടും ചെർക്കെണ്ടതാകുന്നു.

ചൊ : Genitivo വിഭക്തിയൊട ചെർക്കുന്ന adverbia കൾ എന്തെല്ലാമാകുന്നു ?

ഉ : Substantiva പെരുകളെപൊലെ വാചകത്തിൽ പ്രയൊഗിക്കപ്പെട്ടുന്ന വലിപ്പം, ചെറുപ്പം, അധികം, കുറെച്ച, എന്നുള്ള അർത്ഥങ്ങളൊട കൂടിയ adverbia കളുടെ ശെഷം genitivus വിഭക്തി പ്രയൊഗിക്കെണ്ടുന്നതാകുന്നു.

ഉദ : Nihil boni, നന്മയുടെ ഒരുമില്ല vel യാതൊരു ഗുണവുമില്ല, parum virtutis കുറെ പുണ്യം vel പുണ്യത്തിന്റെ കുറെച്ച, Paullulum mellis കുറെ തെൻ, multum aquæ വളരെ വെള്ളം, satis verborum മതിയാകുന്ന വചനങ്ങൾ, eo sævitiæ ഇത്ര ക

ടപ്പുത്തോടും, nimis sollicitudinis അധികതാല്പര്യം vel വിചാരം, instar leonis സിംഹംപോലെ, abunde pœnarum ശിക്ഷകളുടെ vel ദുരിതങ്ങളുടെ സമൃദ്ധത, virtutis ergo പുണ്യംഹെതുവായിട്ട, ergo ഇവിടെ causa vel gratia എന്നതിന്ന പകരമായിട്ടാകുന്നു.

പൊതുകളിൽനിന്ന ഉത്ഭവിച്ചിരിക്കുന്ന superlativa adverbiaകളോടും genitivus വിഭക്തി ചെൎക്കേണ്ടതാകുന്നു ഉദ: maxime omnium nobilium ഏറ്റവുമ്പെട്ട തറവാട്ടുകാരൊക്കെക്കാൾ, എന്നാൽ ഒരു genitivus വിഭക്തി „ex„ എന്ന മുൻചൊല്ലിനൊടു കൂടിയ ablativo ആയിട്ട പകൎത്തുകയും ആം. ഉദ: maxime ex omnibus nobilibus doctus

ചൊ. ഇടത്തിന്നടുത്ത adverbiaകൾ ആതായത ubi, ubinam, ubique, ubivis, usquam,nusquam, unde, longe, എന്തൊരു വിഭക്തിയൊടുകൂടെ ചെൎക്കേണ്ടതാകുന്നു?

ഉ: Terrarum et gentium എന്ന genitivo വിഭക്തിയൊടുകൂടെ ചെൎക്കപ്പെട്ടുമാറാകുന്നു. ഉദ. ubi terrarum? ubi gentium? ubinam gentium? എവിടെ എന്തൊരുടിക്കിൽ? Ubique terrarum എല്ലാ ഇടത്തിലു,

Ubivis gentium എവിടെയെങ്കിലും എല്ലാടത്തും, usquam gentium ലൊകത്തിൻറ വല്ലെടത്തിൽ, nusquam gentium ഒരിടത്തുമില്ല.

Unde gentium? എവിടെനിന്ന ഏതുടിക്കിൽനിന്ന, longe gentium ദൂരത്തിൽനിന്ന ദൂരടിക്കിൽനിന്ന.

ചൊ. കാലത്തിന്നടുത്ത adverbiaകൾ pridie postridie tunc എന്തൊരുവിഭക്തിയൊടുകൂടെ ചെൎക്കേണ്ടതാകുന്നു?

ഉ: Genitivo വിഭക്തിയൊടുകൂടെചെൎക്കപ്പെട്ടുമാറാകുന്നു. എന്നാൽ pridie et postridie accusativo വിഭക്തിയൊടും ചെൎക്കപ്പെടുകയുംചെയ്യും. ഉദ; tunctemporis ആകാലത്തിൽ pridie ejus diei തലെദിവസം.

Pridie calendas vel calendarum മാസത്തിൻറ ഒന്നാം തിയ്യതിയുടെ തലെദിവസം. Postridie ejus diei അതിൻറ പിറ്റെദിവസം (പിറ്റെദിവസം)

Postridie iduum ൟരണ്ടി എന്ന മാസത്തിൻറ തീയ്യതിയുടെ പിറ്റെദിവസം.

Postridie ludos, കളികളുടെ പിറ്റെദിവസം.

ചൊ: Dativo വിഭക്തിയൊടു ചെൎക്കപ്പെടുന്ന adverbia കൾ ഉണ്ടൊ?

ഉ: ഉണ്ട. പൊതുകളിൽനിന്ന ഉത്ഭവിക്കുന്ന adverbia കൾ ആകുമ്പൊൾ ആ പൊതുകളൊടു ചെൎത്തുവരുന്ന വിഭക്തി dativus ആയിരുന്നാൽ അതുകളിൽനിന്ന ഉത്ഭവിക്കുന്ന adverbia കളൊടും dativus ചെൎക്കപ്പെടുകയും ചെയ്യും. ഉദ. Vivere convenienter vel congruenter naturæ സ്വഭാവത്തിന്നൊത്ത പൊലെ ജീവിക്കുന്നത: ire obviam alicui യാതൊരുത്തനെ എതിരെല്പാൻ പൊകുന്നത.

ചൊ: Accusativo വിഭക്തിയൊടു ചെൎക്കപ്പെടുന്ന adverbiaകൾ എന്തെല്ലാമാകുന്നു?

ഉ: Propius ഏറാം അടുത്തതായി Proxime എത്രയും സമീപെ &c. accusativo വിഭക്തിയൊടു ചെൎക്കപ്പെടുന്നു ഉദ. castra propius urbem ponere, സൈനികളെ പട്ടണത്തിന്ന ഏറാം അടുത്തതായി നിൎത്തുന്നത habere exercitum quam proxime hostem ശത്രുവിന്ന എത്രയും സമീപെ സൈന്യമുള്ളവനായിരിക്കുന്നത.

ചൊ: Ablativo വിഭക്തിയൊടു കൂടെ ചെൎക്കപ്പെടുന്ന adverbia കൾ എന്തെല്ലാമാകുന്നു?

ഉ: Comparativa adverbia ablativo വിഭക്തിയൊ ചെൎക്കപ്പെടുന്നതാകുന്നു ഉദ.

Nihil arescit citius lacryma യാതൊന്നും കണ്ണുനീരിനെക്കാൾ അധിക വെഗത്തിൽ ഉണങ്ങുന്നില്ല prae എന്ന മുൻചൊല്ല ഇല്ലാത്തമായിട്ടുണ്ട.

സൂക്ഷിക്കേണ്ടുന്നത മലയാള adverbiaകൾ വളരെ കുറച്ച എളുമില്ല ഇത്ര എത്ര അല്പം അധികം ഒരു comparativeനൊടും vel ante et post എന്ന മുൻ ചൊല്ലുകളൊട ചെർത്തുപറയുമ്പോൾ വളരെ multo കുറച്ച paullo ഏളുമില്ല nihilo ഇത്ര tanto എത്ര quanto vel eo, vel quo അല്പം aliquanto അധികം nimio എന്നതായിട്ട പൊരുൾ തിരിക്കേണ്ടതാകുന്നു ഇതിൻറ ഏറാം വലിയ തിരിവിന്ന തഴെ കുറിക്കപ്പെട്ടിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ച കൊൾക.

വളരെ അധികം ശാസ്ത്രമുള്ള multo doctior, vel longe doctior വളരെ അധികം വെഗത്തിൽ multo citius vel longe citius ഏളും vel കൂടും ഏറാം നല്ലതായിട്ട vel .....നഴുതല്ല, Nihilo melior.

അല്പം ഏറാം നല്ല-ത-aliquanto melior.

എത്ര അധികമൊ അത്ര അധികം &c. quanto magis, tanto magis vel quo magis eo magis quanto magis studes tanto magis dediscis നീ എത്ര അധികം പഠിക്കുന്നൊ അത്ര അധികം പഠിച്ചത മറക്കുന്നു vel quo magis studes, eo magis dediscis.

എത്ര അധികം കുറച്ച അത്ര അധികം കുറച്ച, quanto minus tanto minus, vel quo minus, eo minus.

വളരെ മുമ്പ multo ante, vel longe ante. കുറെ പിന്നെ paullo post.

ചൊ: Abhinc എന്ന adverbium പ്രയൊഗിക്കേണ്ടതെങ്ങനെ?

ഉ: ഒരു സംഗതി ചെയ്യപ്പെട്ടിട്ട vel സംഭവിച്ചിട്ട എത്ര നാളായി എന്നുള്ളതിനെ അറിയിപ്പാനാകുമ്പൊൾ ablativo vel accusativo വിഭക്തിയൊട ചെർപ്പാനുള്ളതാകുന്നു ഉദ. നിൻറ ക്രുദ്ധാപ്ത മൂന്നവത്സരം മുമ്പ മരിച്ച frater tuus mortuus est tribus abhincannis vel tres ab hinc annos എന്നാൽ സംഗതി എത്രനാൾ കഴിഞ്ഞിട്ട ചെയ്യപ്പെട്ടു എന്ന വരും കാലമായിട്ട പറയുമ്പൊൾ hinc ad vel hinc post vel post മാത്രം accusativo വിഭക്തിയൊട ചെർക്കുന്നതാകുന്നു ഉദ. രണ്ട ദിവസം കഴിഞ്ഞിട്ട ഞാൻ തിരികെ വരും Redibo hinc ad duos dies vel redibo hinc post duos dies vel redibo post duos dies.

കടശി, സംഗതി ഇപ്പൊഴും നടക്കുന്നു vel ചെയ്യപ്പെടുന്നു എന്നാൽ തുടങ്ങിട്ട ഇത്ര നാളായി എന്ന പറയണമെങ്കിൽ a, vel ab, എന്ന മുൻചൊല്ലിനൊട കൂടിയ ablativus പ്രയൊഗിക്കണം. അല്ലെങ്കിൽ മുൻചൊല്ലുകൂടാതെയുള്ള accusativum പ്രയൊഗിക്കും എന്നാൽ അപ്പൊൾ എണ്ണം ക്രമത്തിന്നടുത്ത എണ്ണമായിപ്രകടിപ്പിക്കണം. ഉദ: അവൻ കൊച്ചിയിൽ പഠിച്ചുവരുന്നത vel പഠിച്ച തുടങ്ങിട്ട നാല വത്സരമായി iam a quatuor annis vel iam quartum annum studet Coccini.

ചൊ: Ut, Ne, adverbia കളൊയിട്ട പ്രയൊഗിക്കേണ്ടുന്നതെങ്ങനെ?

ഉ: ut adverbium ആയിട്ട പൊലെ ഉടനെ ശേഷം പിന്നെ എന്ന അർത്ഥമായി വരുമ്പൊൾ കാട്ടുന്ന വിധത്തൊട ചെർക്കുന്നുള്ളതാകുന്നു. ഉദ: നീ എഴുതിയതുപൊലെ ut scripsisti ഞാൻ പുറപ്പെട്ട ഉടനെ vel പുറപ്പെട്ടിട്ട, ut discessi &c. Ne, വിലക്കുന്ന adverbium ആയിട്ട Subjunctivo vel Imperativo വിധത്തൊട ചെർപ്പാനുള്ളതാകുന്നു ഉദ: Ne eas പൊകരുത: ne jures, vel ne jura സത്യം ചെയ്യരുത. ചൊദ്യത്തിന്നായിട്ട പ്രയൊഗിക്കപ്പെട്ടുമ്പൊൾ indicativo വിധത്തൊട ചെർക്കുന്നതാകുന്നു. Me ne vocas? പക്ഷെ എന്നെ വിളിക്കുന്നൊ?

ചൊ: Antequam, priusquam, nae എന്തൊരു വിധത്തൊട ചെർക്കുന്നതാകുന്നു?

ഉ: Indicativo വിധത്തൊടും Subjunctivo വിധത്തൊടും ചെർക്കയും ആം. ഉദ:

antequam vel priusquam venires നീ വരുന്നതിന്നു മുമ്പിൽ.

Nae നിശ്ചയമായിട്ട, സാക്ഷാൽ എന്നർത്ഥമായിരിക്കുന്നു എന്നാൽ സാമാന്യം ഒരു pronomen ഇതിന്റെ ശേഷം ചെർക്കപ്പെട്ടുന്നു ഉദ: Nae ego infelix homo sum ഞാൻ നിശ്ചയമായിട്ട നിർഭാഗ്യമുള്ള മനുഷ്യനാകുന്നു.

ചൊ: Quin, എന്നതിന്റെ പ്രയൊഗം എങ്ങനെ?

ഉ: ഇതിന്റെ അർത്ഥങ്ങൾ പലതാകുന്നു. അതായത ആതെഇരിപ്പാൻ, കൂടാതെ, ഇല്ലാതെ, എന്നാൽ, എങ്കിലും, നിശ്ചയമായി, എന്തെ, ഇല്ല, vel അല്ല. Quin taces? എന്തെ നീ മിണ്ടാതെ ഇരിക്കുന്നില്ല. Non quin rectum esset; sed quia &c. ചൊല്ലായ്കയുണ്ടുകൊണ്ടല്ല പിന്നെയൊ &c. Quin hincipse evolare cupio എന്നതന്നെയുമല്ല പിന്നയൊ ഇവിടെനിന്നു പറന്നുപൊകുവാൻ ഞാൻ ആഗ്രഹിക്കുന്നു. Non possum quin ad te scribam നിനക്കു എഴുതാതെ ഇരിപ്പാൻ ഇനിക്കുപാടില്ല. പ്രത്യെകം, സംശയിക്കുന്നില്ല എന്ന അർത്ഥമായിരിക്കുന്ന non dubito എന്നതിന്റെ ശേഷം പ്രയൊഗിക്കപ്പെട്ടുന്നു Non dubito quin res ita se habeat സംഗതി ഇരുവണ്ണം ആകുന്നതിന്മെൽ ഞാൻ സംശയിക്കുന്നില്ല.

ചിലപ്പൊൾ qui non, quae non, quod non എന്നതിന്നു പകരമായിട്ട കാണുകയും ചെയ്യും Nemo fuit quin viderit, qui non viderit എന്നതിന്നു പകരം, കാണാത്തതായും ഉണ്ടായില്ല. &c.

ചില adverbia കൾക്കു Comparativus gradus ഉള്ളപ്രകാരം ഒന്നാംക്രിയിൽ പറഞ്ഞിരിക്കുന്നതുകൂടാതെ ഏറിയതും അവിടെ കൂട്ടുകയും ചെയ്യു. ആയത അവിടെതന്നെ നൊക്കിക്കൊൾക.

DE CONSTRUCTIONE INTERJECTIONUM.

ചൊ: Interjectio എന്നുപറയുന്നത എന്താകുന്നു?

ഉ: ഒന്നാം ക്രിയിൽ (ubi de interjectionibus) ചൊല്ലിയിരിക്കുന്നതുപൊലെ ഉള്ളിൽ vel മനസ്സിൽ ഉണ്ടാകുന്ന ഓരൊരൊ മനൊവികാരങ്ങളെ കാട്ടുന്ന പെരുക്കമില്ലാത്ത ഒരുവാക്കുപദങ്ങൾ അത്രെ interjectiones എന്നു പറയുന്നത. എന്നാൽ പലവിധമായ മനസ്സിന്റെ പകപ്പുകൾക്കു തക്കതിൻവണ്ണമുള്ള interjectiones നടപ്പായിരിക്കുന്നപ്രകാരവും അതാതിന്റെ വിവരം ഒന്നാം ക്രിയിൽ രണ്ടാം അദ്ധ്യായത്തിൽ കാണുക.

ചൊ: Interjectiones വിഭക്തികളെ ഭരിക്കുന്നൊ?

ഉ: സാക്ഷാൽ പറഞ്ഞാൽ യാതൊരു വിഭക്തിയെ ഭരിക്കുന്നില്ല അതെന്തെ കൂട്ടുയുണ്ടാകുന്നവിഭക്തി ഉള്ളർത്ഥമായിട്ടുണ്ടായിരിക്കുന്ന ഒരു ക്രിയാപദത്താൽ ഭരിക്കപ്പെട്ടുന്നു. എന്നാൽ ഈവിവരവും പലഉദാഹരണങ്ങളും ഒന്നാം ക്രിയിൽ മെലെഴുതിയ അദ്ധ്യായത്തിൽ കാണിച്ചിരിക്കകൊണ്ട ഇവിടെ വീണ്ടും എഴുതുവാൻ ആവശ്യമില്ല. ഒരൊ വകപദങ്ങൾ സംബന്ധമായിട്ട അവിടെ എഴുതിയിരിക്കുന്നത വെണ്ടുവൊളം മതിയായിരിക്കുന്നു. എന്നതിനെകൊണ്ട Syntaxis എന്ന വ്യാകരണത്തിന്റെ ഒരു ഒടുക്കത്തെ ക്രിയിൽ അറുതിവെക്കുന്നതിന്നു വെഗത്തിൽ വാചകത്തിന്റെ എട്ടാമതായ, vel ഒടുക്കത്തെ ക്രിയാകുന്ന conjunctiones എന്നതുകളുടെ പ്രയൊഗം കാണിച്ചതിന്റെ ശേഷം ചെർത്തൊരുത്തരത്തിനെല്ലും മറും ചില ആവശ്യമായിട്ടുള്ള സംഗതികളുമ്മെലും അറിയെണ്ടുന്നത അനുബന്ധമായിട്ട ചെർക്കയും ആം.

DE CONSTRUCTIONE CONJUNCTIONUM.

ചൊ: Conjuctio എന്നു പറയുന്നത എന്താകുന്നു?

ഉ : ഒരു പെരിന്റെ അർത്ഥം കാട്ടുന്നതുപോലെയും ഒന്നാം ക്രിൽ (ubi de conjunctionibus) ചൊല്ലിയിരിക്കുന്നതുപോലെയും വാചകത്തിൽ മൊഴികളെയും വാചകത്തിന്റെ ക്രമങ്ങളെയും ചെയ്തുകെട്ടുന്ന ഒരു വക പദങ്ങൾ അത്രെ conjunctiones എന്നു പറയുന്നത.

എന്നാൽ ഇങ്ങനെയുള്ള സന്ധിപ്പദങ്ങളുടെ ഒരോരോ വകകളുടെ അതതിന്റെ അർത്ഥവും ഒന്നാം ക്രിൽ എഴുതിയിരിക്കകൊണ്ട ഇവിടെ ചിലതുകളുടെ പ്രയോഗം മാത്രം കാട്ടുകയും ചെയ്യം.

ചൊ : Cum, vel quum, എന്തൊരു വിധത്തോട ചെർക്കുന്നതാകുന്നു ?

ഉ : എന്നതിനെകൊണ്ട, ആകകൊണ്ട, എന്നുള്ള അർത്ഥത്തോട കൂടിയതായി വരുമ്പോൾ എല്ലാപ്പോഴും Subjunctivo വിധത്തോട ചെർക്കുന്നതാകുന്നു. ഉദ: Quum non studeat discere non potest അവൻ പഠിപ്പാനുള്ള വെല ചെയ്യാതെ ഇരിക്കുന്നതിനെകൊണ്ട പഠിപ്പാൻ വശമാകുന്നില്ല. Cum negligens fuerit meretur castigationem അവൻ മടിയനായിരുന്നതിനെകൊണ്ട ശിക്ഷയ്ക്കു പാത്രവാനാകുന്നു.

എന്നാൽ (മുമ്പിൽ) അപ്പോൾ എന്നർത്ഥമായിട്ട വരുമ്പോൾ കഴിഞ്ഞ നടക്കുന്ന കാലത്തിന്ന മുമ്പിൽ വരുമ്പോൾ ഒക്കെ Subjunctivo വിധത്തോട ചെർക്കുന്നതാകുന്നു അല്ലെങ്കിൽ vel മറ്റു കാലങ്ങൾക്ക മുമ്പിൽ വരുമ്പോൾ Indicativo വിധത്തോട ചെർക്കുന്നതാകുന്നു. ഉദ: Quum abundant divitiæ, abundant plerumque et vitia സമ്പത്തു സംപൂർണ്ണതയാകുമ്പോൾ ഏറിയകുറെ ദുർഗുണങ്ങളും അധികമായിരിക്കയും ചെയ്യുന്നു. cum quis functus est munere suo, est magis lætus യാതൊരുത്തൻ അവന്റെ കടം നിർവെറ്റിയിരിക്കുമ്പോൾ ഏറ്റം സന്തോഷമുള്ളവനാകുന്നു cum esset pauper. erat virtute præditus അവൻ ദരിദ്രൻ ആയിരുന്നപ്പോൾ പുണ്യശീലവനായിരുന്നു.

ചൊ : Dum എന്നതിന്റെ പ്രയോഗം എങ്ങനെ ?

ഉ : അപ്പോൾ ഇടയിൽ എന്ന അർത്ഥത്തോട കൂടിയതാകുമ്പോൾ നില്ക്കുന്ന കാലമാകുന്ന വാചകത്തിൽ കാട്ടുന്ന വിധത്തോട കഴിഞ്ഞനടക്കുന്നകാലമാകുന്ന വാചകത്തിൽ Subjunctivo വിധത്തോട ചെർക്കപ്പെടുകയും ചെയ്യുന്നു. ഉദ : Dum magister loquitur, discipuli eum audire debent ഗുരു പറയുന്നപ്പോൾ (vel പറയുമ്പോൾ) ശിഷ്യർ അയാളെകെൾക്കണം. Dum omnes dormirent, aufugit എല്ലാവരും ഉറങ്ങികിടക്കയിൽ അവൻ ഒളിച്ചുപോയി.

ചൊ : Dum എന്ന ഒരു സന്ധിപ്പദം തന്നെ dummodo, donec എന്നതിന്ന പകരമായിട്ട വരുമ്പോൾ എന്തൊരു വിധത്തോട ചെർക്കുന്നതാകുന്നു ?

ഉ : Subjunctivo വിധത്തോട ചെർക്കുന്നതാകുന്നു. ഉദ : clitellas dum portem meas അതായത dum modo portem clitellas meas, എന്റെ ജീനി ഞാൻ ധരിച്ചാൽ expecta dum redeam, ഞാൻ പിന്തിരിയുന്നതുവരെ നീ പാർത്തിരിക്ക vel താമസിക്ക അതായത expecta donec redeam.

ചൊ : Ut എന്ന സന്ധിപ്പദത്തിന്റെ പ്രയോഗം എങ്ങനെ ?

ഉ : അതിന്നുവെണ്ടി അതിന്നായിട്ട ഇതിന്നായിട്ട എന്ന അർത്ഥമായിട്ട വരുമ്പോഴൊക്കെയും Subjunctivo വിധത്തോട ചെർക്കുന്നതാകുന്നു. ഉദ : Dominus nos punit, ut nostros corrigamus mores നമ്മുടെ വ്യാപാരത്തെ നന്നാക്കുന്നതിന്ന കർത്താവ നമ്മെ ശിക്ഷിക്കുന്നു. Studeo ut discam ഞാൻ പഠിക്കുന്നതിന്ന പഠിപ്പതിന്ന വെല ചെയ്യുന്നു. ഇതുപോലുള്ളവായിട്ട adeo, ita, sic, talis, tantum, tot, tam എന്ന മൊഴികളുടെ ശേഷം ut cum Subjunctivo പ്രയോഗിക്കുന്നതാകുന്നു. ഉദ : es adeo bonus, ut laudaris ab omnibus നീ എല്ലാവരാൽ സ്തുതിക്കപ്പെടുവാൻ തക്കവണ്ണം അത്ര നീ നല്ലവനാകുന്നു.

Ut എന്ന ഒരു പദം ചിലപ്പോൾ തിരിച്ച വാചകത്തിൽ കാണുന്നില്ലയെങ്കിൽ ഉള്ള

ത്ഥമായിട്ട പൊരുൾ തിരിച്ചുകൊൾക. ഉദ : Fac sciam അതായത Fac ut sciam ഞാൻ അറിയുന്നതിന്ന നീ ചെയ്ക.

ചിലപ്പോൾ quamvis എന്നതിന്ന പകരമായിട്ട ut പ്രയോഗിക്കപ്പെടുന്നു എന്നാൽ അപ്പോൾ Subjunctivo വിധത്തോട ചെർക്കേണ്ടതാകുന്നു. ഉദ : ut desint vires, tamen est laudanda voluntas ശക്തിയില്ലെങ്കിലും മനസ്സു സ്തുതിക്കപ്പെടേണ്ടതാകുന്നു.

ചോ : ഉടനെ, അതിൻപ്രകാരം, പൊലെ, എന്ന അർത്ഥമായിട്ട വരുമ്പോൾ എന്തൊരു വിധത്തോട ചെർക്കേണ്ടതാകുന്നു ?.

ഉ: Indicativo, vel കാട്ടുന്ന വിധത്തോട ചെർക്കേണ്ടതാകുന്നു ഉദ. Ut errorem suum agnovit, amare flevit, അവൻറെ തെറ്റ അറിഞ്ഞപ്രകാരം അവൻ വളരെ (കൈപ്പോടെ) കരഞ്ഞു: ut dici solet, പൊല്ലി വരുമാറാകുന്നതുപൊലെ.

ചോ: Licet, Etiamsi, Quamvis, Quamquam, Etsi, Tametsi എന്നുള്ള സന്ധിപ്പദങ്ങളോട പ്രയോഗം എങ്ങനെ ?

ഉ: ഒരു പദങ്ങളൊക്കയുടെ അർത്ഥം (എങ്കിലും എന്നു വന്നാലും, എന്നായാലും) എന്നാകുന്നു. എന്നാൽ licet എല്ലുപ്പോഴും subjunctivo വിധത്തോടും etiamsi, quamvis, ഏറെം നടപ്പായിട്ട subjunctivo വിധത്തോടുതന്നെ, quamquam, ഏറെം നടപ്പായിട്ട Indicativo വിധത്തോട ചെർക്കപ്പെട്ടുന്നു. കടുശി Etsi, tametsi വാചകത്തിൻറെ ഇടക്കത്തിൽ വന്നാൽ Indicativo വിധത്തോടും മറ്റെടത്തിൽ വന്നാൽ Indicativo വിധത്തോടും vel, Subjunctivo വിധത്തോടും ചെർക്കയും ആം അപ്പോഴും ഒരും വാചകം നിനക്ക സമ്പത്തു അധികം ഉണ്ടെങ്കിലും ചുമ്മ ഇങ്ങന ജീവിതം കഴിച്ചുകൂടാ എന്നത താഴെ കാണിച്ചിരിക്കുന്ന വിധങ്ങളായിട്ട പൊരുൾ തിരിക്കാം അതായത:—

Licet divitiis affluas, tibi non licet otiose vivere.
Etiamsi, vel quamvis divitiis affluis, tibi non licet otiose vivere.
Quamvis divitiis affluis, tibi non licet &c.
Etsi, tametsi divitiis affluis, tibi non licet vitam vivere otiosam-vel.
Tibi non licet vitam vivere otiosam, etsi vel tametsi divitiis affluis vel affluas.

ചോ: Vereor, Timeo, Metuo എന്ന ക്രിയാപദങ്ങളുടെ ശെഷം ,,ut,, എന്ന പദം പ്രയോഗിക്കേണ്ടുന്നത എപ്പോൾ ആകുന്നു?

ഉ: സംഗതി ഒവണ്ണമാകട്ടെ എന്ന ആഗ്രഹിക്കുമ്പോൾ ,,ut,, പ്രയോഗിക്കേണ്ടതാകുന്നു. ഉദ. വരുമൊ vel വരികയില്ല, എന്ന ഞാൻ ഭയപ്പെടുന്നു. Vereor ut veniat. Vereor ut placari possit അടക്കപ്പെടുമൊ, vel അരിശം അമരുമൊ എന്ന ഞാൻ ഭയപ്പെടുന്നു.

ചോ: ,,Ne,, വിലക്കുന്ന vel negans സന്ധിപ്പദമായിട്ട പ്രയോഗിക്കേണ്ടുന്നത എങ്ങനെ ?

ഉ: Subjunctivo വിധത്തോട ചെർക്കേണ്ടുന്നതാകുന്നു. ഉദ. Oro ne facias hoc, ഇത നീ ചെയ്യരുതെന്ന ഞാൻ അപെക്ഷിക്കുന്നു. നിന്നെ കാണാതെയിരിപ്പാൻ ഞാൻ പുറപ്പെട്ടു പൊകുന്നു. discedo ne te videam. ചിലപ്പോൾ ഉള്ളർത്ഥമായിട്ടല്ലാതെ തിരിച്ചു കാണുകയില്ല. Cave sentiant അതായത Cave ne sentiant.

ചോ: എന്നാൽ Vereor, Timeo, metuo എന്ന ക്രിയാപദങ്ങളുടെ ശെഷം ,,ne,, പ്രയോഗിക്കേണ്ടുന്നത എപ്പോൾ ആകുന്നു?

ഉ. സംഗതി ഒവണ്ണം ആകരുത എന്നാഗ്രഹമായിരിക്കുമ്പോൾ. ഉദ. Metuebat ne indicaretur, പരസ്യമാക്കപ്പെട്ടുമെന്ന അവൻ ഭയപ്പെട്ടുകയായിരുന്നു.

ചോ: Ni-nisi എന്നതിൻറെ പ്രയോഗം എങ്ങനെ ?

ഉ: Indicativo വിധത്തോടും Subjunctivo വിധത്തോടും ചെർക്കയും ത്തും Ni fallor vel nisi me fallit opinio, ഞാൻ തെറിച്ചൊകുന്നില്ലയെങ്കിൽ Nisi videritis signa, et prodigia non creditis, അടയാളങ്ങളെയും പ്രത്യക്ഷങ്ങളെയും നിങ്ങൾ കണ്ടല്ലാതെ vel കാണ്കയില്ലയെങ്കിൽ വിശ്വസിക്കുന്നില്ല.

ചൊ: മലയാഴ്മയിൽ ,,എങ്കിൽ,, എന്ന അവ്യയം conditionalായിട്ട വരുമ്പോൾ അതിനൊടു ചെന്ന ക്രിയാപദം എങ്ങനെ പൊരുൾ തിരിയുന്നുള്ളതാകുന്നു?

ഉ: വാചകത്തിൽ നില്ക്കുന്ന കാലമായിരുന്നാൽ Indicativiന്റെ നില്ക്കുന്ന കാലമായിട്ട vel Subjunctivi ന്റെ നില്ക്കുന്നകാലമായിട്ട പൊരുൾ തിരിക്കാം.

ഉദ: ഞാൻ വെലചെയ്യുന്നുവെങ്കിൽ സൌഖ്യമായിരിക്കുന്നു Si laboro, vel si laborem valeo.

എന്നാൽ വാചകത്തിന്റെ രണ്ടാംക്രിയിലെ ക്രിയാപദം വരുംകാലമായിരുന്നാൽ എങ്കിൽ എന്ന പദത്തോടു ചെന്നതും വരുംകാലമായിട്ട പൊരുൾ തിരിക്കുമാകുന്നു. ഉദ: നീ പഠിക്കുന്നയെങ്കിൽ പിന്നെ സന്തൊക്കമായിരിക്കും Si studeas vel si studueris contentus postea eris.

എങ്കിൽ,, എന്ന അവ്യയപദത്തോടു ചെന്ന ക്രിയാപദം Indicativiന്റെ വരുംകാലമായിരുന്നാൽ Indicativi ന്റെ വരും കാലമായിട്ടും Subjunctiviന്റെ വരും കാലമായിട്ടും പൊരുൾ തിരിക്കാം. ഉദ: അവൻ വരുമെങ്കിൽ ഞാൻ അവനെ കാണും, Si veniet, vel si venerit illum videbo.

എങ്കിൽ,, എന്ന അവ്യയപദത്തോടു ചെന്ന ക്രിയാപദം Subjunctiviന്റെ വരുംകാലം ആകുമ്പോൾ Indicativi ന്റെ മുഴുവൻ കഴിഞ്ഞകാലമായിട്ട പൊരുൾതിരിക്കേണ്ടുന്നതാകുന്നു. ഉദ: അവൻ പൊയ്ക്കഴിഞ്ഞിരിക്കുമെങ്കിൽ എന്നോടു നീ അറിയിക്കും Si iam discessit me monitum facies.

എങ്കിൽ,, ശണ്ഠത്തോടു ചെന്ന ക്രിയാപദങ്ങൾ രണ്ടും കാട്ടുന്ന വിധത്തിന്റെ കഴിഞ്ഞനടക്കുന്ന കാലമായാൽ രണ്ടും Subjunctiviന്റെ കഴിഞ്ഞ മറൊന്നിന മുമ്പിൽ കഴിഞ്ഞകാലമായിട്ട പൊരുൾ തിരിക്കേണ്ടുന്നതാകുന്നു. ഉദ. ഞാൻ ഇതറിഞ്ഞിരുന്നുയെങ്കിൽ ഉടനെ പുറപ്പെട്ടുപൊയെനെ Si hoc scivissem, Statim discessissem.

ഇല്ലയെങ്കിൽ വാചകത്തിന്റെ രണ്ടാംക്രിയിൽ വരുമ്പോൾ Nisi,, cum subjunctivo പൊരുൾ തിരിക്കേണ്ടതാകുന്നു ഉദ: അവൻ നിശ്ചയമായിട്ട സൌഖ്യമാകയില്ല ഒരു മരുന്ന സെവിച്ചില്ലയെങ്കിൽ Non convalescet certe, nisi sumat hanc medicinam. ആരും തിന്നാതെ വെല ചെയ്യുന്നില്ലയെങ്കിൽ Nemo debet manducare, nisi laboret എന്നാൽ മെലെഴുതിയ മലയാഴ്മ ഉദാഹരണങ്ങളും മലയാഴ്മ വാചകചെച്ചയ്യുൂ തക്കതിൻ വണ്ണമല്ല. എന്നതിനെകൊണ്ട ഒരു കാരൊന ഏറവും ഉപ്പായിട്ട ഒരുവണ്ണംപറയാം. അതായത: മലയാഴ്മ വാചകം (ഇന്നത) ചെയ്യുന്നതെ..ഇല്ല. ഒരു വണ്ണം പ്രവൃത്തിച്ചുന്നതെ, ചെയ്യയുന്നതെ..ഇല്ല. എന്നിങ്ങനെ വരുന്ന വാചകങ്ങളും മെലെഴുതിയതു പൊലെ പൊരുൾ തിരിക്കേണ്ടതാകുന്നു. ഉദ: ഒരു മരുന്ന അവൻ സെവിച്ചുന്നതെ സൌഖ്യമാകയില്ല Non convalescet &c.

ഇല്ലയെങ്കിൽ,, എന്നത വാചകത്തിന്റെ ഒന്നാം ക്രിയിൽ വരുമ്പോൾ സാമാന്യം Si non, ആയിട്ട cum Indicativo പൊരുൾ തിരിക്കേണ്ടതാകുന്നു നിന്റെ കടം തീർത്തില്ലയെങ്കിൽ നീ ശിക്ഷിക്കപ്പെടും Si non es functus munere tuo punieris. നീ കാര്യം ചെയ്തില്ലയെങ്കിൽ നിനക്ക ഭയപ്പെടെണ്ടതുതന്നെ Si non deliquisti, non est tibi timendum.

മലയാഴ്മ വാചകങ്ങളിൽ വരുന്ന ഒ? അതായത ചൊദ്യമായിട്ട ഒരുവണ്ണം പൊരുൾ തിരിക്കണം. ഉദ: അവൻ ഉന്നിരിക്കുന്നൊ, ഉറങ്ങുന്നൊ? vigilat ne, aud dormit?

ഒ?, ഇല്ലയൊ?—എന്നിവ്വാചകം. ഇങ്ങനെ. ഉദാ: അവൻ പൊയൊ, ഇല്ലയൊ? discessit ne, annon?

ചൊ: ഇപ്പ്രകാരമുള്ള (ഒ) സംശയിക്കുന്നു, അറിയുന്നില്ല, ചൊദിക്കുന്നു എന്നുള്ള ക്രിയാപദങ്ങളുടെ ഇടയിൽ വരുമ്പൊൾ എങ്ങനെ ചൊല്ലണം തിരിക്കേണ്ടതുകുന്നു?

ഉ: Subjunctivo വിധത്തൊട് കൂടെ an, utrum, num, (utrum,..an non, vel necne.) vel an..nec ne.) ഉദാ: Nescio an pervenerit അവൻ വന്നെത്തിയൊ ഇ നിക്ക അറിയാമ്മെല. eum interrogavit an, vel num, vel numquid ire vellet, പൊകുവാൻ മനസ്സുണ്ടൊ എന്ന അവനൊട അവൻ ചൊദിച്ചു. Dubito, utrum domi sit, an rure, vel domi ne sit, an rure, അവൻ വീട്ടിലൊ പാമ്പിലൊ ഞാൻ സംശയിക്കുന്നു. അവൻ സൌഖ്യമായൊ ഇല്ലയൊ എന്ന ഇനിക്ക നിശ്ചയമില്ല. Incertum mihi est utrum convaluerit, an non vel nec ne vel an convaluerit, nec ne.

താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെയും സൂക്ഷിച്ചുകൊൾക.

Nescimus an venturus sit, അവൻ വരുമൊ എന്ന ഞങ്ങൾ അറിയുന്നില്ല. Interroga eum, an-vel num, vel numquid venturus esset അവൻ വരുമായിരുന്നൊ എന്ന അവനൊട നീ ചൊദിക്ക. Dubitabam utrum absolvendus fuisset, an damnandus അവൻ കുറമില്ലാത്തവനായി വിധിക്കപ്പെട്ടുമൊ ശിക്ഷ്യനായി വിധിക്കപ്പെട്ടുമൊ എന്ന ഞാൻ സംശയിക്കയായിരുന്നു.

Participia rus, ra, rum, et dus, da, dum ഇല്ലാത്ത ക്രിയാപദങ്ങൾ വന്നാൽ ഉദാഹരണങ്ങൾ.

Nescio an unquam discat, അവൻ പഠിക്കുമൊ ഞാനറിയുന്നില്ല. Nescio an disceret പഠിക്കുമായിരുന്നൊ ഇനിക്ക അറിയാമ്മെല.

Dubito an eum pœnituisset അവൻ മനസ്സാപപ്പെട്ടിട്ടുണ്ടായിരുന്നെന്നെയൊ ഞാൻ സംശയിക്കുന്നു.

– എന്ന –

മലയാള്ത്തിൽ particula എന്ന ചിലപ്പൊൾ relativum ആയിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ചിലപ്പൊൾ ഒരൊ particula പൊരുൾ തിരിക്കാതെ ഇതിനൊട ചെന്നിരിക്കുന്ന വാചകം Infinitivus വിധമായിട്ട പൊരുൾ തിരിച്ചാറുള്ളതാകുന്നുയെന്നും കൂട്ടുകയും ചെയ്തു. ഇവരണ്ടിനെൽ ഇവിടെ ഏതാനും കാനൊനുകളെ വെച്ചുൽ കൊള്ളാമെന്ന തൊന്നിയിരിക്കുന്നു.

ഒന്നാം കാനൊന.

എന്ന ഇതിനൊട ചെന്നിരിക്കുന്ന ഒരു Substantivum പെരിനെ കൂട്ടുമ്പൊൾ qui, quæ, quod, എന്ന relativum pronomen കൊണ്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദാ: നീ അന്വെഷിക്കുന്ന എന്ന പുസ്തകം ഇതാകുന്നു hic est liber quem quæris. എൻറെ കൂട്ടുകാരിച്ചിന്ന പൊയ്പൊയിരുന്ന എന്ന പുസ്തകങ്ങൾ ഇവകളാകുന്നു hi sunt libri fratris mei, quos amiserat.

രണ്ടാം കാനൊന.

എന്ന ഒരു particula ഒരു ക്രിയാപദത്തൊട ചെന്നിരിക്കുമ്പൊൾ അതായത കുറിച്ചിരിക്കുന്ന ഒരു ക്രിയാപദത്തൊട ചെന്നിരിക്കയും അതിൻറെ ശെഷം വരുന്നത ആ വാചക

ത്തിന്റെ രണ്ടാംക്രിയായിരിക്കയും, മെലെഴുതിയ "എന്ന" വരെയുള്ളത രണ്ടാംക്രിയെ സാധനം പൊലെയായിരിക്കയും ചെയ്യുൽ സാമാന്യ "എന്ന" വരെയുള്ളത Infinitivയിട്ട പൊരുൾ തിരിച്ച "എന്ന" ഇട്ടകളവാൻപ്പെട്ടതാകുന്നു. ഉദ: സർവ്വേശ്വരൻ സകലത്തെയും പരിപാലിക്കുന്നു എന്ന ഞാൻ വിശ്വസിക്കുന്ന Credo, Deum omnia regere. നീ ഗ്രന്ഥം പഠിക്കുന്നു എന്ന ഞാൻ അറിയുന്നു Ego scio te studere grammaticæ. പാപത്തിനെൽ മടിയനായി എന്ന അവൻ അനുസരിച്ച പറയുന്നു Fatetur, se neglexisse studium അവസാനനാളിൽ രക്ഷപെടുമെന്ന ഞാൻ വിശ്വസിക്കുന്ന Credo, eum venturum esse crastina die. തണ്ണുവര ഒരു ജീവിതത്തിൽ ക്ലേശവും നിർഭാഗ്യവുമനുഭവിക്കുന്നവനെന്ന കാര്യങ്ങളിൽ പട്ടാങ്ങളുള്ള ഗുരുനാഥയായിരിക്കുന്ന അനുഭവസിദ്ധി നമ്മെ പഠിക്കുന്നു nos docet experientia vera rerum magistra, etiam in hac vita malos esse miseros.

എന്നാൽ ഇതിനെൽ, De constructione verborum infinitivorum ചൊല്ലിയിരിക്കുന്നത വായിച്ച ഗ്രഹിച്ചുകൊൾക.

APPENDIX.

ചൊദ്യോത്തരത്തിനെൽ.

ഉത്തരം ചൊദ്യത്തിനൊത്തതായിരിക്കണം. അതായത ചൊദ്യത്തിൽ കാണുന്ന vel കൊടുക്കുന്ന വിഭക്തിയായിട്ടും, കാലമായിട്ടും ഉത്തരക്കയും വെണം. മലയാഴ്മയിൽ ഒരു വസ്തുനിർദ്ദിഷ്ടമായിരിക്കുമെന്നു പറയാം. ഉദ: ഒരു പുസ്തകം ആരുടെതാകുന്നു? എന്ന ഒരുത്തൻ നിന്നൊട ചൊദിച്ചാൽ എൻറെത, അല്ലെങ്കിൽ ഇന്നാരുടെതാകുന്നു എന്ന ചൊദ്യത്തിലുള്ളതുപൊലെ genitivus വിഭക്തിയായിട്ട നീ ഉത്തരിക്കയും ചെയ്യും. എവനെ നീ വിളിക്കുന്നു? നിന്നെ, vel അവനെ, എന്ന ചൊദ്യത്തിൽ ഉള്ളതുപൊലെ accusativus വിഭക്തിയായിട്ട നീ ഉത്തരിക്കുവരുവസ്തു ശ്രദ്ധിക്കുക. എന്നാൽ ഇതിന്റെ താഴെ എഴുതുവാൻ പൊകുന്ന ഉദാഹരണങ്ങളാൽ ഇവെല്ലാം തെളിവാകും.

ഉദാഹരണങ്ങളാകുന്നതെന്തെന്നാൽ.

Interrogatio. Quis hoc fecit.?
Responsio. Frater tuus
In: Quem vocas?
R. Fratrem tuum
In: Cujus est hic liber?
R. Petri
In: De quo loqueris?
R. De Petro
In: Quid cupit facere?
R. Discedere
In: Quid te rogat, ut facias?
R. Ut discedam
In: Ubi es?
R. Hic
In: Quo venies?
R. Huc
In: Ubi moratur?
R. Romæ
In: Quo ivit?
R. Romam

ചൊ. ആര ഇതചെയ്തു?
ഉ. നന്റെ ക്രേഷ്ഠിഷ്ഠൻ.
ചൊ. ഏവനെ നീ വിളിക്കുന്നു?
ഉ. നിന്റെ ക്രേഷ്ഠിഷ്ഠിനെ.
ചൊ. ഒരു പുസ്തകം ആരുടെതാകുന്നു?
ഉ. പത്രൊസിന്റെ.
ചൊ. ആരെകുറിച്ച നീപറയുന്നു?
ഉ. പത്രൊസിനെ കുറിച്ച.
ചൊ. എന്തു ചെയ്വാൻ അവൻ ആഗ്രഹിക്കുന്നു?
ഉ. പുറപ്പെട്ടുപൊകുവാൻ.
ചൊ. എന്തുനീ ചെയ്വാൻ അവൻ നിന്നൊടപെക്ഷിക്കുന്നു?
ഉ. പുറപ്പെട്ടുപൊകുവാൻ.
ചൊ. നീ എവിടെയാകുന്നു?
ഉ. ഇവിടെ.
ചൊ. എവിടെയ്ക്കു നീ വരും?
ഉ. ഇവിടെയ്ക്കു.
ചൊ. അവൻ എവിടെ പാർക്കുന്നു?
ഉ. റൊമ്മപുരിയിൽ.
ചൊ. എവിടെയ്ക്കു അവൻ പൊയി.
ഉ. റൊമ്മയ്ക്കു.

In. Quota est hora?	ചൊ. എത്രമണിയാകുന്നു?
R. Hora quarta cum quadrante	ഉ. നാലെകാൽ മണി.
In: Quanti valet hic liber?	ചൊ. ഒരം പുസ്തകത്തിന്നു എന്തു വിലയാകുന്നു?
R. Decem rupiis	ഉ. പത്തുരൂപാ.
In: Quo consule id evenit?	ചൊ. ആര കൊൻസുലായിരിക്കയിൽ ഇത സംഭവിച്ചു?
R. Cicerone consule	ഉ. ചിച്ചെരൊൻകൊൻസുലായിരിക്കുമ്പൊൾ

മെലെഴുതിയതിന്മെൽ സൂക്ഷ്മിക്കെണ്ടുന്നതായത.

൧-മത. ചൊദ്യം. അതിശയപ്പെട്ടുന്ന പ്രകാരം ചെയ്യുന്നുവെങ്കിൽ, അതായത യാതൊരുത്തൻ ചെയ്തു എങ്ങനെയൊ? എപ്പൊഴൊ? എന്തു? എവിടെ? അല്ലെങ്കിൽ ആ പ്രവൃത്തി ചെയ്യുവനാര? എന്നിങ്ങനെ ചൊദിക്കെണ്ടിവരുമ്പൊൾ മെലെഴുതിയതിന്നു പകരം പ്രയൊഗിക്കെണ്ടുന്ന adverbia കൾ ആകുന്നതെന്തെന്നാൽ. Quandonam എപ്പൊൾ? Quomodonam എങ്ങനെ? Curnam. vel quarenam എന്തെ? Ubinam എവിടെ? Quisnam ആര? എന്നാലിവകൾക്കുള്ള ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ. Quandonan hoc fecit? അവൻ എപ്പൊൾ ഇത ചെയ്തു? Quomodonam potuit hoc facere? ഇതവൻ ചെയ്വാൻ വശമായതങ്ങനെ?

Curnam, vel quarenam hoc fecit? അവൻ ഇത ചെയ്തതെന്തെ?
Undenam venit? അവൻ എവിടെ നിന്നു വരുന്നു?
Quisnam ausus est hoc facere? ഇതു ചെയ്വാൻ തുനിഞ്ഞവനാര?

൨-മത. ഒരു സംഗതിയുള്ളതൊ ഇല്ലാത്തതൊ എന്ന അറിവാൻ തക്ക ക്രിയാപദം ചെൎത്തുകൊണ്ടു ചൊദിക്കുമ്പൊൾ വാചകത്തിന്റെ തുടക്കത്തിൽ an, vel num, vel numquid, വാചകത്തിന്റെ ഒന്നാമത്തെ മൊഴിയുടെ ശെഷം ne, വെച്ചുകൊണ്ടു ചൊദിക്കെണ്ടതാകുന്നുവെന്നും ഉത്തരം ഇല്ലെന്ന ആകെണ്ടതാകുമ്പൊൾ num, vel numquid പ്രത്യെക പ്രയൊഗിക്കെണ്ടുന്നതാകുന്നുവെന്നും ഒൎത്തുകൊൾക.

വിശെഷിച്ച ഉവ്വയെങ്കിലും, ഇല്ലെന്ന, യെങ്കിലും ഉത്തരിക്കുന്നത, ചൊദ്യത്തിൽപ്രയൊഗിച്ചിരിക്കുന്ന ക്രിയാപദംകൊണ്ടുതന്നെ ഉത്തരിക്കയും വെണമെന്നും ഒൎത്തുകൊൾക. ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ.

Interro: An vidisti Regem? vel vidisti ne Regem?
ചൊ: രാജാവിനെ നീ കണ്ടൊ?

R. Vidi. ഉത്ത: ഞാൻ കണ്ടു.

Int: Num dormis, vel numquid dormis?
ചൊ: നീ ഉറങ്ങുന്നൊ?

R. Non dormio. ഉ. ഞാൻ ഉറങ്ങുന്നില്ല.

Int: Num eris semper negligens?
ചൊ: നീ എല്ലാപ്പൊഴും മടിയനായിരിക്കുമൊ?

R. Id Deus avertat. ഉ: ഇതുവരാതെ ഇരിപ്പാൻ തമ്പുരാൻ ഇടകൃപചെയ്യട്ടെ.

൩-മത സാമാന്യം പറക്കെ, എന്ന മൊഴിയും കൂട്ടി ഇല്ലയെന്നുള്ള മൊഴിയൊടിട്ട ചെയ്യുന്ന ചൊദ്യം ഏറിയകുറെ Nonne, vel annon, ചിലപ്പൊൾ non, മാത്രം പ്രയൊഗിച്ചുകൊണ്ടു ചൊദ്യം ചെയ്യപ്പെട്ടുമാകുന്നു. ചിലപ്പൊൾ num. .non അതായത വാചകത്തിന്റെ തുടക്കത്തിൽ num വെച്ചു പ്രധാന ക്രിയാപദത്തിന്നു മുമ്പിൽ non വെക്കയും ചെയ്യും. മൂന്ന ഉദാഹരണങ്ങൾ ഇവെല്ലാം തെളിയിക്കും. ഉദ: Nonne, vel annon monitus es? പക്ഷെ നീ ഗുണദൊഷിക്കപ്പെട്ടിട്ടില്ലെ? Ergo non amplius te videbimus? അപ്പൊൾ ഇനി ഞങ്ങൾ നിന്നെ കാണുകയില്ലയൊ? Num vitia tua aliquando non deseres? (പക്ഷെ) ഒരു വെളയിൽ നിങ്ങൾ ദുർഗ്ഗുണങ്ങളെ നീ ഉപെക്ഷിക്കയില്ലയെ

മാസത്തിന്റെ ഏതു തീയ്യതിയെങ്കിലും ലത്തീൻ പ്രകാരം തിരിപ്പാനുള്ള ക്രമം.

മാസത്തിൽ പെരുതിരിയപ്പെട്ട മൂന്നു ദിവസമുണ്ടെന്നു ആദ്യംതന്നെ നീ അറിയണം അതായത :

Calendæ, Nonæ, et Idus.

Calendæ എന്നു പറയുന്നത മാസത്തിന്റെ ഒന്നാം തീയ്യതിയാകുന്നു.

Nonæ എന്നു പറയുന്നത മീനം, ഇടവം, കർക്കടകം, തുലാം എന്ന നാലു മാസങ്ങളിൽ ഏഴാം തീയ്യതിയാകുന്നു. ശേഷം മാസങ്ങളിൽ അഞ്ചാം തീയ്യതിയാകുന്നു.

Idus എന്നു പറയുന്നത മെൽ എഴുതിയ നാലു മാസങ്ങളിൽ പതിനഞ്ചാം തീയ്യതിയാകുന്നു. ശേഷം മാസങ്ങളിൽ പതിമൂന്നാംനു-യാകുന്നു. അതായത Idus എന്ന തീയ്യതി Nonæ കഴിഞ്ഞിട്ട എട്ടാം ദിവസമിയാകും.

മെലെഴുതിയ നാല മാസങ്ങൾ അതായത ഏഴാം തീയ്യതിക്കു Nonæ, പതിനഞ്ചാം തീയ്യതിക്കു Idus ഉള്ളതു എഴുത്തിൽ ഒക്കുന്നതിന്നു ഒരു മൊഴി പ്രയോഗിക്കാം അതായത. Marmajo. Mar. martius മീനം. Ma, majus ഇടവം. J. julius കർക്കടകം. O. october തുലാമാസം.

മെലെഴുതിയതെല്ലാം ശിഷ്യർ ഗ്രഹിച്ചിട്ട ഒരൊരു തീയ്യതി ലത്തീൻപ്രകാരം പറവാനുള്ളതിന്നു താഴെ എഴുതിയിരിക്കുന്നതു സൂക്ഷിക്കണം.

മാസങ്ങളുടെ ഒന്നാം തീയ്യതി ലത്തീൻ പ്രകാരം Calendis എന്നുകുന്നു. ഉദ : Calendis januarii മകരമാസം ഒന്നാം തീയ്യതി, മാസത്തിന്റെ പേര adjectivum ആക്കി Calendis vel Nonis എന്നതിനൊടു ചേർക്കാം. ഉദ : Calendis januariis, vel calendis vel nonis martiis. &c.

മെലെഴുതിയ marmajo എന്ന നാലു മാസങ്ങളുടെ ഏഴാം തീയ്യതി Nonis എന്നാകുന്നു. ശേഷം മാസങ്ങളിൽ അഞ്ചാം തീയ്യതി Nonis. ഉദ : മീനം vel ഇടവം vel കർക്കടകം vel തുലാമാസം ഏഴാം തീയ്യതി Nonis martii, vel majii vel julii, vel octobris.
ധനു, മകരം, കുംഭം, മെടം, മിഥുനം, ചിങ്ങം, കന്നി, വൃശ്ചികം ആഞ്ചാം തീയ്യതി Nonis Decembris, januarii Februarii &c.

മെലെഴുതിയ നാലുമാസങ്ങളിൽ അതായത മീനം, ഇടവം, കർക്കടകം, തുലാം എന്ന മാസങ്ങളുടെ പതിനഞ്ചാം തീയ്യതി Idibus എന്നാകുന്നു. ഉദ : മീന മാസം പതിനഞ്ചാം തീയ്യതി Idibus martii.

എന്നാൽ ശേഷം മാസങ്ങളിൽ Idus പതിമൂന്നാം തീയ്യതിയാകകൊണ്ടു ധനുമാസം പതിമൂന്നാം തീയ്യതി എന്നു പറയണമെങ്കിൽ Idibus decembris എന്നു പറയണം ആയതിൻ വണ്ണം ശേഷം മാസങ്ങളിൽ. എന്നാൽ Calendæ vel Nonæ vel idus കഴിഞ്ഞാൽ എങ്ങനെയെന്ന അറിവാനുള്ളതാകുന്നു. അതെന്തെന്നാൽ അതുകളുടെ പിറ്റെ ദിവസം തന്നെ ആകുന്നുവെങ്കിൽ Postridie calendas vel calendarum postridie nonas vel nonarum postridie idus vel iduun എന്ന ചൊല്ലുകയും ആം അടുത്തൊരു മകരമാസം രണ്ടാം തീയ്യതി എന്നു പറഞ്ഞാൽ postridie calendas vel calendarum januarii എന്നു പറയാം ആയതിൻവണ്ണം ശേഷം മാസങ്ങളിൽ അതിൻവണ്ണം മെലെഴുതിയ തീയ്യതികളുടെ തലെദിവസമാകുമ്പോൾ Pridie calendas vel pridie nonas vel pride idus എന്നു പൊരുൾ തിരിക്കണം. ഉദ : ധനുമാസം രണ്ടാം തീയ്യതി Pridie calendas januarii എന്നു പൊരുൾ തിരിക്കണം. മകരമാസം നാലാം തീയ്യതി Pridie nonas januarii എന്നതുപോലെ മകരമാസം രണ്ടാം തീയ്യതി Pridie idus januarii എന്നും പൊരുൾതിരിക്കണം. മീനമാ

സ, ആറാ തീയ്യതി Pridie nonas martii vel martias മീനമാസം പതിന്നാലാ തീയ്യതി Pridie idus martii.

എന്നാൽ ഏറ്റം സൂക്ഷിക്കേണ്ടുന്നത ഇതായിരിക്കുന്നു. അതായത ഒരോ മൂന്നക്ഷരങ്ങളിൽ ഒന്ന കഴിഞ്ഞാൽ ഉടനെ വരുന്നതിനെ നൊക്കികൊണ്ട അതിന്ന മുമ്പിൽ ഇത്രദിവസം എന്നകാട്ടുന്ന വാചകമായിട്ട പൊരുൾതിരിക്കുമാറാകുന്നു. അതായത calendæ കഴിഞ്ഞിട്ടുള്ള ദിവസം അതായത മാസത്തിന്റെ രണ്ടാ നു- ആകുമ്പൊൾ Nonæ നൊക്കി അതിന്നഎത്ര ദിവസം ഉണ്ടെന്നക്രുട്ടി പൊരുൾതിരിക്കണം. എന്നാൽ കണക്കിൽ വരുവാനിരിക്കുന്ന നു- യും പറയുന്ന നു- യും ക്രുടുകയുംവെണം. ഒരാവണ്ണമകരമാസം ൨൰ നു- എന്നപറഞ്ഞാൽ ൨൰ നു- യും nonæ എന്നതുകൂടെ നു- യും അതായത ൫൰ നു- യും ക്രുട്ടിയാൽനാലുദിവസംകണക്കിൽ കാണും അപ്പഴൊ quarto nonas januarii vel januarias ചൊല്ലിയാൽ മകരമാസം ൨൰നു- എന്നതുമാകും quarto nonas jenuarii എന്നുചൊല്ലുമ്പൊൾ quarto die ante nonas januarii എന്ന ചൊല്ലുന്നതുപ്പോലെയാകുന്നു മകരമാസം മൂന്നാംനു- tertio nonas januarii എന്നും നാലാ നു- Pridie nonas എന്നും ചൊല്ലികൊൾക. എന്നാൽ nonæ ഏഴാംനു- യുള്ള മെലെഴുതിയ നാലുമാസങ്ങളിൽ ആകണക്ക ഒപ്പിച്ച ചൊല്ലുന്നതാകുന്നുവെന്ന ഓൎത്തുകൊൾക അപ്പഴൊ മീനമാസം രണ്ടാംനു- sexto nonas martii മൂന്നാംനു- quinto nonas നാലാംനു- quarto nonas അഞ്ചാംനു- tertio nonas ആറാംനു- pridie nonas martii ഇതുപൊലെ ശെഷിപ്പും.

Nonæ എന്ന തീയ്യതി കഴിഞ്ഞാൽ Idus എന്ന തീയ്യതിയെ നൊക്കി മെലെഴുതിയതിൻ വണ്ണം കണക്ക ക്രുട്ടികൊൾക. ഉദ: കുംഭമാസം ന്യൂ- തീയ്യതി എന്ന പറഞ്ഞാൽ ആറാം തീയ്യതിയും പതിമൂന്നാം തീയ്യതിയും ക്രുട്ടി എട്ട ദിവസം കാണും അപ്പഴൊ Octavo Idus Februarii എന്ന ൨൰൦ തീയ്യതി Septimo Idus എന്നും, എട്ടാം തീയ്യതി Sexto Idus എന്നും മാറ്റി പൊരുൾതിരിക്കയും വെണം. മീന മാസം എട്ടാം തീയ്യതി എന്നുപറഞ്ഞാൽ പതിനഞ്ചാം തീയ്യതിയൊട്ടുകൂടെ എട്ട ദിവസം കാണും അപ്പഴൊ Octavo Idus martii ൯൰൦ തീയ്യതി Septimo Idus ൧൦൰൦ തീയ്യതി Sexto Idus &c.

കടശി Idus കഴിഞ്ഞിട്ടുള്ള ദിവസങ്ങൾ ആകുമ്പൊൾ വരുന്ന മാസത്തിന്റെ Calendæ എന്ന തീയ്യതിയെ നൊക്കി മെൽ ചൊല്ലിയ മുറ്റും കണക്ക ക്രുടിപൊരുൾ തിരിക്കേണ്ടതാകുന്നു. അപ്പഴൊ മകരമാസം പതിനാലാം തീയ്യതിയെന്ന പറഞ്ഞാൽ ഒന്നകിൽ മെലെഴുതിയിരിക്കുന്ന Postridie Idus januarrii എന്ന ചൊല്ലിക്കൊള്ളണം അല്ലെങ്കിൽ കുംഭമാസത്തിന്റെ ഒന്നാം തീയ്യതിയെ ക്രുടി അതുവരെ പത്തെമ്പതു ദിവസമാകുകൊണ്ട decimo nono calendas februarii എന്ന പൊരുൾ തിരിക്കയും മീനമാസം പതിനാറാം നു- ആയിരുന്നാൽ ഒന്നകിൽ postridie Idus martii, vel postridie Iduum അല്ലെങ്കിൽ മെട മാസത്തിന്റെ calendæ എന്ന ഒന്നാം തീയ്യതിവരെ മെൽപ്രകാരം കണക്ക ക്രുടിയാൽ പതിനെഴ ദിവസം കിട്ടുന്നതാകയാൽ decimo septimo calendas aprilis മീനമാസം പതിനെഴാം നു- decimo sexto calendas aprilis എന്നും ഇങ്ങനെ മെലൊട്ട പൊരുൾ തിരിച്ചുകൊൾക.

വിശെഷിച്ച കുംഭ മാസത്തെ കുറിച്ച പ്രത്യെക, സൂക്ഷിക്കേണ്ടുന്നതായത സാമാന്യം ഒരൊ മാസത്തിന്ന ൨൰ നു- ഉണ്ടായിരിക്കുന്നു. എന്നാൽ കുത്തുള്ള കാലത്തിൽ ഇരുപത്തൊമ്പതുണ്ട എന്നാൽ ൨൰ ആയിരുന്നാലും ൨൰ ആയിരുന്നാലും, ശരി കുംഭ മാസം ക്ര൰൦ നു- എന്നു പറഞ്ഞാൽ രണ്ട സംശയിയിക്കുല്ല sextodecimo calendas martii vel martias എന്നു ചൊല്ലികൊൾക. ഇങ്ങനെ മെലൊട്ട decimo quinto, decimo quarto &c. ൨൰ വരെ എന്നാൽ ഇരുപത്തനാലാം നു- Sexto calendas martii vel martias ചൊല്ലുകയും കുത്തുള്ള കാലത്തിലും അതായത ഒരൊ മാസത്തിന്ന ഇരുപത്തൊമ്പതു നു- ഉള്ള കാലത്തിൽ ൨൰൦ നു-യിലും വീണ്ടും sexto calendas martii, vel martias എന്നു ചൊല്ലികൊൾക. ഇതു മുഖാന്തരത്താൽ അതെ കുത്തുള്ള കാലം bissextilis അതായത bis രണ്ടുംവീണ്ടും sextilis എന്ന വിളിക്കപ്പെട്ടുന്നത.

മെലെഴുതിയതെല്ലാം ഒരു നൊട്ടംകൊണ്ട കാണുൻതക്ക പടി ഇവിടെചെൎക്കയുന്നു. ഏഴുമാസങ്ങൾ അതായത മകരം, മീനം, എടവം, കൎക്കടകം, ചിങ്ങം, തുലാം, ധനു, എന്ന മാസങ്ങൾക്ക മുപ്പത നു-യും നാലുമാസങ്ങൾ അതായത മെടം, മിഥുനം, കന്നി, വൃശ്ചികം, എന്ന മാസങ്ങൾക്ക മുപ്പത്തൊന്ന നു-യും കുംഭമാസത്തിന്ന മാത്രം കുത്തുള്ള കാലത്തിൽ ൨൰ ഉണ്ടെന്ന ഓൎത്തുകൊൾക.

ഒന്നാം പടം.

- ന്റെ തീയ്യതിയുള്ള മാസങ്ങളുടെ

പടം.

Nonæ ൭-ാം ന-	Idus ൧൫-ാം ന-	ഉള്ളത.
ക	Calendis	Martii, Maii, Julii, Octobris.
ഖ	Sexto nonas (1)	
ഗ	Quinto nonas	
ഘ	Quarto nonas	
ങ	Tertio nonas	
ച	Pridie nonas	
ഛ	Nonis	
ജ	Octavo Idus	
ഝ	Septimo Idus	
ഞ	Sexto Idus	
ട	Quinto Idus	
ഠ	Quarto Idus	
ഡ	Tértio Idus	
ഢ	Pridie Idus	
ണ	Idibus	
ത	Decimo Septimo cal:	വേറെ മാസത്തിന്റെ പേരിന്റെ Genitivo വരികയിട്ട് ഇട്ടുകൊൾക. ഉദാ: Decimo septimo calendas Aprilis &c.
ഥ	Decimo Sexto cal.	
ദ	Decimo quinto cal.	
ധ	Decimo quarto cal.	
ന	Decimo tertio cal.	
പ	Duodecimo cal.	
ഫ	Decimo primo cal.	
ബ	Decimo calendas	
ഭ	Nono calendas	
മ	Octavo calendas	
യ	Septimo calendas	
ര	Sexto calendas	
റ	Quinto calendas	
ല	Quarto calendas	
വ	Tertio calendas	
ശ	Pridie calendas	

Nonæ ൫-ാം ന-	Idus ൧൩-ാം ന-	ഉള്ളത.
ക	Calendis	Januarii, Augusti, Decembris.
ഖ	Quarto Nonas	
ഗ	Tertio Nonas	
ഘ	Pridie Nonas	
ങ	Nonis	
ച	Octavo Idus	
ഛ	Septimo Idus	
ജ	Sexto Idus	
ഝ	Quinto Idus	
ഞ	Quarto Idus	
ട	Tertio Idus	
ഠ	Pridie Idus	
ഡ	Idibus	
ഢ	Decimo nono cal.	മറ്റു മാസത്തിന്റെ പേരിന്റെ Genitivo വരികയിട്ട് ഇട്ടുകൊൾക. ഉദാ. Decimo nono Calendas Februarii &c.
ണ	Decimo octavo cal.	
ത	Decimo septimo cal.	
ഥ	Decimo sexto cal.	
ദ	Decimo quinto cal.	
ധ	Decimo quarto cal.	
ന	Decimo tertio cal.	
പ	Duodecimo calendas	
ഫ	Undecimo calendas	
ബ	Decimo calendas	
ഭ	Nono calendas	
മ	Octavo calendas	
യ	Septimo calendas	
ര	Sexto calendas	
റ	Quinto calendas	
ല	Quarto calendas	
വ	Tertio calendas	
ശ	Pridie calendas	

(1) അല്ലെങ്കിൽ Postridie calendas vel calendarum: വ്യാഴക്ക Postridie Nonas vel Nonarum: ഉന്നതീയ്യതിക്ക Postridie Idus vel Iduum: മറ്റെ മാസങ്ങളിൽ ൫-ാം തീയ്യതിക്ക Postridie Nonas &c. ഒപ്പിച്ചുകൊൾക.

രണ്ടാം പടം.

Nonæ ൫-ാം തീയ്യതിക്കും Idus ൧൩ തീയ്യതിക്കുമുള്ള

൩൦ തീയ്യതിയുള്ള മാസങ്ങളുടെ

പടം.

മേടം, മിഥുനം, കന്നി, വൃശ്ചികം ൩൦ നവംബർ.			കുംഭമാസം Februarius
ക	Calendis	Aprilis, Junii, Septembris, Novembris.	ക Calendis Februarii
ഖ	Quarto Nonas		ഖ Quarto Nonas Februarii
ഗ	Tertio Nonas		ഗ Tertio Nonas Februarii
ഘ	Pridie Nonas		ഘ Pridie Nonas Februarii
ങ	Nonis		ങ Nonis Februarii
ച	Octavo Idus		ച Octavo Idus Februarii
ഛ	Septimo Idus		ഛ Septimo Idus Februarii
ജ	Sexto Idus		ജ Sexto Idus Februarii
ഝ	Quinto Idus		ഝ Quinto Idus Februarii
ഞ	Quarto Idus		ഞ Quarto Idus Februarii
ട	Tertio Idus		ട Tertio Idus Februarii
ഠ	Pridie Idus		ഠ Pridie Idus Februarii
ഡ	Idibus		ഡ Idibus Februarii
ഢ	Decimo octavo cal.	പ്രിയമായ മാസത്തിന്റെ വേറെ genitivo ഇങ്ങിനിയ്ക്ക ഉച്ചരിക്കുക ഇല: decimo octavo calendas Maii, ഒടുവിലത്തെ ൧൫-ാം ആ.	ഢ Decimo sexto calendas Martii
ണ	Decimo septimo cal.		ണ Decimo quinto calendas Martii
ത	Decimo sexto cal.		ത Decimo quarto calendas Martii
ഥ	Decimo quinto cal.		ഥ Decimo tertio calendas Martii
ദ	Decimo quarto cal.		ദ Duodecimo calendas Martii
ധ	Decimo tertio cal.		ധ Undecimo calendas Martii
ന	Duodecimo cal.		ന Decimo calendas Martii
പ	Undecimo cal.		പ Nono calendas Martii
ഫ	Decimo calendas		ഫ Octavo calendas Martii
ബ	Nono calendas		ബ Septimo calendas Martii
ഭ	Octavo calendas		ഭ Sexto Calendas Martii
മ	Septimo calendas		
യ	Sexto calendas		
ര	Quinto calendas		
റ	Quarto calendas		
ല	Tertio calendas		
ള	Pridie calendas		

സാമാന്യകാലം.		കുത്തുള്ളകാലം.	
വ Quinto cal.	Martii	Bis sexto cal.	Martii.
ശ Quarto cal.		Quinto cal.	
ഷ Tertio cal.		Quarto cal.	
സ Pridie cal.		Tertio cal.	
ഹ (*)		Pridie cal.	

(*) ൨൭ തീയ്യതി തുടങ്ങി മെല്ലൊട്ട തെറ്റിപ്പൊകായ്യാൻ നടക്കുന്ന ആണ്ടെ സാമാന്യമുള്ളതൊ കുത്തുള്ള കാലമൊ എന്നറിയണം.

ചെന്തീൻ പുസ്തകങ്ങളിൽ നടപ്പായിരിക്കുന്ന വാചകങ്ങളുടെ കുറിപ്പു.

Ago-is.
Agere vitam ജീവിതം കഴിക്കുന്നത.
Agere animam മരണപ്രമാദത്തിൽ ഇരിക്കുന്നത.
Agere boves കാളകളെ തെളിച്ചു ഉഴുന്നിനടത്തുന്നത.
Agere vigilias vel excubias കാവൽ ആയിരിക്കുന്നത യാമം കാക്കുന്നത.
Age quod agis, vel hoc age quod agis, നീ ചെയ്യുന്നതിന്മേൽ സൂക്ഷം വെക്ക.
Agi furiis മടവെറിപിടിച്ചിരിക്കുന്നത.
Actum est, vel acta res est കായ്യം തീൎന്നു ഇനികഴിവില്ല പൊയ്പ്പോയി.
Actum est de eo, അവൻ നശിച്ചു.
Pars in crucem acti ഒരു ക്രൂ കുരിശിന്മേൽ തറക്കപ്പെട്ട.

ACCIPIO.

Ex tuis literis accepi, നിന്റെ എഴുത്തുകളിൽ നിന്ന vel നിന്റെ കുറിയിൽ നിന്ന ഞാൻ ഗ്രഹിച്ചു.

Accipite nunc, quæso, quod inde factum est, അതിന്റെ ശേഷം ഉണ്ടായ്വന്നതു ഗ്രഹിച്ചാലും.

ACCEDO.

Ad ceteras meas miseras accessit dolor, ശേഷം എന്റെ അരിഷ്ടതകളിലേക്കു കൂടെ വ്യസനകലച്ചും വന്നുകൂടി.

Huc accedit..quod, ഇതിനൊടു ഇതും ചെൎക്കപ്പെടുന്നു vel ഇതും ചെൎന്നുണ്ടായിരിക്കുന്നു.

EDO, IS, EDIDI, EDITUM

Edere librum, ഒരു പുസ്തകം അച്ചടിക്കുന്നത.
Edere clamorem, നിലവിളിക്കുന്നത.
Edere strepitum ഒച്ചകൊട്ടിക്കുന്നത.
Edere extremum spiritum ഒടുക്കത്തെശ്വാസം വിടുന്നത, ചാകുന്നത.

FINGO, IS.

Fingere morbum ചടപ്പാകുന്നുവെന്ന കള്ളമായിട്ട കാട്ടുന്നത.
Fingere vas, പാത്രം മനയുന്നു.
Fingere mores നടപടികളെ vel വ്യാപാരത്തെ നന്നാക്കുന്നത.

CASTIGO, AS.

Castigare mores വ്യാപാരത്തെ ചൊവ്വാക്കുന്നത.
Castigare dolorem, നൊമ്പരത്തെ കുറെക്കുന്നത.

INCEDO, IS.

Cupido eos incessit, അവൎക്കു മനസ്സുതോന്നി.

CONCEDO, IS

Concessit in antrum ഒരു ഗുഹയിൽ പൊയിരിപ്പാറ്റു
Concessit domum വീട്ടിൽ പൊയി.

CONDUCO, IS

Conducere operarios, കൂലിവേലക്കാരെ കൂലിപറഞ്ഞു വേലയ്ക്കു നിൎത്തുന്നത.
Conducere domum ഒരു വീട്ടുകൂലിക്കുവാങ്ങുന്നത.

CONFERT CONDUCIT

Confert conducit sanitati vel ad sanitatem, സൌഖ്യത്തിന്നു ഉപകരിക്കുന്നു.

CONVENIO IS.

Convenire cum aliquo de pretio, വിലയെ കൊണ്ടു ഒരുത്തനൊടു പറഞ്ഞുറക്കുന്നത.

Eum convenire cogitabam, അവനെ കാണ്മാൻ പൊകുവാൻഞ്ഞാൻ വിചാരിക്കയായിരുന്നു.

CLASSEM DUCERE.

Contende ut classem duccas, ഇന്നു രാളയിൽ ഒന്നാമത്തവനാകുവാൻ നീ പ്രയത്നിച്ചുകൊൾക.

DIEM DICERE.

Diem dicere alicui ഒരുത്തനെ കൊയിമ്മയിൽ വിളിപ്പിക്കുന്നത.

CAUSAM DICERE

Causam alicujus dicere വക്കിലായിട്ട ഒരുത്തന്റെ പക്ഷന്യായം പറയുന്നത.

CAUSA CADERE

Causa ceciderunt (വഴക്കിൽ) അവക്ക തോലിവന്നു.

ORDIRI, ABSOLVERE.

Orationem ordiri, et absolvere പ്രസംഗം തുടങ്ങുകയും അവസാനിപ്പിക്കയും ചെയ്യുന്നത.

DICTO AUDIENTEM ESSE.

Dicto audiens sis, നീ ചൊല്ലുവിളിയുള്ളവനാകുക.

AD NUTUM STARE.

Ad nutum alicujus Stare, ഒരുത്തന്റെ മനസ്സിന്നു കീഴ്പെങ്ങിയിരിക്കുന്നത.

AD UNGUEM.

Ad unguem aliquem imitari കാഴ്ചയിൽ അവനവണ്ണം യാതൊരുത്തനെകണ്ടുപഠിക്കുന്നത

AD REM.

Ad rem non facit കാര്യത്തിന്നു കൊള്ളുകയില്ല ഒക്കുന്നില്ല.

ESSE A SECRETIS &c.

Erat ei a Secretis അവന്റെ സെക്രെത്താരിയായിരുന്നു.
Erat ei a confessionibus അവന്റെ കുമ്പസാരക്കാരനായിരുന്നു.
Erat ei a Consiliis അവന്റെ ആലൊചനക്കാരനായിരുന്നു.
Erat ei a libellis അച്ചന വരുന്ന അപേക്ഷ vel അവലാധി എഴുത്തുകളെ വാങ്ങി അച്ചന്റെ പക്കൽ ഏല്പിക്കുന്ന ഉദ്യോഗസ്ഥനായിരുന്നു.

PRO CASTRIS.

Pro castris locare പാളയത്തിന്നു എതിരെ നിറുത്തുന്നു vel നിരത്തുന്നത.

PRO ROSTRIS &c.

Pro rostris dicere പ്രസംഗസ്ഥലത്തിൽനിന്നു പറയുന്നത.
In rostra ascendere പ്രസംഗസ്ഥലത്തിൽ കയറുന്നത.
De rostris descendere പ്രസംഗസ്ഥലത്തിൽനിന്നു ഇറങ്ങുന്നത.

PRO CONCIONE &c.

Pro concione laudare കൂട്ടത്തിൽ vel സഭക്കൂട്ടത്തിൽ സ്തുതിക്കുന്നത.
Concionem, vel in concionem vocare ലൊകരെ വിളിച്ചു കൂട്ടുന്നത.
Legi concionem tuam നിന്റെ പ്രസംഗം ഞാൻ വായിച്ചു.

ALBO, IN ALBUM.

Albo sanctorum inscribere, vel in album sanctorum adnumerare vel referre ശ്രേഷ്ഠമാക്കപ്പെട്ടവരുടെ എണ്ണത്തിൽ കൂട്ടുന്നത. &c.

NOMEN DARE.

Militiæ nomen dare, vel in album militum conscribi പട്ടാളത്തിൽ കൂടുന്നത.

CREDO DIS.

Alicui se credere യാതൊരുത്തന്റെ കൈകളിൽ തന്നെ കൈയ്യാളിക്കുന്നത.
Consilia sua alicui credere തന്റെ രഹസ്യകാര്യങ്ങളെ വല്ലൊരുത്തനൊടു വിശ്വാസമായിട്ട പറയുന്നത.
Pecuniam credere പണം വായ്പകൊടുക്കുന്നത.
Ceræ aliquid credere, vel literis consignare, യാതൊന്നു എഴുതുന്നത.

AES ALIENUM VEL NOMINA FACERE.

Aes alienum facere vel contrahere, vel nomina facere കടം വാങ്ങികൊണ്ടുവരിൽ ഉൾപ്പെടുന്നത എന്നാരു nomina facere കടം കൊടുക്കുന്നതിനും പ്രയോഗിക്കാം.
Aere alieno gravari പണക്കടങ്ങാൽ ഉണ്ടായിരിക്കുന്നത.
Aere alieno se liberare, vel nomen solvere കടങ്ങളെ വീട്ടുന്നത.

GRATIS FACERE, VEL ASSERERE

Gratis aliquid facere കൂലികൂടാതെ യാതൊന്നാ ചെയ്യുന്നത.
Gratis id asseris യാതൊരു ന്യായവും അടിസ്ഥാനവും കൂടാതെ ഇതു നീ പറയുന്നു

MISSUM, VEL MISSA FACERE.

Missum aliquid facere യാതൊരു കാര്യം ചെയ്യാതെ vel ചൊല്ലാതെ, പറയാതെ ഇരിക്കുന്നത.
Plura missa facio പലകുട്ടങ്ങളുടെ മേൽ ഞാൻ മിണ്ടുന്നില്ല.

VOTI COMPOTEM FACERE.

Voti compotem aliquem facere യാതൊരുത്തന്റെ അപേക്ഷ കൊടുക്കുന്നത അപേക്ഷിക്കുന്നതിനെ അനുവദിച്ചുകൊടുക്കുന്നത.
Voti compos factus est അവന്റെ അപേക്ഷ കൊടുക്കപ്പെട്ടു അവന്റെ ആഗ്രഹം സാധിച്ചു.
Illius votis annuit vel adfuit Deus സർവ്വേശ്വരൻ അവന്റെ അപേക്ഷകളെകേട്ടു.

AEQUE BONIQUE FACERE.

Aequi bonique faciam, നന്നായിരിക്കുന്നുവെന്ന vel നന്മയായിട്ട വിചാരിച്ചുകൊള്ളാം.

DESIDERO, AS.

Id magnam desiderat attentionem ഇതിന്ന വലിയസൂക്ഷം വെണ്ടിയിരിക്കുന്നു.
Diligentia in eo desideratur, അവന്ന സൂക്ഷം vel ജാഗ്രതയില്ല.
Nihil in eo desideratur, അവന്ന യാതൊരു പൊരായ്മയില്ല vel നല്ലഗുണങ്ങളൊക്കയും അവന്നുണ്ട

MANUM CONFERRE &c.

Manum conferre vel manus vel dexteras conserere തമ്മിൽ തമ്മിൽ തല്ലുപിടിക്കുന്നു ശണ്ഠയിടുന്നു.

IMPEDIMENTA CONFERRE.

In unum locum impedimenta collata sunt സാമാനം ഒരെടത്തിൽ തന്നെ വെക്കപ്പെട്ടു.
Stipem conferre vel dare ധർമ്മം കൊടുക്കുന്നത.

PRIMAS CONFERRE &c.

Primas conferre vel dare ഒന്നാം സ്ഥാനം കൊടുക്കുന്നത.
(Primas partes എന്നർത്ഥമാകുന്നു.)
Primas tenere തലവനായിട്ടിരിക്കുന്നത ഒന്നാം സ്ഥാനത്തിലിരിക്കുന്നത.

AEQUO ANIMO, INIQUO ANIMO VEL AEGRE FERRE.

Aequo animo, ferre ക്ഷമയോടുകൂടെ സഹിക്കുന്നു.
Iniquo animo vel aegre ferre, സങ്കടത്തോടുകൂടെ ക്ഷമകൂടാതെ സഹിക്കുന്നത.

AEQUO MARTE.

Aequo Marte pugnatumest ശരിയായിട്ടുള്ള പട്ടാളി കൂട്ടത്തോടുകൂടെ vel ശരിയായ ഭാഗ്യാഭാഗ്യത്തോടുകൂടെ യുദ്ധം ചെയ്യപ്പെട്ടു.

MOREM GERERE &c.

Morem alicui gerere, ഒരുത്തനു കീഴ്വഴങ്ങുന്നത.
De more, vel ex more, ചട്ടപ്രകാരം പതിവിൻപ്രകാരം.

AUCTOREM ESSE ALICUI.

Auctor tibi fui ut hæc faceres vel hæc faciendi ഇവകളെ നീ ചെയ്യുന്നതിനു vel ചെയ്യാൻ കാരണം ഞാനായി.

NUNTIUM REMITTERE.

Literis nuntium remisit പഠിനത്തെ vel അക്ഷരാഭ്യാസത്തെ അവൻ ഉപെക്ഷിച്ചു

E CARCERIBUS DIMITTERE.

Equos e carceribus dimittere പ്രാപ്പെട്ട പൊകുവാൻ കുതിരകൾക്ക അടയാളം കൊടുന്നത.

NERVOS INTENDERE. &c.

Nervos intendere in re aliqua ഒരു കാര്യത്തിന്നജാഗ്രതയൊടുകൂടെഉത്സാഹിക്കുന്നത.
Nervis omnibus contendere vel, nihil intentatum relinquere, omnem movere lapidem കാര്യം സാധിപ്പാൻ കഴിയുന്ന പ്രയാസം ചെയ്യുന്നത.

OPERÆ PRETIUM ESSE VEL PUTARE.

Opere pretium est ചിതമാകുന്ന ഉപകാരമുള്ള കാര്യമാകുന്നു.
Opere pretium puto കാര്യത്തിന്ന കൊള്ളാമെന്ന vel തക്കതാകുന്നുവെന്ന ഞാൻ വിചാരിക്കുന്നു.

ANTIQUIUS &c.

Nihil mihi est antiquius, ഇതിൽ ഇനിക്ക ഏറം താല്പൎയമുള്ളത ഒന്നുമില്ല.
Id est mihi antiquissimum, ഇത ഇനിക്ക എറ്റയും താല്പൎയമുള്ള കാര്യമാകുന്നു

PRODITUM ESSE.

Memoriæ vel literis proditum est, എഴുതപ്പെട്ടിരിക്കുന്നു.

INFICIAS IRE.

Nolo inficias ire ഇല്ലെന്ന പറവാൻ ഇനിക്കമനസ്സില്ല.

PERDITUM IRE

Cur perditum itis നശിച്ചു പൊകുന്നത എന്തെ? എന്തെ നിങ്ങളുടെ നാശത്തിന്ന പൊകുന്നു.

DEVINCTUM ESSE.

Valde sum tibi devinctus നിന്നൊടു ഇനിക്ക വളരെ കടപ്പാട ഉണ്ട.

GRATUM HABERE.

Gratum, et acceptum aliquid habere, ഒരു കാര്യം ഇഷ്ടമുള്ളതാകുന്നത, കൊള്ളാമെന്ന സമ്മതിക്കുന്നത.

RATUM HABERE. &c.

Ratum aliquid habere വല്ലതിനെ വാസ്തപ്പെടുത്തുന്നത അനുസരിച്ചു കൈക്കൊള്ളുന്നത.

CAUTUM ESSE.

Lege cautum erat ന്യായ പ്രമാണത്താൽ കല്പിക്കപ്പെട്ടിരുന്നു.

COLORO, AS.

Orationem colorare, പ്രസംഗത്തെ അലങ്കരിച്ചുകുന്നത.

MATURO AS &c.

Rem maturare തക്കപ്പെട്ട vel ഉതിയായിട്ട ഒരു കാര്യം ചെയ്യുന്നത.
Maturo tempore venisti തക്ക നെരത്തിൽ നീവന്നു.

OCCUPO, AS, OCCURRO,

Quod obiici potest occupare വിരൊധമായിട്ട പറവാൻ പാടുള്ളതിനെ മുമ്പിൽക്കൂട്ടി കണ്ട ഒഴിവുണ്ടാക്കുന്നത occurrere objectionibus, വിരൊധന്യായങ്ങൾക്ക മുമ്പിൽക്കൂട്ടി പ്രതിന്യായത്താൽ തടവുചെയ്യുന്നത, vel ഉത്തരംപറയുന്നത.

SUFFICIO, IS.

Aliquem alicui, vel in alicujus locum sufficere യാതൊരുത്തനെ യാതൊരുത്തന്റെ ഇടത്തിൽ vel ഉദ്യൊഗത്തിൽ ആക്കുന്നത.
Annonam militibus sufficietis, പടയാളികൾക്ക യാവനകളെ നിങ്ങൾ വിചാരിച്ചു കൊടുക്കും.
Tot laboribus non sufficio ഇത്ര വെലകൾക്ക ഞാൻ മതിയാകുന്നില്ല.

SPECTO, AS.

Lucrum spectare ലാഭത്തെലാക്കായിട്ടു നൊക്കുന്നത.
Quorsum spectant hæctua verba? നിന്റെ ഈ വചനങ്ങൾ എങ്ങോട്ടു കൊള്ളുവാൻ പൊകുന്നു ഇവകളുടെ കാമനം ഏതു?

SUPERO, AS.

Virtute alios superare, ശെഷ്ടമുള്ളവരെ കാൾ പുണ്യമുള്ളവനാകുന്നത.
Sumptus fructum Superant, ചിലവ വരവിനെ കാൾ അധികമാകുന്നു.
Si quid tibi superat memento mei, നിനക്കു യാതൊരു മിച്ചം ഉണ്ടെങ്കിൽ എന്നെ ഔൎക്കണമെ [ഇവിടെ Supero neutrum, ആ.]

VACO, AS.

Vacare Philosophiæ, പിളൊസൊഫീയ എന്ന ശാസ്ത്രത്തിന്റെ പഠനത്തിന്ന വെലാചെയ്യുന്നത.
Tamdiu vacas? ഇത്ര ദീൎഘനെരത്തെക്കു നീ മിനക്കെടുന്നൊ?
Omni culpa, vel ab omni culpa vacat, അവന്ന യാതൊരു കാരമില്ല vel ഇത കാരമില്ലാത്തതാകുന്നു.
Libenter scribam si vacabit അവസരം ഇനിക്കുണ്ടാകുമെങ്കിൽ നല്ലമനസ്സായിട്ടു ഞാനെഴുതും.
Domus vacat, വീട ഒഴിഞ്ഞിരിക്കുന്നു, ആരും പാൎക്കുന്നില്ല.

VALEO, ES, VALETUDO &c.

Cura ut valeas, vel cura valetudinem tuam സൌഖ്യമായിരിപ്പാൻ താല്പൎയ്യമായിരിക്ക vel നിന്റെ സൌഖ്യത്തിന്മെൽ താല്പൎയ്യപ്പെട്ടു കൊൾക Josephi valetudo vehementer me excruciat യൊസെഫിന്റെ ദീനം എന്നെ വളരെ ഉഴിച്ചിലാക്കുന്നു.
Dolorem sustinere non valeo നൊമ്പരത്തെ സഹിപ്പാൻ ഞാൻ ശക്തനാകുന്നില്ല
Valere gratia apud aliquem യാതൊരുവന്റെ പക്ഷവും കടാക്ഷവും നെടിയിരിക്കുന്നത Quanti valet hic liber? ഈ പുസ്തകത്തിന്ന എന്തൊരു വിലയാകുന്നു?

VENENO FUCARE.

